# പി.എസ്.സി. എംപ്ലോയി

സെപ്റ്റംബർ 2018



## നമ്മൾ അതിജീവിക്കും




**പി.എസ്.സി. എംപ്ലോയീസ് യൂണിയൻ 45-ാം സംസ്ഥാന സമ്മേളനം വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി.രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു**




**ട്രേഡ് യൂണിയൻ സമ്മേളനം- എൻ രതീന്ദ്രൻ**

Since 1975

# പി.എസ്.സി. എംപ്ലോയി

കേരള പി.എസ്.സി. എംപ്ലോയീസ് യൂണിയൻ പ്രസിദ്ധീകരണം

പട്ടം.പി.ഒ. തിരുവനന്തപുരം-695004
ഫോൺ 0471 2446691
Email: keralapsceu@gmail.com
website: www. keralapscemployeesunion.org

പുസ്തകം 43 ലക്കം 4

സെപ്റ്റംബർ 2018




നവകേരളം സൃഷ്ടിക്കണം
പ്രൊഫ. സി.രവീന്ദ്രനാഥ് 6

കേന്ദ്ര നയങ്ങൾ തൊഴിലാളി വിരുദ്ധം
ടി.പി.രാമകൃഷ്ണൻ 15

മസ്ദൂർ– കിസാൻ സംഘർഷ് റാലി 20

ലെനിന്റെ നാട്ടിലെ ലോകകപ്പ്
ബി.പ്രദീപ് 22

പാലസ്തീൻ രൂക്ഷമാകുന്നു
കെ.സെബാസ്റ്റ്യൻ 25

കഥ – വീണ്ടും
സൂനകുമാർ.എസ്.എൽ. 27

ഉള്ളേ വെളിയേ.....
വിദൂഷകൻ 30

സംയോജിത കൃഷിയും കാർഷിക വളർച്ചയും
പുനലൂർ വിജയൻ 33

കവിത – നീ....
കെ.കൊമ്മാട്ട് 34

കവിത – അഭിമന്യു
രവികിരൺ 35

കഥ – മഴവിൽ സ്വപ്നം
ശ്രീജ.പി. 36

കവിത – നോ
കെ.വി.സുനുകുമാർ 38


**പത്രാധിപസമിതി**

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | എം.ഷാജഹാൻ |
| എഡിറ്റർ | : | കെ.വി.സുനുകുമാർ |
| മാനേജർ | : | ടി.കെ.വിജയൻ |
| അംഗങ്ങൾ | : | വി.ബി.മനുകുമാർ, എച്ച്.സബിതാജാസ്മിൻ, വി.കെ.രാജു, എ.എസ്.ഷിബു, പി.എസ്.അനിൽകുമാർ, കെ.പി.അനിൽകുമാർ |
| മുഖചിത്രം | : | ഷാഫി സ്ട്രോക്ക് |
| ലേഔട്ട്&ഇലസ്ട്രേഷൻ | : | സജീവ്.എൻ.ടി |

മുഖക്കുറിപ്പ്



# ഒരുമാസത്തെ ശമ്പളം നൽകാം നവകേരള സൃഷ്ടിയിൽ പങ്കാളികളാകാം

കേരള സംസ്ഥാന രൂപീകരണത്തിന് ശേഷം ഉണ്ടായ ഏറ്റവും വലിയ പ്രളയക്കെടുതിയെ ഒരു മനസ്സോടെയാണ് കേരളം നേരിട്ടത്. രക്ഷാപ്രവർത്തനം പ്രശംസനീയമായിത്തന്നെ പൂർത്തിയാക്കുകയും പുനരധിവാസ പ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് പൂർത്തീകരിച്ചുകൊണ്ടു നവകേരള സൃഷ്ടി യാഥാർത്ഥ്യമാക്കിത്തീർക്കണം.

ഇന്ത്യക്കും ലോക രാജ്യത്തിനും തന്നെ മാതൃകയായ കൊച്ചു കേരളത്തിനു സംഭവിച്ച ദുര്യോഗത്തെ അതിദാരുണമായിത്തന്നെയാണ് ഇതര സംസ്ഥാനങ്ങളും ലോക രാജ്യങ്ങൾപോലും വീക്ഷിക്കുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന നല്ലരീതിയിൽ വന്നുകൊണ്ടിരിക്കുന്നതുതന്നെയാണ് അതിനു ഏറ്റവും വലിയ ഉദാഹരണം. കണക്കാക്കാൻ കഴിയാത്ത രീതിയിൽ സംഭവിച്ചിട്ടുള്ള നഷ്ടം നികത്തുന്നതിന് ആവശ്യമായ കോടികളുടെ എണ്ണവും കണക്കാക്കാൻ കഴിയാത്തതു തന്നെയാണ്. എല്ലാ ദുരിതങ്ങളെയും അതിജീവിക്കുമെന്നും നഷ്ടങ്ങളെല്ലാം വീണ്ടെടുക്കുമെന്നുമുള്ള ഓരോ കേരളീയന്റെയും നിശ്ചയദാർഢ്യത്തിനു കരുത്തുപകരുന്ന കാര്യമാണ് മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ലഭിക്കുകയും വിദേശ രാജ്യങ്ങളിൽ നിന്ന് വാഗ്ദാനം ചെയ്യപ്പെടുകയും ചെയ്യുന്ന സഹായ ധനം. എന്നാൽ വിദേശ സഹായം ലഭ്യമാക്കുന്നതിനു ചൂണ്ടിക്കാണിക്കുന്ന തടസ്സങ്ങളും ഐക്യരാഷ്ട്രസഭയടക്കമുള്ളവയിൽ നിന്ന് സഹായം അഭ്യർത്ഥിക്കുകയില്ലെന്ന നിലപാടും കേന്ദ്രത്തിൽ നിന്ന് ഉണ്ടായിട്ടും ഓരോ കേരളീയനും കൂടുതൽ കരുത്തുള്ളവരായി മാറിയിരിക്കുന്നു.

ദുരിതാശ്വാസനിധിയിലേക്ക് നല്ല രീതിയിലുള്ള ഒഴുക്കുവന്നുകൊണ്ടിരിക്കുമ്പോൾ തന്നെ വന്നുഭവിച്ചിട്ടുള്ള നഷ്ടം നികത്താൻ ഇതൊന്നും പര്യാപ്തമല്ലെന്ന തിരിച്ചറിവ് നിലനിൽക്കുമ്പോഴാണ് ലോകത്താകെയുള്ള മലയാളികൾ ഒരു മാസത്തെ ശമ്പളം നൽകിയാൽ പരിഹരിക്കാവുന്ന പ്രശ്നങ്ങളെ ഉള്ളൂവെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവനയും അതിനു ലഭിച്ചിട്ടുള്ള വൻ പിന്തുണയും കാണാൻ കഴിയുന്നത്. കേരള ഗവർണർമുതൽ നല്ലൊരു വിഭാഗം ഈ പ്രസ്താവനയോട് അനുകൂല നില

പാട് സ്വീകരിച്ചു കഴിഞ്ഞു. ഒരു മാസത്തെ ശമ്പളം നൽകുകയെന്നത് ചെറിയ കാര്യമല്ല. വലിയ ത്യാഗം തന്നെയാണ്. ഒരു മാസത്തെ ശമ്പളം നൽകിയാൽ എങ്ങനെ ജീവിക്കുമെന്ന ചിന്ത സഹജീവികളുടെ കണ്ണീരൊപ്പാൻ സാധ്യമായതെല്ലാം ചെയ്യാൻ ആഗ്രഹിച്ച ജനങ്ങൾക്കുമുന്നിൽ അപ്രസക്തമാകുകയാണ്.

ദുരിതാശ്വാസനിധിയിലേക്ക് ജീവനക്കാർ സംഭാവന ചെയ്യണമെന്ന സർക്കാർ അഭ്യർത്ഥന വരുന്നതിനു മുമ്പ് തന്നെ ജീവനക്കാരിൽ നിന്ന് ഒരു ദിവസത്തിൽ കുറയാത്ത തുക സമാഹരിച്ചു ദുരിതാശ്വാസ നിധിയിലേക്ക് നൽകുവാൻ യൂണിയൻ തീരുമാനിക്കുന്ന ഘട്ടത്തിലാണ് കമ്മീഷനുമായി സഹകരിച്ച് ഒരുമിച്ചുള്ള ധനസമാഹരണത്തിനുള്ള ചർച്ചകൾ നടക്കുകയും 25 ലക്ഷം രൂപ സമാഹരിക്കാൻ തീരുമാനിക്കുകയും ചെയ്തത്. തുടർന്ന് രണ്ടുദിവസത്തെ ശമ്പളം നൽകണമെന്ന സർക്കാർ അഭ്യർത്ഥനയെ തുടർന്ന് പ്രസ്തുത തുക 50 ലക്ഷമായി ഉയർത്താൻ തീരുമാനിക്കുകയും നിലവിൽ ധനസമാഹരണം 50 ലക്ഷം കവിയുകയും ചെയ്തിട്ടുണ്ട്.

ഒരു മാസത്തെ ശമ്പളമെന്ന അഭിപ്രായം വരുന്നതിനുമുമ്പു തന്നെ നിരവധി പേർ തുക നൽകുകയോ സന്നദ്ധത അറിയിക്കുകയോ ചെയ്തു കഴിഞ്ഞു. കൂടുതൽ കൂടുതൽ ജനവിഭാഗങ്ങൾ ഈ സാലറി ചലഞ്ച് ഏറ്റെടുക്കുന്ന കാഴ്ചയാണ് ഓരോ ദിവസവും കണ്ടുവരുന്നത്.

വിവിധ ജനവിഭാഗങ്ങൾ നവകേരള സൃഷ്ടിക്കായുള്ള വെല്ലുവിളി ഏറ്റെടുക്കുമ്പോൾ അവരെയൊക്കെ നിരുത്സാഹപ്പെടുത്തുന്ന രീതിയിലുള്ള പ്രസ്താവനകളും പ്രവർത്തനങ്ങളുമായി ചിലർ രംഗത്തുണ്ട്. ഇതു തികച്ചും ദൗർഭാഗ്യകരമാണ്. ഇപ്പോൾ നടക്കുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളെ തകിടം മറിക്കുകയാണ് ഇക്കൂട്ടരുടെ ലക്ഷ്യം. ഈ കുതന്ത്രം കേരള ജനത തിരിച്ചറിയുകതന്നെ ചെയ്യും. താൻ ആരെയും സഹായിക്കുകയുമില്ല, സഹായിക്കുന്നവരെ എല്ലാരീതിയിലും നിരുത്സാഹപ്പെടുത്തുകയും ചെയ്യും എന്ന രീതിയിൽ പ്രവർത്തിക്കുന്നവരെ തിരച്ചറിഞ്ഞ് അവരുടെ മനസ്സുകൾ കൂടെ ശുദ്ധീകരിക്കുവാനുള്ള പ്രയത്നവും ഇതോടൊപ്പം ഉണ്ടാകണം. ജാതിമത രാഷ്ട്രീയ വ്യത്യാസമില്ലാതെ ദുരിതമനുഭവിക്കുന്നവരെ രക്ഷപ്പെടുത്തുക എന്ന ഏക മനസ്സോടെയുള്ള പ്രവർത്തനത്തിൽ നിന്നും പ്രത്യേകിച്ചു തുച്ഛ വരുമാനക്കാരായ കേരളത്തിന്റെ നാവികസേനയെന്ന വിശേഷിപ്പിക്കപ്പെട്ട മത്സ്യത്തൊഴിലാളികളുടെ നിസ്വാർത്ഥപ്രവർത്തനത്തിൽ ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് നവകേരള സൃഷ്ടിക്കുവേണ്ടിയുള്ള വെല്ലുവിളി ഏറ്റെടുത്തുകൊണ്ട് ഒരു മാസത്തെ ശമ്പളം ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യുകയും അതിനുവേണ്ടിയുള്ള പ്രചാരണ പ്രവർത്തനങ്ങളിൽ പങ്കാളികളാവുകയും ചെയ്യാം.

**ജനറൽ സെക്രട്ടറി**




**പി.എസ്.സി. എംപ്ലോയീസ് യൂണിയൻ 45-ാം സംസ്ഥാന സമ്മേളനം വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി.രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു**

# നവകേരളം സൃഷ്ടിക്കണം

**പ്രൊഫ. സി.രവീന്ദ്രനാഥ്**
വിദ്യാഭ്യാസ വകുപ്പ് മന്ത്രി

സഖാക്കളെ, കേരള പി.എസ്.സി എംപ്ലോയീസ് യൂണിയന്റെ നാൽപത്തിയഞ്ചാം സംസ്ഥാന സമ്മേളനത്തിൽ പങ്കെടുക്കുന്ന മുഴുവൻ സഖാക്കൾക്കും അഭിവാദനങ്ങൾ. ഈ സമ്മേളനം നടക്കുന്ന കാലഘട്ടത്തിൽ പി.എസ്.സിയുടെ പ്രസക്തി വളരെ വളരെ വലുതാണ് എന്ന് പ്രത്യേകം എടുത്തുപറയേണ്ട കാര്യമില്ല. കേരളത്തിൽ എല്ലാപേർക്കും അതറിയാം. ആ തലത്തിലേക്ക് ഉയരുക എന്നതാണ് നമ്മുടെ ലക്ഷ്യമാകേണ്ടത്. അത് കേവലമായ ഒരു ഔദ്യോഗിക ലക്ഷ്യം മാത്രമല്ല, അതൊരു രാഷ്ട്രീയ ലക്ഷ്യം കൂടിയാണ്. പി.എസ്.സി ഈ സമൂഹത്തിൽ ഉയർന്നു വരുന്ന ഒരു വലിയ മാതൃകയെ നിലനിർത്താൻ ശ്രമിക്കേണ്ടതാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം. അനന്യമായ ഒരു മാതൃക, യുണീക് ആയ ഒരു മാതൃക, കേരളത്തിൽ വളർന്നു വരുകയാണ്. ഏതർത്ഥത്തിൽ നോക്കിയാലും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിൽ ആ മാതൃക നടക്കുകയാണ്. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ അനന്യമായ മാതൃക വളർന്നുവരുമ്പോൾ അതിനെ പൂർണമായിട്ടും പിന്തുണയ്ക്കാൻ കഴിയുന്ന അതിനെ ശക്തമാക്കാൻ കഴിയുന്ന ഒരു സ്ഥാപനമാണ് പി.എസ്.സി. അത് മനസിലാക്കാത്ത രീതിയിൽ ചില കാര്യങ്ങൾ പറയുക എന്നതാണ് എന്റെ ലക്ഷ്യം. ഇന്ന് ലോകത്ത് ഏതു രാജ്യങ്ങളുടെ അവസ്ഥ എടുത്തു നോക്കിയാലും രണ്ടു പ്രധാന പ്രശ്നങ്ങൾ ഗുരുതരമായി വളർന്നു വരുന്നു എന്നു നമുക്ക് കാണാൻ സാധിക്കും. അതിൽ പ്രധാനപ്പെട്ട ഒന്ന് സാമ്പത്തികമായ അസമത്വമാണ്. ഗുരുതരമായി വളർന്നുകൊണ്ടിരിക്കുകയാണ്. എല്ലാ രാജ്യങ്ങളിലും ആ സമ്പദ് വ്യവസ്ഥയ്ക്കും ആ സമൂഹത്തിനും നിലനിൽക്കാൻ പറ്റാത്ത വിധം അസമത്വം വളർന്നുകൊണ്ടിരിക്കുകയാണ്. ഇതാണ് ഒരു പ്രധാനപ്പെട്ട പ്രശ്നം. രണ്ടാമത്തെ പ്രധാനപ്പെട്ട പ്രശ്നം മതം, ജാതി, വംശീയ വാദങ്ങൾ വളർന്നു കൊണ്ടിരിക്കുന്നു എന്നതാണ്. മൗലികമായ അത്തരം ചിന്തകൾ ലോകമെമ്പാടും വളരുകയാണ്. ഇന്ത്യയിൽ അത് വളരുകയാണ്. ഇന്ന് ലോകം നേരിടുന്ന രണ്ട് പ്രശ്നങ്ങളിൽ അസമത്വവും നേരത്തെ പറഞ്ഞ ജാതി, മത, വംശീയ മൗലിക ചിന്തകളും. രണ്ട് പ്രശ്നങ്ങൾ ലോകത്ത് ഇങ്ങനെ വളർന്നുവരുമ്പോൾ ലോകം വലിയ രീതിയിൽ പ്രതീക്ഷിക്കുന്ന രണ്ട് കാര്യങ്ങൾ ഉണ്ട്. ഒന്ന് എങ്ങനെ ഈ പ്രശ്നത്തെ മറിക്കടക്കാം രണ്ട് ഈ പ്രശ്നങ്ങൾ മറിക്കടക്കത്തക്ക രീതിയിൽ എവിടെയെങ്കിലും മാതൃകയുണ്ടോ. ഇത് രണ്ടുമാണ് ലോകത്ത് അക്കാദമിക് തലത്തിൽ നടക്കുന്ന ചർച്ച. അക്കാഡമീഷ്യൻസ് ഈ അന്വേഷണതലത്തിലാണ്. എങ്ങനെ ഈ പ്രശ്നത്തെ മറികടക്കാം. എവിടെയെങ്കിലും ഇതിനൊരു മാതൃകയുണ്ടോ. ഈ അക്കാദമിക് പ്രശ്നം ലോകത്ത് ചർച്ച ചെയ്യപ്പെടുമ്പോൾ മാർകിസ്റ്റ് തത്വശാസ്ത്രത്തിന്റെ പ്രസക്തി അനുനിമിഷം വർദ്ധിച്ചുവരുകയാണ്. എങ്കിലും ഈ രണ്ടു പ്രശ്നങ്ങളും വ്യത്യസ്തമായ പ്രശ്നങ്ങളാണോ. ഗുരുതരമായ അസമത്വത്തിന്റെ വളർച്ചയാണോ ജാതി, മത, വംശ ചിന്തകളുടെ വർദ്ധനവ് ഇത് രണ്ടും വ്യത്യസ്തമായ പരസ്പര ബന്ധമില്ലാത്ത പ്രശ്നങ്ങളാണോ. അല്ല. ഇത് രണ്ടും പൂരകമായുള്ള പ്രശ്നങ്ങളാണ്. പരസ്പര പൂരകമായുള്ള പ്രശ്നങ്ങളാണെങ്കിൽ ഇവ രണ്ടും വരാൻ ഒരു കാരണം ഉണ്ടാകേണ്ടതല്ലേ. ശരിയായ ചോദ്യമാണ്. ഒരു കാരണമുണ്ടാകണം. എന്താണ് ആ കാരണം. അതിനടിസ്ഥാന കാരണം സാമ്രാജ്യത്വം എഴുപതുകളുടെ മധ്യത്തിൽ മുന്നോട്ടുവച്ച നവലിബറൽ സാമ്പത്തിക നയങ്ങളാണ്. അതാണ് യഥാർത്ഥത്തിൽ ഈ രണ്ട് പ്രശ്നങ്ങളുടേയും സ്രോതസ്. ആ നയം ഇന്ന് അപകടകരമായ പ്രതിസന്ധിയിൽ എത്തി നിൽക്കുകയാണ്. അത് ഞാൻ വിശദീകരിക്കുന്നില്ല. ഈ നയങ്ങൾ ലോകത്ത് സാമ്രാജ്യത്വം മുന്നോട്ട് വച്ചപ്പോൾ ലോകത്ത് ഇന്ത്യ അടക്കം എല്ലാ



**ആനാവൂർ നാഗപ്പൻ**
**ജില്ലാ സെക്രട്ടറി, സി.പി.ഐ.(എം)**



**വി.കെ.മധു**
**ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്**

രാജ്യങ്ങളും സ്വീകരിക്കുകയാണ്. അതിന് ഐ.എം.എഫിനേയും ലോകബാങ്കിനേയും ഉപയോഗിച്ച ചരിത്രം എല്ലാപേരുടെയും മനസിലുണ്ട്. 1991 ൽ നമ്മുടെ രാജ്യത്ത് ഈ നയം കടന്നുവരികയാണ്. നരസിംഹൻ കമ്മിറ്റി റിപ്പോർട്ട് എന്ന് പറഞ്ഞ് ബാങ്കുകളുടെ പുനഃക്രമീകരണത്തിനു വേണ്ടിയുള്ള കമ്മിറ്റിയിലൂടെയാണ് നമ്മുടെ രാജ്യത്ത് ഈ നയത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. ഇവിടെയെല്ലാം നമ്മൾ കാണുന്ന പ്രധാനപ്പെട്ട ഒരു ആശയം സ്വകാര്യവത്ക്കരണമാണ്. സ്വകാര്യവത്ക്കരണം നവലിബറൽ സാമ്പത്തിക നയത്തിന്റെ പ്രധാനപ്പെട്ട പരിപാടിയാണ്. എന്തുകൊണ്ടാണെന്ന ചോദ്യവും ഉണ്ടാകാം. നവലിബറൽ സാമ്പത്തിക നയം ഉദ്ദേശിക്കുന്നത് മനുഷ്യന്റെ വികസനമോ പാരിസ്ഥിതിക വികസനമോ ഒന്നും അല്ല. മറിച്ച് ഫൈനാൻസ് ക്യാപിറ്റലിന്റെ വികസനമാണ്, വളർച്ചയാണ്. ആഗോളവത്ക്കരണം എന്നു പറയുന്നത് ധനമൂലധനത്തിന്റെ വളർച്ചയാണ്, വേറൊന്നുമല്ല. ഒരേ ഒരു ലക്ഷ്യമേയുള്ളൂ അത് ധനമൂലധനത്തിന്റെ വളർച്ചയാണ്, ഫിനാൻസ് ക്യാപിറ്റൽ. ഫിനാൻസ് ക്യാപിറ്റൽ പലതരത്തിലുണ്ട്. അതൊന്നും ഞാനിവിടെ വിശദീകരിക്കുന്നില്ല. അതിലൊന്നാണ് ഫൈനാൻസ് ക്യാപിറ്റൽ. വളരെ വേഗം വളരുന്ന ഊഹക്കച്ചവടത്തിലൂടെയും റിയൽ എസ്റ്റേറ്റിലൂടെയും വളരുന്ന മൂലധനം അതിന്റെ വളർച്ച മാത്രമാണ് നവലിബറൽ സാമ്പത്തിക നയത്തിന്റെ ലക്ഷ്യം. അപ്പോൾ നവലിബറൽ സാമ്പത്തിക നയത്തിന്റെ ലക്ഷ്യമായ നിയോലിബറൽ ലക്ഷ്യമായ ഫിനാൻസ് ക്യാപിറ്റലിന്റെ വളർച്ചയ്ക്ക് എന്തെല്ലാം വേണമെന്നതാണ് നവലിബറൽ സാമ്പത്തിക നയത്തിന്റെ പരിപാടികൾ. അതിൽ ഒരു പരിപാടിയാണ് സ്വകാര്യവത്ക്കരണം. മറ്റു പലതുമുണ്ട്. അങ്ങനെ സ്വകാര്യവത്ക്കരണം എന്ന പ്രകിയയിലൂടെ ഫിനാൻസ് ക്യാപിറ്റലിനെ വളർത്താൻ ശ്രമിക്കുമ്പോൾ ഉണ്ടാകുന്ന ഏറ്റവും വലിയ പ്രശ്നമാണ് അസമത്വം. സമ്പത്ത് വളരെ കുറച്ചുപേരിൽ ധ്രുവീകരിക്കപ്പെടുന്നു, ഉത്പാദന മേഖലയെല്ലാം സ്വകാര്യവത്ക്കരിക്കപ്പെടുന്നു, സേവന മേഖല സ്വകാര്യവത്ക്കരിക്കപ്പെടുന്നു, തൊഴിൽ താത്ക്കാലികവത്ക്കരിക്കപ്പെടുന്നു, ലാഭം മാത്രം ലക്ഷ്യമാകുന്നു, തൊഴിൽരംഗം വളരെയധികം അപകടമാകുന്നു, ഉത്പാദനരംഗം തകരുന്നു, പക്ഷെ ഫിനാൻസ് ക്യാപിറ്റൽ വളരുന്നു. ഇവിടെ തൊഴിലിന്റെ ഒരു പ്രശ്നം വന്നതു കൊണ്ട് സൂചിപ്പിക്കാൻ വേണ്ടി മാത്രമാണ് ഞാൻ ഇങ്ങനെ പറഞ്ഞത്. അപ്പോൾ തൊഴിൽ മേഖല തകരുന്നത് അത് അസ്വസ്തമാകുന്നത്, താത്ക്കാലികവത്ക്കരണം നടക്കുന്നത്, ഒരു സുരക്ഷയും ഇല്ലാതാകുന്നത് ഈ നയത്തിന്റെ ഭാഗമായാണ് എന്ന് തിരിച്ചറിയണം. അതിനു വേണ്ടിയാണ് ഈ ഭാഗം ഞാൻ സൂചിപ്പിച്ചത്. അപ്പോൾ സ്വകാര്യവത്ക്കരണത്തിലൂടെ നിയോലിബറൽ നയത്തിന്റെ ഭാഗമായി ഫിനാൻസ് കാപിറ്റൽ വളരുമ്പോൾ തൊഴിൽ മേഖല തളരുകയാണ്, തൊഴിൽ മേഖല അരക്ഷിതപ്പെടുകയാണ്, അല്ലെങ്കിൽ അരാഷ്ട്രീയപ്പെടുകയാണ് അതിലെ എല്ലാ നന്മകളും എല്ലാ തൊഴിലാളിക്കും അനുകൂലമായ നടപടികൾ ഇല്ലാതാകുകയാണ് അതെല്ലാം തകർക്കപ്പെടുകയാണ്. എന്തിനു വേണ്ടി ഫൈനാൻസ് ക്യാപിറ്റലിന്റെ വളർച്ചയ്ക്ക് വേണ്ടി. അപ്പോൾ ഫൈനാൻസ് ക്യാപിറ്റലിന് വളർച്ച ഉണ്ടാകുവാൻ തൊഴിലാളിയുടെ ചെലവിൽ ചില പരിപാടികൾ സാമ്രാജ്യത്വം മുന്നോട്ടു വച്ചപ്പോൾ ഇതാണ് ലോകത്തിന്റെ വളർച്ചയ്ക്കുള്ള വഴി എന്നു പറഞ്ഞ ഒരു സാമ്പത്തിക ശാസ്ത്രജ്ഞൻ ഉണ്ട്. അദ്ദേഹം ഐ.എം.എഫിന്റെ, ലോകബാങ്കിന്റെ, അമേരിക്കൻ പ്രസിഡന്റിന്റെ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവായിരുന്നു. അദ്ദേഹത്തിന്റെ പേരാണ് ജോസഫ് സ്റ്റിഗിളിറ്റ്സ്. അദ്ദേഹം 1982 ൽ ഒരു പുസ്തകമെഴുതി. ആ പുസ്തകത്തിന്റെ പേര് ഠവല ജല്യൈലരശേല ീള ഏഹീയമഹശമെശേീ എന്നാണ്. അതിൽ അദ്ദേഹം പറഞ്ഞു, ലോകം ഇതാ രക്ഷപ്പെടാൻ പോകുന്നു, മുതലാളിത്തം പലതവണ തകർന്നു, 1939 ൽ തകർന്നു, അറുപതുകളുടെ മധ്യത്തിൽ തകർന്നു, എൺപതുകളുടെ മധ്യത്തിൽ ഇതാ തകർച്ചയുടെ വക്കിൽ എത്തിയിരിക്കുന്നു, സോഷ്യലിസവും ചില പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട്, ലോകത്തിന്റെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ പുതിയ ഒരു നയം വന്നിരിക്കുകയാണ്, അതാണ് നവലിബറൽ സാമ്പത്തിക നയം. ഈ ആശയം മുന്നോട്ടു വച്ചത് 1982 ൽ സ്റ്റിഗിളിറ്റ്സാണ്. ഈ ആശയം മുന്നോട്ടു വച്ച അതേ വർഷം, 1982 ഫെബ്രുവരിയിലാണ് സ്റ്റിഗിളിറ്റ്സ് ഈ പുസ്തകം എഴുതിയത്. 1982 ഡിസംബറിൽ മറ്റൊരു പുസ്തകം രചിക്കപ്പെട്ടു. ആ പുസ്തകത്തിന്റെ പേര് Globalisation unmasked എന്നാണ്. മുഖംമൂടി അഴിച്ചുമാറ്റി ആഗോളവത്ക്കരണം. ആ പുസ്തകം എഴു



**ടി.സി.മാത്തുക്കുട്ടി**
NGO Union



**കെ.സി.ഹരികൃഷ്ണൻ**
KSTA

തിയ ആളിന്റെ പേര് ജെയിംസ് പെട്രാസ് എന്നാണ്. ജെയിംസ് പെട്രാസ് നേരെ തിരിച്ച് അഭിപ്രായം പറഞ്ഞു. ലോകത്തിന്റെ എല്ലാ മേഖലയും തകരാനുള്ളതാണ് ആഗോളവത്ക്കരണം അല്ലെങ്കിൽ നിയോലിബറൽ പോളിസി. ഓപ്പോസിറ്റായിട്ടുള്ള രണ്ട് പുസ്തകങ്ങൾ. രണ്ട് ലോക പ്രശസ്തരായ സാമ്പത്തിക ശാസ്ത്രജ്ഞന്മാർ 1982 ൽ എഴുതിയതാണ്. നിങ്ങളുടെ എൺപതുകളിലെ സമ്മേളനങ്ങളിലെല്ലാം ഇത് വിശദമായി ചർച്ച ചെയ്തിട്ടുണ്ടാകും എന്ന് ഞാൻ കരുതുകയാണ്. രണ്ട് ആശയങ്ങളാണ്. ഒന്ന് ലോകം രക്ഷപ്പെടാൻ പോകുന്നു ഒന്ന് ലോകം തകരാൻ പോകുന്നു. പെട്രാസ് ആരാ, സ്റ്റിഗിളിറ്റ്സ് ആരാണ് എന്നു ഞാൻ പറഞ്ഞു, ആഗോളവത്ക്കരണത്തിന്റെ വക്താവും പ്രയോക്താവും ആണ്. ജെയിംസ് പെട്രാസ് മാർക്സിയൻ അർത്ഥശാസ്ത്രത്തെ ആസ്പദമാക്കി ഈ നയത്തെ വിശകലനം ചെയ്തയാളാണ്. രണ്ട് വ്യത്യസ്തമായ ചേരികളിൽ നിന്ന് നവലിബറൽ പോളിസിയെ കുറിച്ച് അഭിപ്രായം പറഞ്ഞു. കാലങ്ങൾ കടന്നുപോയി. ഇന്ത്യയിൽ വന്നു നവലിബറൽ സാമ്പത്തിക നയം. ആ നയം നമ്മുടെ രാജ്യത്ത് കുറേ മാറ്റങ്ങൾ ഉണ്ടാക്കി. അങ്ങനെ പോയിപോയി 2004 ൽ എത്തിയപ്പോൾ ജോസഫ് സ്റ്റിഗിളിറ്റ്സ് രണ്ടാമത്തെ പുസ്തകം എഴുതി. ഈ പറയുന്ന നയം എവിടെ എത്തി എന്ന് നമ്മളെ ബോധ്യപ്പെടുത്തുന്ന രീതിയിൽ ഒരു പുസ്തകം സ്റ്റിഗിളിറ്റ്സ് എഴുതുകയാണ്. ആ പുസ്തകത്തിന്റെ പേര് എന്തെന്നോ Globalisation and its discontents എന്നാണ്. ആഗോളവത്ക്കരണവും അതിന്റെ നിരാശകളും എന്നാണ് സ്റ്റിഗിളിസിന്റെ പുസ്തകം. 1982 ൽ ലോകത്തിന്റെ രക്ഷയാണെന്ന് പറഞ്ഞ അതേ സ്റ്റിഗിളിറ്റ്സ് അതിന്റെ വക്താവാണ്, പ്രയോക്താവാണ്. 2004 ൽ എഴുതിയ പുസ്തകം Globalisation and its discontents എന്നാണ്. 2008 ൽ അതിനെ തുടർന്നാണ് അമേരിക്കയിൽ സ്റ്റോക്ക് മാർക്കറ്റിലേക്ക് മാർച്ചൊക്കെ ഉണ്ടായത്, അദ്ദേഹം വീണ്ടും ഒരു പുസ്തകം എഴുതി എമഹഹ ീള ജൃശരലെ എന്നാണ്. അങ്ങനെ പല പുസ്തകങ്ങളും സ്റ്റിഗിളിറ്റ്സ് ഇതിനെ തുടർന്ന് എഴുതി. അവസാനം 2016 ൽ ഒരു പുസ്തകം എഴുതി. ആ പുസ്തകം എപ്പോഴെങ്കിലും ഒന്നു വായിക്കണേ എന്ന വിനീതമായ ഒരു അഭ്യർത്ഥന ഉണ്ട്. ഇന്നത്തെ കാലത്ത് പ്രത്യേകിച്ച് പി.എസ്.സിയിലൊക്കെ ജോലി ചെയ്യുന്നവർ എന്താണീ ലോകം എന്താണ് നമ്മുടെ കോൺട്രിബ്യൂഷൻ എന്ന് കൃത്യമായി മനസിലാക്കണം. പൊളിറ്റിക്കൽ കോൺട്രിബ്യൂഷൻ ആണ്. ഒരു സാങ്കേതികമായ കോൺട്രിബ്യൂഷൻ മാത്രമല്ല. ഈ പുസ്തകത്തിന്റെ പേര് എന്താണെന്നോ The Great Divide. The Great Divide എഴുതിയതാരാ, ആഗോളവത്ക്കരണത്തിന്റെ വക്താവും പ്രയോക്താവും, ലോകത്തിന്റെ രക്ഷയ്ക്ക് നയിക്കുന്ന നയം എന്നു പറഞ്ഞ സ്റ്റിഗിളിറ്റ്സ് 1982 ൽ നിന്നും 2016 ൽ എത്തിയപ്പോഴേക്കും എഴുതിയ പുസ്തകത്തിന്റെ പേരാണ് ൦വല ഏ്യലമഠ ഉശ്ശറല. വലിയ വിഭജനം ലോകത്ത് നടക്കുന്നു. കുറച്ചുപേർ വലിയ പണക്കാരും ബഹുഭൂരിപക്ഷം പേരും പാവപ്പെട്ടവരായി മാറുന്ന വലിയ വിഭജനം. ഇത്, ഇതാണ് ഇതിന്റെ റിസൾട്ട് എന്ന് ജോസഫ് സ്റ്റിഗിളിറ്റ്സ് പറയുകാണ്. അപ്പോൾ ക്രൂക്ക്മാൻ എന്ന സാമ്പത്തിക ശാസ്ത്രജ്ഞൻ, നോബൽ സമ്മാന ജേതാവ് 2016 ൽ ഈ പുസ്തകം ഇറങ്ങിയപ്പോൾ ജെയിംസ് പെട്രാസിനെ ഫോൺ ചെയ്യുകയാണ്. ഹലോ മിസ്റ്റർ പെട്രാസ്. യെസ്. ഞാൻ ക്രൂക്മാനാണ്, മനസിലായി. പറയൂ, അല്ലാ 1982 ൽ സ്റ്റിഗിളിഗ്സ് ഒരു പുസ്തകം എഴുതിയില്ലേ, ഉവ്വ്, 1982 ഡിസംബറിൽ നിങ്ങൾ ഒരു പുസ്തകം എഴുതിയില്ലേ. ഉവ്വ്. 2004 ൽ സ്റ്റിഗിളിസ് ഒരു പുസ്തകം എഴുതിയില്ലേ, ഉവ്വ്. 2007 ൽ എഴുതിയിട്ടില്ലേ, നിങ്ങൾക്ക് എന്താ വേണ്ടത് എന്ന ചോദ്യം ക്രൂക്മാനോട് പെട്രാസ് ചോദിക്കുകയാണ്. 2016 ൽ സ്റ്റിഗിളിറ്റ്സ് ഒരു പുസ്തകം എഴുതിയില്ലേ, വീണ്ടും ചോദിച്ചു. ഉവ്വ്. ക്രൂക്മാൻ ചോദിക്കുകയാണ്. അങ്ങ് എന്താ ഇപ്പോൾ ഒരു പുസ്തകം എഴുതാത്തത്. നിങ്ങൾ 1982 ൽ ഒരു പുസ്തകം എഴുതിയില്ലേ. സ്റ്റിഗിളിറ്റ്സ് ഇപ്പോൾ ഒരു പുസ്തകം എഴുതിയല്ലോ. അതിനുള്ള മറുപടി എന്താണെന്നോ, എനിക്ക് പറയാനുള്ളതൊക്കെ ഞാൻ 1982 ൽ തന്നെ പറഞ്ഞിട്ടുണ്ട്. 1982 ലെ ഗ്ലോബലൈസേഷൻ അൺമാസ്ക്ക്ഡ് എന്ന എന്റെ പുസ്തകത്തിൽ അന്ന് പറയാത്ത എന്തെങ്കിലും കാര്യങ്ങൾ സ്റ്റിഗിളിറ്റ്സ് പറഞ്ഞിട്ടുണ്ടെങ്കിൽ, ക്രൂക്ക്മാൻ നിങ്ങൾ എന്നെ ഓർമിപ്പിച്ചോളൂ ഞാൻ അതിനെകുറിച്ച് എഴുതാം. ഇന്ന് സംഭവിക്കുന്നതെല്ലാം 1982 ൽ പെട്രാസ് എഴുതിവച്ചിരിക്കുകയാണ്. ഒരു തവണയെങ്കിലും ആ പുസ്തകം ഒന്നു വായിക്കണേ. 1982 ൽ ഇത് ലോകത്തിന്റെ രക്ഷയ്ക്ക് എന്നു പറഞ്ഞ് സ്റ്റിഗിളിറ്റ്സ് പുസ്തകം എഴു



**ടി.എസ്.രഘുലാൽ**
KGOA



**കൃഷ്ണകുമാർ**
CCG & W

തിയപ്പോൾ പെട്രാസ് എഴുതിയ പുസ്തകമാണ്. ആ പറഞ്ഞതെല്ലാം സംഭവിച്ചിരിക്കുന്നു. വലിയ അസമത്വം വലിയ ദാരിദ്ര്യം വലിയ വലിയ പ്രശ്നങ്ങൾ ലോകത്ത് നടന്നു കൊണ്ടിരിക്കുകയാണ്. വലിയ തൊഴിൽ പ്രശ്നം രൂക്ഷം. എന്താ അതു കാരണം. അന്ന് പെട്രാസ് ഈ നയത്തെ സാമ്രാജ്യത്വത്തിന്റെ പക്ഷത്ത് നിന്നല്ല വിശകലനം ചെയ്തത്, അദ്ധ്വാനിക്കുന്ന, തൊഴിലെടുക്കുന്ന മനുഷ്യന്റെ പക്ഷത്തു നിന്നും മാർക്സിയൻ അർത്ഥശാസ്ത്രത്തിന്റെ പരിസരത്തു നിന്നുമാണ് വ്യാഖ്യാനിച്ചതു എന്നത് കൊണ്ട് ഈ നയം എന്താണെന്ന് മനസിലായി. അങ്ങനെയാണ് പെട്രാസിന് അന്ന് അതെഴുതാൻ കഴിഞ്ഞത്. ഉടനെ ഇതെല്ലാം കഴിഞ്ഞപ്പോൾ കോൾ ക്രൂക്ക്മാൻ പറഞ്ഞ ഒരഭിപ്രായം, ഹിന്ദുവിൽ വന്നിട്ടുള്ളതാണ് നിങ്ങൾ എല്ലാപേരും വായിച്ചിട്ടുണ്ടാകും, ക്രൂക്ക്മാൻ പറയുകയാണ്. ഇനി ലോക സമ്പദ് വ്യവസ്ഥയ്ക്ക് രക്ഷപ്പെടാൻ ഒരൊറ്റ വഴിയേയുള്ളൂ, ഒരൊറ്റ വഴി, പലതവണ മുതലാളിത്ത സമ്പദ് വ്യവസ്ഥ മാറി മാറി പരിശോധിച്ചു, പലതവണ പരിശോധിച്ചു, പലതും അങ്ങനെ പരിശോധിക്കപ്പെട്ടു, ഇനി ആഗോള സമ്പദ് വ്യവസ്ഥ മുന്നോട്ടു പോകാനുള്ള ഒരേ ഒരു വഴി ലോകം വളരെ വിശദമായും ആഴത്തിലും മാർക്സിയൻ അർത്ഥശാസ്ത്രം പഠിക്കുക എന്നതു തന്നെയാണ് എന്ന്. അതാണ് ക്രൂക്ക്മാന്റെ അഭിപ്രായം. ക്രൂക്ക്മാൻ ഒരു കമ്മ്യൂണിസ്റ്റുകാരനല്ല, ക്രൂക്ക്മാൻ വളരെ ക്രിട്ടിക്കലായി ആഗോള സമ്പദ് വ്യവസ്ഥയെ കാണുന്ന സാമ്പത്തിക വിദഗ്ധനാണ്. ഞാനിത് സൂചിപ്പിച്ചത് എന്താണ് ഇന്ന് ആഗോള തൊഴിൽ രംഗത്തും മറ്റു സാമ്പത്തിക മേഖലയിലും മാർക്സിയൻ അർത്ഥശാസ്ത്രത്തിന്റെ പ്രസക്തി എന്നു മനസിലാകാനാണ്. ഇങ്ങനെ ഒരു അവസ്ഥയിൽ ഈ പറയുന്ന അസമത്വം ഉണ്ടാകുമ്പോൾ എങ്ങനെയാണ് വർഗീയ ചിന്തകളും വംശീയ ചിന്തകളും ഉണ്ടാകുന്നു എന്നു കൂടി തിരിച്ചറിയണം. എന്തുകൊണ്ടാ ഞാൻ നേരത്തെ പറഞ്ഞു, അസമത്വവും വംശീയ ചിന്തകളും പരസ്പര പൂരകമാണ് എന്നു ഞാൻ പറഞ്ഞു. എന്തുകൊണ്ടാ, ചുരുക്കി, അസമത്വം വലിയ അസമത്വം ഉണ്ടാകുമ്പോൾ ലോകത്ത് രണ്ട് മേഖലകൾ, ഒന്ന്, വലിയ പണക്കാർ, മറ്റൊന്ന് വലിയ പാവപ്പെട്ട മനുഷ്യർ അദ്ധ്വാനിക്കുന്ന മനുഷ്യരെല്ലാം തൊഴിൽ നഷ്ടപ്പെട്ട് താത്ക്കാലികവത്കരിക്കപ്പെട്ട് അവർ ജീവിക്കാൻ പറ്റാത്ത അവസ്ഥയിൽ നിൽക്കുമ്പോൾ വലിയ അസമത്വം വരുന്നു എന്നു മാത്രമല്ല, വലിയ അതൃപ്തി മനുഷ്യരിൽ ഉണ്ടാകുകയാണ്. വലിയ രോഷം മനുഷ്യരിൽ ഉണ്ടാകുകയാണ്. ഈ വ്യവസ്ഥിതിയോട് മനുഷ്യന് വലിയ എതിർപ്പ് ഉണ്ടാകുകയാണ്. ഈ ബുദ്ധിമുട്ടുന്ന മനുഷ്യർ ഈ സമൂഹത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് എതിരെ പോരാടുന്ന ഒരു മനസുമായി വളരുകയാണ്. അതിശക്തമായ ഒരു പോരാട്ടത്തിന്റെ മനസ് ഉണർന്നുവരികയാണ്. ജിവിതങ്ങളിൽ, ജീവിതദുരിതങ്ങളിലൂടെ അനുഭവത്തിലൂടെ സൈദ്ധാന്തികമായി തിരിച്ചറിഞ്ഞവർ പിന്നീട് അനു വത്തിലൂടെ തിരിച്ചറിഞ്ഞപ്പോൾ സമൂഹത്തിൽ സമ്പദ് വ്യവസ്ഥയ്ക്കെതിരെ വലിയ ഒരു ഉണർവ്, ഒരു സമരത്തിന്റെ ഉണർവ്, വലിയ ഒരു അസംതൃപ്തിയുടെ വളർച്ച സാമ്രാജ്യത്വം കാണുകയാണ്. ഈ അദ്ധ്വാനിക്കുന്ന വർഗത്തിന്റെ വലിയ കൂട്ടായ്മയും അതിലൂടെ ഉണ്ടാകാൻ പോകുന്ന വലിയ സമരവും ആഗോള സമ്പദ് വ്യവസ്ഥയെ തച്ചുതകർക്കും എന്ന് മനസിലാക്കിയ സാമ്രാജ്വത്വം ഇങ്ങനെ ഒന്നായി ചേർന്ന് ഈ സമ്പദ് വ്യവസ്ഥയ്ക്കെതിരെ പോരാടാൻ പോകുന്ന മനസിന്റെ കൂട്ടായ്മകളെ, ആ വർഗബോധത്തെ, അതിലൂടെ ഉണ്ടാകുന്ന വർഗകൂട്ടായ്മയെ തകർത്തല്ലാതെ ഇനി ഈ സമ്പദ് വ്യവസ്ഥയ്ക്ക്, മുതലാളിത്വത്തിന് മുന്നോട്ട് കൊണ്ടുപോകാൻ കഴിയില്ലാ എന്നു തിരിച്ചറിഞ്ഞ സാമ്രാജ്യത്വം, ഈ മനസുകളെ ഈ വർഗബോധത്തിൽ നിന്നും വിമുക്തമാക്കികൊണ്ട് അവയെ വിവിധ വ്യത്യസ്തമായ കമ്പാർട്ട്മെന്റുകളിൽ നിർത്തി യഥാർത്ഥത്തിൽ വരേണ്ടിയിരുന്ന സമരത്തെ ഇല്ലാതാക്കണം എന്നു തിരിച്ചറിയുകയും അതിനുവേണ്ടി അവർ ഉണ്ടാക്കിയ ഒന്നാണ് വർഗീയത എന്നും നമ്മൾ തിരിച്ചറിയണം. സാമ്രാജ്യത്വം തന്നെ വളരെ ബോധപൂർവം ഒരു നയം ഉണ്ടാക്കിയതിലൂടെ ഉണ്ടാക്കപ്പെട്ട അസമത്വം, ആ അസമത്വത്തിലൂടെ സൃഷ്ടിക്കപ്പെട്ട മനസുകളുടെ കൂട്ടായ്മ, ആ കൂട്ടായ്മകളിലൂടെ വരാൻ പോകുന്ന ശക്തമായ സമരങ്ങൾ, ആ സമരങ്ങളിലൂടെ ഉണ്ടാകാൻ പോകുന്ന വലിയ വലിയ അപകടങ്ങൾ, അവരുടെ സമ്പദ് വ്യവസ്ഥയ്ക്ക് ഉണ്ടാകുന്ന അപകടങ്ങൾ, ഇത് തിരിച്ചറിഞ്ഞ സാമ്രാജ്യത്വം, ആ ശക്തമായ പോരാട്ടത്തെ ഇല്ലാതാക്കാൻ കണ്ടെത്തിയ തന്ത്രം ആ മനസുകളെ വർഗീയമായും വംശീയമായും ജാതീയമായും ചിന്തിപ്പിക്കുക അതി



**കെ.എൻ.അശോക് കുമാർ**
KSEA



**ഹരിലാൽ**
CUEO

ലൂടെ വ്യത്യസ്തമായ കമ്പാർട്ടുമെന്റുകളിൽ നിർത്തി അതിലൂടെ വർഗപരമായ കൂട്ടായ്മകളെ ഇല്ലാതാക്കുക എന്നതുമാണ് എന്ന് തിരിച്ചറിയുമ്പോഴാണ് നവ ലിബറൽ സാമ്പത്തിക നയത്തിന്റെ ഭാഗമായിട്ടാണ് തൊഴിലില്ലായ്മയും അസമത്വവും വർഗീയതയും വളർന്നു വന്നത് എന്നു നമ്മൾ മനസിലാക്കണം. ഇവിടെയാണ് ഇത് തമ്മിലുള്ള ബന്ധം മനസിലാക്കേണ്ടത്. ഇതിനെയാണ് യഥാർത്ഥത്തിൽ രാഷ്ട്രീയ ശാസ്ത്രം എന്നു നമ്മൾ പറയുന്നത്. നമ്മൾ കാണുന്നത് തമ്മിലുള്ള ബന്ധം എന്താണ്. വർഗീയതയുടെ പ്രശ്നങ്ങൾ രൂക്ഷമായി വരുന്നു, അസമത്വത്തിന്റെ പ്രശ്നങ്ങൾ രൂക്ഷമായി വരുന്നു, ഇത് രണ്ടും രണ്ടാണോ, രണ്ടും ഒന്നാണോ എങ്ങനെയാണ് പോരാടേണ്ടത്, ഏതിനെതിരെയാണ് സമരം ചെയ്യേണ്ടത് എന്നുള്ള ചിന്ത പലതരത്തിൽ വളർന്നു വരുന്ന ഒരു കാലഘട്ടത്തിൽ യഥാർത്ഥത്തിൽ എന്താണ് അത് എന്ന് മനസിലാകുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ടത്. അതുകൊണ്ടാണ് ഞാൻ ഇങ്ങനെ സൂചിപ്പിച്ചത്. ലോകത്ത് ഏതു രാജ്യത്തെയും ഈ പ്രശ്നങ്ങൾ വിലയിരുത്തി കഴിഞ്ഞാൽ ഞാൻ പറഞ്ഞ ഈ പോയിന്റിലേക്ക് എത്താൻ പറ്റും. ഇത് കേവലമായ ഒരു വിശകലനം മാത്രമല്ല, ലോകത്ത് ഇന്ന് നടക്കുന്ന അക്കാദമിക് രംഗത്ത് ഒരുപാട് ചർച്ചകളുടെ ഫലമായിട്ടുണ്ടാകുന്ന നിരവധി പേപ്പറുകളിലുള്ള വിഷയങ്ങളാണ്. ലോകത്ത് ഏറ്റവും വലിയ ചർച്ചാവിഷയം ഇതാണ്. എന്താണ് ഇത് തമ്മിലുള്ള ബന്ധം. എങ്ങനെയാണ് ഇത് വന്നത്. ഈ സന്ദർഭത്തിലാണ് ഇന്ന് നമ്മുടെ രാജ്യത്തുണ്ടാകുന്ന പ്രശ്നങ്ങളെ വിശകലനം ചെയ്യേണ്ടത്. 1991 ൽ ഇന്ത്യയിൽ വർഗീയ പ്രശ്നങ്ങൾ ഒക്കെ ഉണ്ടായിരുന്നു എന്നു മാത്രമേയുള്ളൂ, അതിത്ര രൂക്ഷമായിരുന്നോ, അല്ല. മതചിന്തകളും ജാതി ചിന്തകളും ഇന്ത്യയിൽ പണ്ടും ഉണ്ട്. പക്ഷെ, അതിങ്ങനെയായിരുന്നോ, അല്ല. അതുകൊണ്ട് 1991 ന് മുൻപുള്ള ഇന്ത്യ, 1991 ന് ശേഷമുള്ള ഇന്ത്യ ഇത് രണ്ടും ഒന്ന് വിശകലനം ചെയ്ത് ഞാൻ പറഞ്ഞ ഈ പശ്ചാത്തലത്തിലേക്ക് കൊണ്ടുവന്നാൽ എന്തൊക്കെയാണ് ഇവിടെ പ്രശ്നവും ഞാൻ നേരത്തെ പറഞ്ഞ ആഗോള പ്രശ്നവും തമ്മിലുള്ള ബന്ധം എന്നു മനസിലാകും. 1991 ൽ നമ്മുടെ രാജ്യത്ത് പുതിയ സാമ്പത്തികനയങ്ങൾ കൊണ്ടുവരികയാണ്. ആ സാമ്പത്തിക നയങ്ങൾ നമ്മുടെ രാജ്യത്ത് വർഗീയത വളർത്തി എന്നത് ഇന്ത്യൻ രാഷ്ട്രീയ ചരിത്രം വളരെ ലളിതമായി ഒന്നു പരിശോധിച്ചാൽ നമുക്ക് മനസിലാകും. അത് എന്തുകൊണ്ടാണ്, ഇവിടെയാണ് നേരത്തെ പറഞ്ഞ ആഗോളതലത്തിലുള്ള ഈ രണ്ട് പ്രശ്ന ഉത്പാദനത്തിന്റെ ബന്ധം നമ്മൾ തിരിച്ചറിയേണ്ടത്. 1991 ൽ ഇന്ത്യയിൽ പുതിയ സാമ്പത്തിക നയം വന്നതോടു കൂടി സ്വകാര്യവത്ക്കരണം നമ്മുടെ രാജ്യത്ത് വന്നതോടു കൂടി താത്ക്കാലികവത്ക്കരണം വന്നതോടു കൂടി തൊഴിൽ പ്രശ്നങ്ങൾ വന്നതോടു കൂടി അരക്ഷിതാവസ്ഥയും അരാജകത്വവും വന്നതോടു കൂടി നമ്മുടെ രാജ്യത്ത് പ്രശ്നങ്ങൾ ഉണ്ടാകുകയും വർഗീയത അല്ലാതെ മനസുകളെ സ്പ്ലിറ്റ് ചെയ്ത് നിർത്തി, വിഭജിച്ച് നിർത്തികൊണ്ട് യഥാർത്ഥത്തിൽ ഉണ്ടാകേണ്ട കൂട്ടായ്മകളെ തകർക്കുക എന്നും, ഇന്ത്യയിൽ വളർന്നു വന്ന ആശയമാണ്. അങ്ങനെയാണ് 1991 ന് ശേഷം നമ്മുടെ നാട്ടിൽ വർഗീയ രാഷ്ട്രീയം വളർന്നു വരുന്നത്. ഇത് പരസ്പര പൂരകമാണ് എന്ന് നമ്മൾ തിരിച്ചറിയണം. ഇന്ന് അത് കേവലം വർഗീയത മാത്രമല്ല, അത് അതിഭീകരമായിട്ടുള്ള ഫാസിസമായിട്ട് മാറിക്കൊണ്ടിരിക്കുകയാണ്. അതും ഇതിന്റെ ഓഫ് ഷൂട്ട് തന്നെയാണ്. സാമ്പത്തിക നയത്തിന്റെ ഓഫ് ഷൂട്ടാണ്. വർഗീയതയിലൂടെ, വർഗീയതയുടെ വളർച്ചയിലൂടെ ഒരു പക്ഷെ ഇന്ത്യയിലെ അസമത്വത്തെ പിടിച്ചു നിർത്താൻ കഴിയില്ല, അത് ഏകാധിപത്യത്തിലേക്കും അതുപോലെ തന്നെ പലതരത്തിലേക്കും ഫാസിസത്തിലേക്കും പോകണം എന്നും കണ്ടുകൊണ്ട് വളരെ ബോധപൂർവം ഉപരിവർഗം ഇന്ത്യൻ വർഗീയതയെ ഫാസിസത്തിലേക്ക് നയിക്കുകയാണ്. നമ്മൾ കാണുന്നു പല വർഗീയത. ന്യൂനപക്ഷ വർഗീയതയുണ്ട്, ഭൂരിപക്ഷ വർഗീയതയുണ്ട്. പലതരത്തിലുള്ള വർഗീയത നമ്മൾ കേൾക്കുന്നുണ്ട്. എല്ലാ വർഗീയതയും അപകടമാണ്. എല്ലാ വർഗീയതയും ഇന്ന് വിശ്വാസവുമായി ബന്ധപ്പെട്ട് ആണ്, അല്ലാ എല്ലാ വർഗീയതയും ഇന്ന് ഈ സാമ്പത്തിക നയവുമായും ഫിനാൻസ് ക്യാപിറ്റലുമായും കമ്പോളവുമായി ബന്ധപ്പെട്ട് ആണെന്ന് നമ്മൾ തിരിച്ചറിയണം. ഇതേ വർഗീയ ചിന്തകൾ, വർഗീയ ചിന്തകൾ ഇതിന് മുൻപും ചരിത്രം മുഴുവൻ പഠിച്ചാൽ വർഗീയ ചിന്തകൾ ഉണ്ടായിട്ടുണ്ടെന്ന് കാണാം. അക്കാലത്തെല്ലാം ഉണ്ടായ വർഗീയ ചിന്തയുടെ അടിസ്ഥാന കാരണം അല്ലാ ഇന്നത്തെ വർഗീയതയുടെയും ഫാസിസത്തിന്റെയെല്ലാം അടിസ്ഥാന



**വി.സുരേഷ്കുമാർ**
KMCSU



**എം.കുഞ്ഞുമോൻ**
KLSSA

കാരണം എന്ന് ഇങ്ങനെയുള്ള വിശകലനത്തിലൂടെ നമുക്ക് തിരിച്ചറിയാൻ കഴിയൂ. അതുകൊണ്ട് ഇന്ത്യയിൽ ഇനി സാമ്പത്തിക നയത്തിലൂടെ ഉണ്ടാകുന്ന ഒരുപാട് പ്രശ്നങ്ങൾ മറികടക്കാൻ നമ്മൾ നേരത്തെ പറഞ്ഞ വർഗീയ ചിന്തകൾ പോരാ, അതിനപ്പുറത്തേക്ക് അതിനെ കൊണ്ടുപോകാൻ തിരിച്ചറിയുന്നവരാണ് ഫാസിസത്തിലേക്ക് നയിക്കുന്നത്. ന്യൂനപക്ഷ വർഗീയതയുണ്ട്, ഭൂരിപക്ഷ വർഗീയതയുണ്ട്, പക്ഷെ ഭൂരിപക്ഷ വർഗീയത അപകടമാകുന്നു. എന്തുകൊണ്ട്. എന്താ ഭൂരിപക്ഷ വർഗീയത അപകടമാകാൻ. രണ്ടും അപകടം, കൂടുതൽ അപകടം ഭൂരിപക്ഷ വർഗീയത ആകുന്നത് എന്തുകൊണ്ട്. ഭൂരിപക്ഷ വർഗീയതയ്ക്ക് ഫാസിസമാകാൻ കഴിയുമെന്നുള്ളതു കൊണ്ടാണ്. ഫാസിസത്തിന്റെ കുളമ്പടിനാദം നമ്മൾ കേട്ടുകൊണ്ടിരിക്കുകയാണ്. അതെല്ലാം എവിടെ ചെന്നു നിൽക്കുന്നു, എന്താണ് അതിന്റെ അടിസ്ഥാന കാരണം, എന്നു തിരിച്ചറിയുമ്പോഴാണ് വർഗീയതയ്ക്ക് എതിരെയുള്ള പോരാട്ടം സാമ്പത്തിക നയത്തിനെതിരെയുള്ള പോരാട്ടമാണ് എന്ന് നമ്മൾ തിരിച്ചറിയേണ്ടത്. രാഷ്ട്രീയ ശാസ്ത്രം അതാണ്. എവിടെ, ഏതിനെതിരെ ഫോക്കസ്, ഏതിനെതിരെ നമ്മുടെ കുന്തമുന വന്നാലാണ് ഈ പ്രശ്നത്തെ നമുക്ക് മറികടക്കാൻ കഴിയുക, അതുകൊണ്ട് ഇന്ത്യയിൽ വർഗീയത വളരുന്നത് ഫാസിസമായി മാറുന്നു, ഫാസിസമായി മാറുമ്പോൾ തന്നെ സാമ്പത്തികനയം കൂടുതൽ കൂടുതൽ കൂടുതൽ ഉദാരവത്കരിച്ച് അതായത് അത് കൂടുതൽ കൂടുതൽ കൂടുതൽ നിയോ ലിബറലൈസത്തിലേക്ക് പോകുന്നത് ചേർത്തു വായിക്കണം. ഇത് രണ്ടും രണ്ടല്ല. എന്തുകൊണ്ട് ഇങ്ങനെ ഫാസിസ്റ്റ് ചിന്തകൾ വരുന്നു. അപ്പോൾ തന്നെ മറ്റേത് ചേർത്തു നോക്കിയാൽ അത് കൂടുതൽ കൂടുതൽ കൂടുതൽ അവസാനം യു.ജി.സി വരെ ഇല്ലാതാകുന്നു. പ്ലാനിംഗ് കമ്മീഷൻ ഇല്ലാതായി. അതായത് പ്ലാൻഡ് ഇക്കോണമി എന്നത് ഈ പറയുന്ന വർഗീയതയ്ക്കും നിയോ ലിബറൽ പോളിസിക്കും ഒരു വിഷയമല്ല. പ്ലാൻഡ് ഇക്കോണമി, ഒരു രാജ്യത്തിന്റെ സമ്പത്തിനെ ദീർഘവീക്ഷണത്തിലൂടെ ആസൂത്രണം ചെയ്തുണ്ടാക്കുന്ന പ്ലാനിനെയാണ് നമ്മൾ പറയുന്നത്. അല്ലെങ്കിൽ ആ ഇക്കോണമിയെയാണ് നമ്മൾ പ്ലാൻഡ് ഇക്കോണമി എന്നു പറയുന്നത്. ആ പ്ലാൻഡ് ഇക്കോണമി വർഗീയ ശക്തികൾക്ക് ഒരു വിഷയമേയല്ല. കാരണം, അത്തരത്തിലുള്ള പ്ലാനിംഗ് അല്ല അവരുടെ. സമ്പദ് വ്യവസ്ഥയെ വികസിപ്പിക്കുന്ന പ്ലാനിംഗല്ലാ. ജനതയുടെ ജീവൽ പ്രശ്നങ്ങൾ ഉള്ള ഒരു പ്ലാനിംഗല്ല. മറിച്ച്, അവരുടെ അധികാരത്തിലേക്ക് എത്തുന്ന തരത്തിലേക്കുള്ള ഒരു പ്ലാനിംഗ് മാത്രമാണ്. അപ്പോൾ ആ പ്ലാനിംഗിന് സെൻട്രലൈസ്ഡ് പ്ലാനിംഗ് അല്ലെങ്കിൽ പ്ലാൻഡ് ഇക്കോണമി വേണ്ടാ എന്നുള്ളത് കൊണ്ടാണ് പ്ലാനിംഗ് കമ്മീഷൻ ഇല്ലാതാകുന്നതും മറ്റു സംവിധാനങ്ങൾ വരുന്നതും. ഇന്ന് അവസാനം അതെത്തി നിൽക്കുന്നത് പ്ലാൻഡ് ഇക്കോണമിയുടെ മറ്റേ എഡ്യൂക്കേഷൻ സെക്ടറിലെ മറ്റൊരപകടം ഉണ്ടാകുന്നു. യു.ജി.സി വേണ്ടാ എന്ന സ്ഥാനത്തേക്ക് വരുന്നു. യു.ജി.സി വരുമ്പോൾ തന്നെ യു.ജിസി കുറിച്ചുള്ള പ്രശ്നങ്ങൾ പറഞ്ഞത് നമ്മൾ എല്ലാപേരുമാണ്. എങ്കിലും ആ സംവിധാനവും ഇല്ലാതാക്കാവുമ്പോളുണ്ടാകുന്ന വിദ്യാഭ്യാസ രംഗത്ത് ഫോക്കസ് ചെയ്യുന്നത് വിദ്യാഭ്യാസത്തിലേക്കാണ്. തലമുറകളിലേക്ക് ആശയം പകർന്നുകൊണ്ട് പുതിയ പുതിയ തലമുറകളെ വാർത്തെടുത്ത് നിയോ ലിബറലിസത്തിനും അതുപോലെ തന്നെ വർഗീയ ചിന്തകൾക്കും അനുഗുണമായി തീർക്കുക എന്ന ലക്ഷ്യത്തിൽ പ്ലാൻഡ് ഇക്കോണമിയെ പൂർണമായും മാറ്റി സ്വകാര്യമേഖലയിലേക്ക് വരികയാണ്. അപ്പോൾ ഏതെടുത്തു നോക്കിയാലും സ്വകാര്യമേഖലയിലേക്ക് ഇന്ത്യൻ സമ്പത്തിനെ കൊണ്ടു പോകുവാൻ ശ്രമിക്കുമ്പോൾ അതിന് മറപിടിക്കാൻ വേണ്ടിയിട്ടാണ് വർഗീയതയെ കുറേകൂടി ശക്തമായി ഫാസിസമായി മാറ്റുന്നത് എന്ന് തിരിച്ചറിയണം. ഇത് രണ്ടും പരസ്പര പൂരകമാണ്. ലക്ഷ്യം കമ്പോളമാണ്. ലക്ഷ്യം ഫിനാൻസ് ക്യാപിറ്റലാണ്. ആ ലക്ഷ്യത്തിൽ ആ വർഗം തീർച്ചയായും ഒരു രാജ്യത്തിന്റെ മുഴുവൻ ജനങ്ങളേയും ചവിട്ടി മെതിച്ച് ആ സമൂഹത്തിനുമേൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കുകയാണ്. ഇവിടെയാണ് തൊഴിൽ നഷ്ടപ്പെടുന്നത്. ഇവിടെയാണ് പാവപ്പെട്ട മനുഷ്യർക്ക് ജോലിയില്ലാതാകുന്നത്. ഉള്ള ജോലിക്ക് സുരക്ഷിതത്ത്വം ഇല്ലാതാകുന്നത്. ഈ ഒരു പശ്ചാത്തലത്തിൽ എന്തു ചെയ്യണമെന്ന ചോദ്യം പ്രസക്തമാണ്. എന്താണ് ഇനി ചെയ്യുക. അതിന് ക്രൂക്ക്മാൻ ഉത്തരം പറഞ്ഞു. മാർക്സിയൻ അർത്ഥശാസ്ത്രത്തെ നിങ്ങൾ പഠിക്കണം. അതുതന്നെയാണ് അതിന്റെ ആത്യന്തികമായ ഉത്തരം. ലോകമിനിയും ആഴത്തിൽ പഠിക്കണം. ശരി.



**കെ.കെ.ദാമോദരൻ**
AKGCT



**കെ.സുബ്രഹ്മണ്യൻ**
KGNA

മറ്റൊരു ചോദ്യം ഞാൻ നേരത്തെ പറഞ്ഞു. എവിടെയെങ്കിലും ഇതല്ലാതെ സമൂഹത്തെ വളർത്താം എന്നതിന് ബദലുണ്ടോ. അത് ലോകം അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. ആ അന്വേഷണം ഇതാ കേരളത്തിലേക്ക് വരുന്നു. കേരളത്തിൽ ഇന്ന് ഇതിനൊരു ബദലുണ്ടായി വരികയാണ്. അവിടെയാണ് പി.എസ്.സിയുടെ പ്രസക്തി വരുന്നത്. ഇതെല്ലാം താത്കാലികവത്കരിച്ച് എല്ലാം നശിപ്പിച്ച് തകർന്ന് കിടക്കുമ്പോൾ കേരളത്തിൽ പുതിയൊരു മാതൃക. അത് ലോകത്തിന് മാതൃകയായിട്ട് മാറുകയാണ്. വിശ്വമാതൃകയായിട്ട് ഇത് മാറും. സംശയമില്ല. അതിനെ വികസിപ്പിക്കൽ നമ്മുടെ ചുമതലയാണ്. ഓരോ മലയാളിയുടേയും ചുമതലയാണ്. ശരി. എന്താണ് ഈ ബദൽ. എന്താണ് നമ്മൾ വളർത്തേണ്ടത്. എന്തിനെയാണ് നമ്മൾ ഊട്ടി വളർത്തേണ്ടത്. കേരളത്തിൽ വളർന്നുവരുന്ന ബദലിനെയാണ്. എന്താണ് ആ ബദൽ. വിസ്തരിച്ചു പറയുന്നില്ല. ആ ബദൽ ഞാൻ നേരത്തെ പറഞ്ഞ വലിയ അസമത്വമുണ്ടാക്കുന്ന, സാമ്പത്തികമായ ധ്രുവീകരണം നടക്കുന്ന നയത്തിന് ബദലായി നടക്കുന്ന സമരം എന്ന രീതിയിൽ സമ്പത്തിന്റെ നീതിപൂർവകമായ വിതരണത്തിലൂടെയുണ്ടാകുന്ന വികസന പരിപാടികളാണ്. സമ്പത്ത് കേന്ദ്രീകരിക്കുന്നതല്ല വികസനം. സമ്പത്ത് കേന്ദ്രീകരിക്കുന്ന മുതലാളിത്ത്വത്തിന്റെ തന്ത്രമല്ല വികസന തന്ത്രം. മറിച്ച്. ഉണ്ടാക്കപ്പെടുന്ന സമ്പത്ത് സമൂഹത്തിൽ നീതിപൂർവകമായി വിതരണം ചെയ്യപ്പെടുന്നതാണ് യഥാർത്ഥത്തിൽ വികസനം എന്ന് സമൂഹത്തെ ബോധ്യപ്പെടുത്താനാണ് കേരളം ശ്രമിക്കുന്നത്. ഇതാണ് നാല് മിഷനുകൾ. ഹരിതകേരളം മിഷൻ, പാർപ്പിട മിഷൻ, ആർദ്രം മിഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഇതെല്ലാം ഈ അർത്ഥത്തിലുള്ളതാണ്. സമ്പത്ത് കേന്ദ്രീകരിക്കപ്പെടുന്ന സ്വകാര്യവത്ക്കരണം, തൊഴിൽ താത്കാലികവത്കരിക്കപ്പെടുന്ന സ്വകാര്യവത്ക്കരണം അതിനെതിരെ സമ്പത്തിന്റെ നീതിപൂർവകമായ വിതരണം നടന്നുകൊണ്ട് എല്ലാ മേഖലയിലും ഇക്വിറ്റി എന്ന ലക്ഷ്യം വച്ചുകൊണ്ട് കേരളം പരിപാടികളുമായി മുന്നോട്ടു പോകുകയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. സമ്പത്തിന്റെ നീതിപൂർവകമായ വിതരണത്തിന് ഇത്രയും നല്ലൊരു പരിപാടി ലോകം കണ്ടിട്ടുണ്ടാകില്ല. ഇത് കേരളം ആദ്യമായിട്ട് കണ്ടതൊന്നുമല്ല. കേരളം ആദ്യമായിട്ട് ഭാവനയിൽ കണ്ടതൊന്നുമല്ല. 1957 ൽ അന്നത്തെ ഇ.എം.എസ് സർക്കാർ സമൂഹത്തിന്റെ മുന്നിൽ വച്ച ഏറ്റവും സുപ്രധാനമായ ആശമയമാണ് പൊതുവിദ്യാഭ്യാസം. പക്ഷെ അതെന്നാ തളർന്നത്. എന്നാ തളർന്നത്. തൊണ്ണൂറുകൾക്ക് ശേഷമാണ്. എന്താ തൊണ്ണൂറുകൾക്ക് ശേഷം വന്ന പ്രത്യേകത. അതിനാ ഞാൻ നേരത്തെ പറഞ്ഞത്. ഇന്ത്യയിൽ പുതിയ സാമ്പത്തികനയം ആരംഭിച്ചത് തൊണ്ണൂറ്റിയൊന്നിലാണ്. തൊണ്ണൂറ്റിയൊന്നിൽ സാമ്പത്തികനയം ആരംഭിച്ചപ്പോൾ ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ അസമത്വം വളർന്നുവെന്ന് മാത്രമല്ല, വർഗീയത വളർന്നു എന്നു മാത്രമല്ല, പൊതുവിദ്യാഭ്യാസം അടക്കമുള്ള എല്ലാ മേഖലകളും തളരുകയും ചെയ്തു. വളരെ ശാസ്ത്രീയ ബന്ധങ്ങളാണ് അതിന്റെ പിന്നിലുള്ളത്. തൊണ്ണൂറുകൾക്ക് ശേഷം, ഇപ്പോൾ ഈ വർഷം നോക്കൂ, ഈ വർഷം മുപ്പത്തിരണ്ടായിരം കുട്ടികൾ മൊത്തത്തിൽ പൊതുവിദ്യാഭ്യാസത്തിൽ വർദ്ധിച്ചിരിക്കുകയാണ്. മുപ്പത്തിരണ്ടായിരം കുട്ടികൾ. എന്താ ഇത്ര വലിയ പ്രത്യേകത എന്നു ചിലപ്പോൾ തോന്നാം. കഴിഞ്ഞ 27 വർഷത്തെ ചരിത്രം ഇത്തവണ തിരുത്തുകയാണ് ചെയ്തത്. ഇരുപത്തിയേഴ് വർഷത്തെ ചരിത്രം തിരുത്തി. തൊണ്ണൂറിന് ശേഷം കേരളത്തിന്റെ ഗ്രാഫ് പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ മൊത്തം എണ്ണം കുറഞ്ഞ് കുറഞ്ഞാണ് വന്നത്. കഴിഞ്ഞ വർഷം ഒരു ലക്ഷത്തി നാൽപത്തി അയ്യായിരം കുട്ടികൾ കൂടിയിട്ടും മൊത്തം വിദ്യാർത്ഥികളുടെ എണ്ണം കൂടുകയല്ല, കുറയുകയാണ് ചെയ്തത്. ഈ വർഷം ഒരു ലക്ഷത്തി എൺപത്തി ആറായിരം കുട്ടികൾ വരികയും മൊത്തം വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുകയും ചെയ്തു. 27 വർഷത്തെ ഗ്രാഫ് തിരിച്ചു. ഇതാണ് മാതൃകയുടെ തുടക്കം. ഇത് നിലനിർത്തലാണ് നമ്മുടെ ചുമതല. ഇതാണ് മോഡൽ. ഇനി അതു മാത്രമല്ലാ, ആർദ്രം മിഷൻ ഇതുതന്നെ. കേന്ദ്ര സർക്കാർ പറയുന്നത് എല്ലാ മെഡിക്കൽ കോളേജുകളേയും സ്വകാര്യവത്കരിക്കണം എന്നുള്ളതാണ്. ഞാനിപ്പോൾ ആയുർവേദ മെഡിക്കൽ കോളേജിൽ ഒരു പരിപാടി കഴിഞ്ഞിട്ടാണ് ഇങ്ങോട്ട് വന്നത്. എഞ്ചിനിയറിംഗ് കോളേജിലെ കുട്ടികളെ ഞങ്ങൾ തന്നെ അവിടെ കൊണ്ടു വിട്ടു. അതെന്തിനാ എന്നൊന്നും പറയാൻ ഞാൻ ഇപ്പോൾ സമയമെടുക്കുന്നില്ല. ആ മെഡിക്കൽ കോളേജ് സ്വകാര്യവത്കരിക്കും. ഞാനവിടുത്തെ കുട്ടികളോട് എഞ്ചിനിയറിംഗ് കോളേജിലെ കുട്ടികളോട് പറ




എച്ച്. സബിത ജാസ്മിൻ



എം.ഷാജഹാൻ

ഞതിതാണ്. അവിടത്തെ യന്ത്രങ്ങൾ നേരെയാക്കാനാണ് അവിടെ ചെന്നത്. ഞാനവരോട് പറഞ്ഞു. നിങ്ങൾ യന്ത്രങ്ങളെ അന്വേഷിച്ച് ഈ കോളേജിനുള്ളിലൂടെ നടക്കരുത്. മനുഷ്യരെ അന്വേഷിച്ച് നടക്കുന്നതിന്റെ ഇടയിൽ എവിടെയെങ്കിലും യന്ത്രങ്ങൾ ഉണ്ടെങ്കിൽ നേരെയാക്കികൊള്ളൂ. അതിനാ നിങ്ങളെ ഇവിടെ കൊണ്ടുവന്നത്. കേട്ടില്ല. മനസിലാകുന്നുണ്ടോ. മനുഷ്യരെ അന്വേഷിക്കുമ്പോൾ അവരുടെ വേദനകളും ദു:ഖങ്ങളും ഓരോ ആയുർവേദ മെഡിക്കൽ കോളേജിൽ കിടക്കുന്നവർക്ക് മനസിലാകും. അങ്ങനെ നിങ്ങളീ ദു:ഖവും വേദനയും ഒക്കെ മനസിലാക്കുകയും യന്ത്രം നേരെയാക്കി വീട്ടിൽ ചെല്ലുമ്പോൾ നാളെ പത്രത്തിൽ ആയുർവേദ മെഡിക്കൽ കോളേജടക്കം മെഡിക്കൽ കോളേജുകൾ സ്വകാര്യവത്കരിക്കുന്നു എന്ന് പത്രത്തിലും കാണാം. പരസ്പരം ബന്ധിപ്പിക്കുക. ഈ പാവങ്ങൾ എവിടെ പോകും. ഇവർക്ക് എന്താ വഴി. ആ ചിന്ത മനസിൽ ഉത്പാദിപ്പിക്കുവാനാണ് ആ പ്രവർത്തനത്തിന്റെ ലക്ഷ്യം. ഇതൊക്കെ പൊതുവിദ്യാഭ്യാസത്തിലൂടെ സാധിക്കൂ. ഞാൻ വിസ്തരിക്കുകയല്ല. എങ്ങനെയായാലും പൊതുവിദ്യാഭ്യാസം എന്നത് ഈ സമ്പത്തിന്റെ നീതിപൂർവകമായ വിതരണമാണ്. ആർദ്രം പദ്ധതി സമ്പത്തിന്റെ വിതരണമാണ്. പാർപ്പിടം പദ്ധതി സമ്പത്തിന്റെ നീതിപൂർവകമായ വിതരണമാണ്. ഹരിതകേരളം പദ്ധതി സമ്പത്തിന്റെ മാത്രമല്ല, സമൂഹത്തിന്റെ മൊത്തം മേഖലയുടെ നീതിപൂർവകമായ വിതരണത്തിന്റെയും വളർച്ചയുടെയും മൂർത്തമായിട്ടുള്ള ഉദാഹരണമാണ്. ഇതെല്ലാം സമ്പത്തിന്റെ വിതരണത്തിൽ കേന്ദ്രീകരിക്കുന്നു. അത് സമ്പത്തിന്റെ കേന്ദ്രീകരണത്തിൽ പോയി നിൽക്കുന്നു. സമ്പത്തിന്റെ കേന്ദ്രീകരണത്തിന്റെ റിസൾട്ടാണ് വർഗീയതയെങ്കിൽ വർഗീയതയ്ക്ക് മറുപടി സമ്പത്തിന്റെ വിതരണമാണ് എന്നു കൂടി തിരിച്ച് ഒരു ശാസ്ത്രീയ - രാഷ്ട്രീയ ബോധം ഉണ്ടാകണം. സമ്പത്തിന്റെ നീതിപൂർവകമായ വിതരണത്തിന്റെ ഒരു ഉദാഹരണം പൊതുവിദ്യാഭ്യാസമാണെങ്കിൽ പൊതുവിദ്യാഭ്യാസത്തിലൂടെ മാത്രമേ മതനിരപേക്ഷ മനസിനെ ഉത്പാദിപ്പിക്കുവാൻ കഴിയുകയുള്ളൂ. മതനിരപേക്ഷ മനസിന്റെ ഉത്പാദനമാണ് ഏറ്റവും വലിയ ചെറുത്തുനിൽപ്പ് ഇന്ന് നമ്മുടെ രാജ്യത്ത് മനസിനെ മതവത്കരിച്ചും ജാതിവത്കരിച്ചും പലതരത്തിലുള്ള മതചിന്ത ഉണ്ടാക്കിയെടുത്തും മനസുകളെ പരസ്പര ബന്ധമില്ലാതെ വളർത്തികൊണ്ട് വരേണ്ടത് ആ വർഗത്തിന്റെ ലക്ഷ്യമാണെങ്കിൽ അതില്ലാതെ മനുഷ്യനെ മനുഷ്യനായി കാണുന്ന പ്രകൃതിയെയും മനുഷ്യനും തമ്മിലുള്ള ബന്ധം മനസിലാക്കുന്ന പ്രകൃതിയും മനുഷ്യനും മനുഷ്യനും മനുഷ്യനും ഇതര ജീവികളും തമ്മിലുള്ള സ്ഥൂല-സൂക്ഷ്മ ബന്ധങ്ങളെ കുറിച്ച് മനസിലാക്കുന്ന വിദ്യാഭ്യാസ പ്രക്രിയ മതനിരപേക്ഷ മനസിനെ ഉത്പാദിപ്പിക്കും. അപ്പോൾ സമ്പത്തിന്റെ നീതിപൂർവകമായ വിതരണത്തിന്റെ പ്രക്രിയയിലൂടെ മാത്രമേ മനുഷ്യനെ പാവപ്പെട്ടവനെയും പണക്കാരനെയും കൂട്ടിചേർത്തു കൊണ്ട് വരുവാൻ കഴിയുകയുള്ളൂ. അങ്ങനെ കൂട്ടിചേർത്തു കൊണ്ട് വരുന്നതിലൂടെ മാത്രമേ മതനിരപേക്ഷ മനസിനെ ഉത്പാദിപ്പിക്കാൻ കഴിയൂ എന്ന് തിരിച്ചറിയുമ്പോഴാണ് വർഗീയതയ്ക്കെതിരെയുള്ള പോരാട്ടം എങ്ങനെ നടത്തും എന്ന് നമ്മൾ തിരിച്ചറിയേണ്ടത്. യു.ജി.സി ഇല്ലാതാക്കുന്നതിനെതിരെ എ.കെ.ജി.സി.ടി, എ.കെ.പി.സി.ടിയും കെ.ജി.ഒ.എ യും ഒക്കെ നടത്തുന്നു എന്ന് ഉയർന്നുവരികാണ്. ഇന്നലത്തെ മനോരമ പത്രത്തിൽ വരെ യു.ജി.സി ഇല്ലാതാകുന്നത് നല്ലതാണെന്നെഴുതാൻ ഒരാളുണ്ടായി എന്നത് അത്ഭുതം തോന്നി. എങ്ങനെ ഒരു സർവകലാശാലയെ വളർത്തും. ഇവിടെ സ്വകാര്യ സർവകലാശാലകളും സ്വകാര്യസ്ഥാപനങ്ങളും വളർന്നുവരുമ്പോൾ എന്തായിരിക്കും അതിന്റെ സാംസ്കാരിക അന്തരീക്ഷം. സമ്പത്തുമായി ബന്ധപ്പെട്ടല്ലാതെ മറ്റെന്തെങ്കിലും ഉണ്ടാകുമോ. ഇല്ല. അതുവരുമ്പോൾ സ്വാഭാവികമായി ഫൈനാൻസ് ക്യാപിറ്റൽ ചിന്തയിലേക്കും സമ്പത്തിന്റെ വളർച്ചയിലേക്കും സ്വകാര്യവത്കരണത്തിലേക്കും മനസ് പോകും. ഇതില്ലാതാക്കാൻ മെഡിക്കൽ കോളേജുകൾ മുഴുവൻ സ്വകാര്യവത്കരിച്ചിരിക്കും എന്ന് ബി.ജെ.പി സർക്കാർ പറയുമ്പോൾ മെഡിക്കൽ കോളേജുകളെ പൊതുരംഗത്ത് നിർത്തി ശക്തമാക്കും എന്ന് ആർദ്രം മിഷൻ പറയുന്നു. അത് സമ്പത്തിന്റെ വിതരണമാണ്. അതുകൊണ്ട് സമ്പത്തിന്റെ നീതിപൂർവകമായ വിതരണ പദ്ധതികൾ നടപ്പിലാക്കുന്നതോടു കൂടി സ്കൂളിലും ആശുപത്രിയിലും പാടത്തും പറമ്പിലും എല്ലാം പാവപ്പെട്ടവനും എല്ലാപേരും ഒന്നിച്ചുചേർന്ന് ജാതി-മത ഭേദമില്ലാതെ ഒന്നിച്ചു ചേർന്നും തൊഴിലെടുക്കുമ്പോൾ അവർ തമ്മിലുള്ള മനസിന്റെ ബന്ധം വളർന്നുവരുമ്പോൾ മാനവികത വളരുമ്പോൾ



**കെ.വി. സുനുകുമാർ**



**ടി.കെ.വിജയൻ**

യഥാർത്ഥത്തിലുള്ള മതനിരപേക്ഷ സംസ്കാരം വളർന്നു വരും. അതിന്റെ ലക്ഷണം രണ്ട് തെരഞ്ഞെടുപ്പുകളിൽ നമ്മൾ കണ്ടു. ഇതിന്റെയെല്ലാം മാറ്റം എവിടെ വന്നുവെന്ന് നിങ്ങൾ മനസിലാക്കണം. ഞാനീ പറഞ്ഞത് ശാസ്ത്രമാണോ അല്ലയോ എന്ന് നിങ്ങൾ അനു വത്തിലൂടെ നോക്കൂ. വേങ്ങര തെരഞ്ഞെടുപ്പിലും ചെങ്ങന്നൂർ തെരഞ്ഞെടുപ്പിലും നമ്മളത് കണ്ടു. ഇതിനി കേരളം മുഴുവൻ കാണണം. കേരളത്തിലെല്ലാ മേഖലയിലും മതനിരപേക്ഷത വളർച്ചയുടെ ലക്ഷണങ്ങൾ കാണുന്നു. അത് കൂടുതൽ കൂടുതൽ ശക്തമാക്കുക എന്നുള്ളതാണ് നമ്മുടെ ചുമതല. ലോകം അന്വേഷിക്കുന്നു. എവിടെ മതനിരപേക്ഷ തുരുത്തുണ്ട്. ലോകം അന്വേഷിക്കുന്നു എവിടെ നീതിപൂർവകമായ സമ്പത്തിന്റെ വിതരണത്തിന്റെ തുരുത്തുണ്ട്. അന്വേഷിക്കുമ്പോൾ എങ്ങും കാണാനില്ല. ഉള്ളത് കൊച്ചു കേരളത്തിലാണ്. അതുകൊണ്ടാണ് അത് തകർക്കുവാനുള്ള ശ്രമം കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും നടക്കുന്നത്. ഇതിനെതിരെയുള്ള പോരാട്ടം ശക്തമാക്കുമ്പോൾ പി.എസ്.സി യുടെ റോൾ എന്താണ്. ഇത്രയേയുള്ളൂ നമ്മുടെ ചിന്ത. എന്താണ് റോൾ. തൊഴിൽ താത്കാലികവത്കരിക്കപ്പെടാതെ പൊതുവിദ്യാഭ്യാസവും ആർദ്രവും മറ്റു പാർപ്പിട മിഷനും മറ്റെല്ലാ പദ്ധതികളും നടക്കുമ്പോൾ അവിടെ ശക്തമായിട്ടുള്ള ഒരു തൊഴിൽ നിര, ജീവനക്കാരുടെ നിര ഉണ്ടാകണം. ബോധമുള്ള, ആർജ്ജവമുള്ള, പരസ്പര ബന്ധം എന്ന കാര്യം മനസിന്റെ പരസ്പര ബന്ധമുള്ള ഒരു വർഗം അവിടെയുണ്ടാകണം. അതിനെ ഉത്പാദിപ്പിക്കുന്നതും അതിനെ പ്രതിഷ്ഠിക്കുന്നതും




**ബി. ബിജു**

പി.എസ്.സിയാണ്. എത്ര കണ്ട് ഇതെല്ലാം വിജയിക്കത്തക്ക രീതിയിൽ യഥാർത്ഥ ജീവനക്കാരെ വിന്യസിക്കണം എന്ന് ഇനി ഇതിൽ കൂടുതൽ പറയേണ്ടതുണ്ട് എന്നെനിക്ക് തോന്നുന്നില്ല. അതാണ് പി.എസ്.സിയുടെ കടമ. വലിയൊരു പോരാട്ടത്തിൽ നിങ്ങൾ പങ്കാളികളാകുകയാണ്. വലിയൊരു മാതൃകാ നിർമാണത്തിൽ നിങ്ങൾ പങ്കാളികളാകുയാണ്. ആ അർത്ഥത്തിൽ ഇവിടെ ജീവനക്കാരുടെ എല്ലാം നമുക്ക് വളർത്തിയെടുക്കണം. ഏറ്റവും സംതൃപ്തമായ ഒരു അദ്ധ്യാപക നിരയില്ലെങ്കിൽ പൊതുവിദ്യാഭ്യാസം വിജയിക്കില്ല. സംതൃപ്തമായ ഡോക്ടർമാർ, സംതൃപ്തമായ ജീവനക്കാർ എല്ലാവരും ഇല്ലെങ്കിൽ ആർദ്രം മിഷനും വിജയിക്കില്ല. അത് സൃഷ്ടിക്കുക എന്നത് നമ്മുടെ കടമയാണ്. ആ കടമ നിറവേറ്റാൻ പി.എസ്.സി നിൽക്കുമ്പോൾ ആ നിറവേറ്റപ്പെട്ട കടമയുടെ കൂടുതൽ കൂടുതൽ മൂർത്തമാക്കാൻ സംസ്ഥാന സർക്കാരിന്റെ വകുപ്പുകളും ഒപ്പം നിൽക്കുകയാണ്. അങ്ങനെ വളരെ വൃത്തിയായ വളരെ കൃത്യമായ ലോകം ആഗ്രഹിക്കുന്ന ഒരു മാതൃക വികസിപ്പിച്ചെടുക്കുമ്പോൾ ഓരോ മില്ലീമീറ്ററും, ഒരു യുദ്ധം നമ്മൾ എങ്ങനെയാ വിജയിക്കുക. വളരെ പ്ലാൻഡ് ആയിട്ടുള്ള ഒരു അപ്രോച്ച് ഉണ്ടെങ്കിൽ ഒരു സമീപനം ഉണ്ടെങ്കിൽ മാത്രമേ ഒരു വലിയ യുദ്ധത്തിൽ വിജയിാൻ കഴിയൂ. എത്രയോ മാസങ്ങൾക്ക് മുൻപ് നടക്കുന്ന വലിയ ചില തീരുമാനങ്ങളാണ് ഒരു വിജയത്തിലേക്ക് എത്തിക്കുന്നത്. അതുകൊണ്ട് ഓരോ നിമിഷവും ഈയൊരു അർത്ഥത്തിൽ കണ്ടുകൊണ്ട് കേരളത്തിന്റെ തൊഴിൽ രംഗത്ത് വലിയ ഒരു ശക്തി പകരുവാൻ കഴിയുന്ന ഒരു വിഭാഗമാണ് ഞങ്ങൾ. ആ ശക്തി പകരുമ്പോൾ അതിനെ ജ്വലിപ്പിക്കാൻ പറ്റുന്ന ഒരു സർക്കാർ ഇവിടെ നിൽക്കുമ്പോൾ കേരളം തൊഴിലാളിക്ക് വേണ്ടി, അദ്ധ്വാനിക്കുന്ന മനുഷ്യർക്ക് വേണ്ടി, പണിയെടുക്കുന്ന മനുഷ്യർക്ക് വേണ്ടി ഉത്തമമായ ഒരു മാതൃക സൃഷ്ടിക്കും എന്ന് നമ്മൾ തിരിച്ചറിഞ്ഞുകൊണ്ട് ആ മാതൃകയെ വികസിപ്പിക്കുവാൻ എന്നും ശ്രമിക്കണമേ എന്നഭ്യർത്ഥിച്ചുകൊണ്ട് വളരെ സന്തോഷത്തോടു കൂടി അഭിമാനത്തോടു കൂടി ഈ സമ്മേളനം ഉദ്ഘാടനം ചെയ്തതായി അറിയിക്കുന്നു. അഭിവാദനങ്ങൾ.

*(2018 ജൂലൈ 13-ന് പി.എസ്.സി.യു.ഇ. ന്റെ 45-ാം സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് നടത്തിയ പ്രസംഗം)*

●

# കേന്ദ്ര നയങ്ങൾ തൊഴിലാളി വിരുദ്ധം

**ടി.പി.രാമകൃഷ്ണൻ**
തൊഴിൽ വകുപ്പ് മന്ത്രി


കേരള പി.എസ്.സി എംപ്ലോയീസ് യൂണിയൻ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന യാത്രയയപ്പ് സമ്മേളനത്തിൽ സംബന്ധിക്കുന്ന എല്ലാവരെയും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് വേണ്ടി ആദ്യമായി അനഭിവാദ്യം ചെയ്യുന്നു. പി.എസ്.സിയുടെ പ്രവർത്തനത്തിൽ വന്നിരിക്കുന്ന ഗുണകരമായ മാറ്റം ശക്തമാക്കാനും ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം നൽകാനും ആവശ്യമായ എല്ലാ കാര്യങ്ങളും നിങ്ങളുടെ സമ്മേളനം ചർച്ച ചെയ്യും എന്നാണ് പ്രതീക്ഷിക്കുന്നത്. ദീർഘകാലത്തെ പ്രശംസനീയമായ സേവനത്തിനു ശേഷം സർവീസിൽ നിന്നും വിരമിക്കുന്ന ജയകുമാർ, വി.എ.ശിവൻ, റ്റി.ജെ.ജോസ്, പി.എൻ.സോമരാജ്, എസ്.അജയകുമാർ എന്നീ സഖാക്കൾക്ക് ഈ സമ്മേളനത്തിൽ വച്ച് യാത്രയയപ്പ് നൽകുകയാണ്. ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിക്കുകയാണെങ്കിലും സാമൂഹിക മാറ്റത്തിനായുള്ള ബഹുജന മുന്നേറ്റങ്ങളിൽ തുടർന്നും സജീവ പങ്ക് വഹിക്കാൻ ഈ സഖാക്കൾക്ക് കഴിയും. പി.എസ്.സി എംപ്ലോയീസ് യൂണിയന്റെ സംസ്ഥാന പ്രസിഡന്റ്, സെക്രട്ടറി തുടങ്ങിയ നിലകളിൽ സംഘടനയെ നയിച്ച ജയകുമാറും അദ്ദേഹത്തോടൊപ്പം വിരമിക്കുന്ന മറ്റു സഖാക്കളും സർവീസ് സംഘടനാ രംഗത്ത് നിറഞ്ഞു നിന്നവരാണ്. തുടർന്നും ഇവരുടെ അറിവും നേതൃത്വപരമായ കഴിവുകളും നാടിനു വേണ്ടി ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് വിശ്വസിക്കു



**പി.എസ്.സി. എംപ്ലോയീസ് യൂണിയൻ 45-ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചുള്ള യാത്രയയപ്പ് സമ്മേളനം തൊഴിൽ വകുപ്പ് മന്ത്രി ടി.പി.രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു**



**പി.എച്ച്.എം.ഇസ്മയിൽ**
**പി.എസ്.സി. മെമ്പർ**



**എൻ.രാധാകൃഷ്ണൻ നായർ**

ന്നു. പി.എസ്.സിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സീകരിച്ച നടപടികളെല്ലാം നേരിട്ട് അനുഭവത്തിലൂടെ മനസിലാക്കുന്നവരാണ് നിങ്ങൾ. ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയാറിൽ അധികാരത്തിൽ വന്ന സ.ഇ.കെ.നായനാരുടെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ് സർക്കാരാണ് പി.എസ്.സിയുടെ പ്രവർത്തന രീതി അഴിച്ചു പണിതത്. നിയമന നടപടികൾ ഇഴഞ്ഞു നീങ്ങുന്നതും പരീക്ഷാ നടത്തിപ്പിലെ പോരായ്മകളും അവസാനിപ്പിച്ച് നായനാർ സർക്കാർ പി.എസ്.സിക്ക് പുതിയ മുഖം നൽകി. പരീക്ഷ കഴിഞ്ഞ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ വർഷങ്ങളുടെ കാത്തിരിപ്പിനും റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട് വർഷങ്ങൾ കഴിഞ്ഞാലും നിയമനം കിട്ടാതിരിക്കുന്ന അവസ്ഥയ്ക്കും വിരാമമിട്ട് പി.എസ്.സിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ അതോടെ കഴിഞ്ഞു. വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ച് റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരണം വരെയുള്ള നടപടികൾക്ക് 5 മുതൽ 10 വർഷം വരെ വേണ്ടിവന്നിടത്ത് ഇന്ന് പ്രധാന തസ്തികകളിൽ മൂന്ന് വർഷം കൊണ്ട് നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ കഴിയുന്നുണ്ട്. അഞ്ചു ലക്ഷത്തിലേറെ ഉദ്യോഗാർത്ഥികൾ എഴുതിയ സർവകലാശാല അസിസ്റ്റന്റ് പരീക്ഷ നാലര മാസം കൊണ്ട് നടപടികൾ പൂർത്തീകരിച്ച് നിയമനം തുടങ്ങാൻ കഴിഞ്ഞത് പി.എസ്.സിയുടെ കാര്യക്ഷമത വ്യക്തമാക്കുന്നതാണ്. ഇപ്പോൾ പോലീസിലെ ക്യാമ്പ് ഫോളോവർമാരുടെ നിയമനവും മിൽമയിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനവും പി.എസ്.സിക്ക് വിടാൻ സർക്കാർ തീരുമാനിച്ചു. ലക്ഷകണക്കിന് ഉദ്യോഗാർത്ഥികളുടെ ആശ്രയ കേന്ദ്രമാണ് പി.എസ്.സി. അവരുടെ പ്രതീക്ഷകൾക്കനുസരിച്ച് ഉയരാൻ പി.എസ്.സിക്ക് കഴിയണം. പി.എസ്.സിയുടെ പ്രവർത്തനത്തിനും ആധുനികവത്കരണത്തിനും ആവശ്യമായ ഫണ്ട് സർക്കാർ ഉറപ്പാക്കിയിട്ടുണ്ട്. ജോലിഭാരം ലഘൂകരിക്കുന്നതിന്





എസ്.ജയകുമാർ



എസ്.അജയകുമാർ

പി.എസ്.സിയിൽ നൂറ്റിയിരുപത് പുതിയ തസ്തികകൾ സൃഷ്ടിച്ചു. ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ വ്യാപിപ്പിക്കാനുള്ള നടപടികൾക്കും ജില്ലാ ആസ്ഥാനങ്ങളിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും തുടക്കം കുറിച്ചു. പി.എസ്.സിയുടെ പ്രവർത്തനം സുഗമമാക്കാനുള്ള സർക്കാർ ഇടപെടലുകൾ വിജയത്തിലെത്തിക്കാനുള്ള ചുമതല ജീവനക്കാർക്കുണ്ട്. ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും ജനങ്ങൾക്ക് അവകാശപ്പെട്ട മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുകയും വേണം. അവകാശങ്ങൾക്കായി പ്രവർത്തിക്കുന്നതിനൊപ്പം ഓരോ ജീവനക്കാരിലും അർപ്പിതമായ ചുമതല നിറവേറ്റി എന്നുറപ്പിക്കാനും കഴിയണം. ഇക്കാര്യത്തിൽ സർവീസ് സംഘടനകൾക്ക് വലിയ പങ്ക് വഹിക്കാനുണ്ട്. സർക്കാർ സർവീസിൽ നിയമന നിരോധനം നിലനിൽക്കുമ്പോഴാണ് പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വരുന്നത്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ പൂഴ്ത്തിവയ്ക്കുന്ന നടപടിയാണ് അന്നുണ്ടായത്. ഉദ്യോഗാർത്ഥികളുടെ സ്വപ്നവും ജീവിതവും തകർക്കുന്ന നിയമന നിരോധനം എടുത്തുകളയുമെന്ന് എൽ.ഡി.എഫ് വാഗ്ദാനം ചെയ്തിരുന്നു. അധികാരമേറ്റയുടൻ ആ വാഗ്ദാനം സർക്കാർ നടപ്പാക്കി. നിയമന നിരോധനം പിൻവലിക്കാൻ തീരുമാനിച്ച മന്ത്രിസഭാ യോഗം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നിയമനാധികാരികൾക്ക് കർശന നിർദേശം നൽകി. ഇതുമായി ബന്ധപ്പെട്ട നടപടികൾ അവലോകനം ചെയ്യാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. മാസങ്ങൾക്കകം ആയിരക്കണക്കിന് ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തത്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലും നിയമനം നൽകുന്നതിലും റെക്കോർഡ് നേട്ടങ്ങളാണ് നാം കൈവരിച്ചത്. ഇതിനകം പി.എസ്.സി വഴി എഴുപത്തിനാലായിരത്തോളം പേർക്ക് നിയമന ശിപാർശ നൽകി കഴിഞ്ഞു. പതിമൂവായിരത്തോളം പുതിയ തസ്തികകൾ സൃഷ്ടിച്ചു. ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കാൻ കർശന ഇടപെടലാണ് സർക്കാർ നടത്തുന്നത്. ഇക്കാര്യം പരിശോധിക്കാൻ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗത്തിന് നിർദ്ദേശം നൽകിയിരിക്കുകയാണ്. ഒഴിവുകൾ വരുന്ന മുറയ്ക്ക് നിയമനം നടത്താൻ ആവശ്യമായ എല്ലാ നടപടിയും സർക്കാർ സ്വീകരിക്കും. തൊഴിലും തൊഴിലവകാശങ്ങളും കവർന്നെടുക്കുന്ന സാഹചര്യമാണ് ഇന്ന് രാജ്യത്ത് രൂപപ്പെട്ടിരിക്കുന്നത്. സ്ഥിരം തൊഴിൽ എന്ന സങ്കൽപ്പം ഇല്ലാതാകുകയാണ്. തൊഴിൽ നിയമങ്ങൾ കോർപ്പറേറ്റുകൾക്ക് അനുകൂലമായി മാറ്റിയെഴുതുന്നു. തൊഴിലാളികളെ നിയമിക്കാനും തോന്നുമ്പോൾ പിരിച്ചു വിടാനും ഉടമകൾക്ക് അവകാശം നൽകി. കേന്ദ്രസർക്കാർ ഇപ്രകാരമുള്ള നിയമ ഭേദഗതിയാണ് കൊണ്ടുവന്നത്. കേരളം ഇതിന് ബദൽ സൃഷ്ടിച്ച് രാജ്യത്തിനാകെ മാതൃകയായി മാറി. തൊഴിലും തൊഴിലവകാശങ്ങളും സംരക്ഷിച്ചും തൊഴിലാളികളുടെ സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തിയുമാണ് സർക്കാർ മുന്നോട്ടു പോകുന്നത്. കേരളത്തിൽ പുതിയ തൊഴിൽ സംസ്ക്കാരം ഉയർത്തികൊണ്ടു വരാൻ 2 വർഷത്തിനിടയിൽ സർക്കാരിന് കഴിഞ്ഞു. ഇതോടൊപ്പം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും സംസ്ഥാനം വലിയ നേട്ടമാണ് കൈവരിച്ചത്. തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് ഷോപ്പുകളിലും വാണിജ്യസ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കാനും മണിക്കൂറുകളോളം നിന്നു ജോലി ചെയ്യാൻ നിർബന്ധിതമായ സാഹചര്യം ഒഴിവാക്കാനുമുള്ള സുപ്രധാന നിയമ ഭേദഗതി. ഈ നിയമ ഭേദഗതി കേരളത്തിലെ തൊഴിലാളി ക്ഷേമ നടപടികളിലെ നാഴികക്കല്ലായി മാറുകയാണ്. അതിരാവിലെ മുതൽ വൈകിട്ട് ജോലി കഴിയുന്നതുവരെ 5 മിനിട്ട് പോലും ഇരിക്കുവാൻ സ്ത്രീ തൊഴിലാളികൾക്ക് അവകാശമുണ്ടായിരുന്നില്ല. അതികഠിനമായ സാഹചര്യമാണ് അവർ നേരിടേണ്ടി വന്നത്. ക്ലേശകരമായ ഈ അന്തരീക്ഷം അവസാനിപ്പിച്ച് പതിനായിരക്കണക്കിന് സ്ത്രീ തൊഴിലാളികളുടെ അന്തസ്സും മനുഷ്യാവകാശവും സർക്കാർ സംരക്ഷിച്ചു. കേരളത്തിലെ ജീർണ്ണിച്ച രാഷ്ട്രീയ സംസ്ക്കാരത്തിന് അറുതി വരുത്തിയാണ് എൽ.ഡി.എഫ് അധികാരത്തിൽ എത്തിയത്. അഴിമതിയുടെ പിടിയിൽ നിന്നും ഭരണസംവിധാനത്തെ മോചിപ്പിച്ച് സംസ്ഥാനത്ത് പുതിയ രാഷ്ട്രീയ സംസ്ക്കാരം വളർത്തിയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. സമഗ്ര വികസനത്തിന്റേയും ജനക്ഷേമത്തിന്റേയും പാതയിലൂടെ കേരളം അതിവേഗം മുന്നേറുകയാണ്. ഐശ്വര്യ കേരളം സൃഷ്ടിക്കാനായി ആവിഷ്കരിച്ച നവകേരള മിഷന്റെ ഭാഗമായ ഹ



**വി.എ.ശിവൻ**



**പി.എൻ.സോമരാജ്**

**ഇപ്പോൾ കേന്ദ്രസർക്കാർ കൊണ്ടുവരുന്ന ലേബർ കോഡ് പോലുള്ള പരിഷ്കരണങ്ങൾ, ഇവിടെ നിലവിലുള്ള തൊഴിൽ നിയമങ്ങളുടെ എല്ലാ സൗകര്യങ്ങളും നിഷേധിക്കുകയാണ്. നിയമങ്ങളിലൂടെ സംരക്ഷണം നൽകുന്ന നടപടികളിൽ നിന്ന് കേന്ദ്ര ഗവൺമെന്റ് പിന്നോക്കം പോയികഴിഞ്ഞിട്ടുണ്ട്. തൊഴിൽ നിയമങ്ങളെല്ലാം സംയോജിപ്പിച്ച് പ്രത്യേക ലേബർ കോഡുകളാക്കി മാറ്റി യഥാർത്ഥത്തിലുള്ള അവകാശങ്ങൾ നിഷേധിക്കുകയാണ്**

രിതകേരളം, ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ ദൗത്യങ്ങൾ വിസ്മയിപ്പിക്കുന്ന മാറ്റങ്ങൾ സൃഷ്ടിച്ച് പുരോഗമിക്കുകയാണ്. ഈ ദൗത്യങ്ങൾ വിജയിപ്പിക്കുന്നതിന് എല്ലാവരുടേയും സഹകരണം ഉണ്ടാകേണ്ടതുണ്ട്. ഇവിടെ ഒരു കാര്യം ശ്രദ്ധിക്കേണ്ടത് ദേശീയതലത്തിൽ ട്രേഡ് യൂണിയൻ സംഘടനകൾ തൊഴിൽ ചെയ്യുന്നവരുടെ പ്രശ്നങ്ങളിൽ യോജിച്ച് മുന്നേറുകയാണ്. ബി.എം.എസ് ഒഴികെയുള്ള എല്ലാ കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളും ഈ യോജിപ്പിന്റെ പാതയിലാണ്. കേന്ദ്ര-സംസ്ഥാന ജീവനക്കാരും അദ്ധ്യാപകരും, എല്ലാ വിഭാഗം ആളുകളും, ഈ യോജിച്ച പ്രസ്ഥാനത്തിൽ അണിചേർന്ന് കഴിഞ്ഞിട്ടുണ്ട്. ചില പ്രശ്നങ്ങളിൽ, ഇപ്പോൾ കേന്ദ്രസർക്കാർ കൊണ്ടുവരുന്ന ലേബർ കോഡ് പോലുള്ള പരിഷ്കരണങ്ങൾ, ഇവിടെ നിലവിലുള്ള തൊഴിൽ നിയമങ്ങളുടെ എല്ലാ സൗകര്യങ്ങളും നിഷേധിക്കുകയാണ്. നിയമങ്ങളിലൂടെ സംരക്ഷണം നൽകുന്ന നടപടികളിൽ നിന്ന് കേന്ദ്ര ഗവൺമെന്റ് പിന്നോക്കം പോയികഴിഞ്ഞിട്ടുണ്ട്. തൊഴിൽ നിയമങ്ങളെല്ലാം സംയോജിപ്പിച്ച് പ്രത്യേക ലേബർ കോഡുകളാക്കി മാറ്റി യഥാർത്ഥത്തിലുള്ള അവകാശങ്ങൾ നിഷേധിക്കുകയാണ്. ബി.എം.എസ് കേന്ദ്ര ഗവൺമെന്റിന്റെ ഈ നിലപാടിനെ എതിർത്തു. ഈ തീരുമാനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടു. പക്ഷെ ഈ തീരുമാനത്തിനെതിരായ യോജിച്ച സമരങ്ങളിൽ പ്രായോഗികമായി ഇടപെടാൻ അവർ സന്നദ്ധമാകുന്നില്ല. എന്താ കാരണം. അവർ സ്വീകരിക്കുന്ന വർഗീയ നിലപാട് തന്നെയാണ്. കേന്ദ്രഭരണകൂടം വർഗീയ ശക്തികൾക്ക് എല്ലാ സംരക്ഷണവും നൽകുന്നു. മതത്തിന്റെ ചിഹ്നം നോക്കി കൊലപ്പെടുത്തുകയാണ്. എല്ലാ വിഭാഗം ആളുകളും അതിൽപ്പെടും. മതന്യൂനപക്ഷങ്ങൾ മാത്രമല്ല, ദളിത് വിഭാഗങ്ങളും. ഈ വർഗീയതാത്പര്യത്തെ മുൻനിർത്തി വൻതോതിലുള്ള ആക്രമണത്തെ നേരിടുകയാണ്. കേരളം, നമ്മുടെ രാജ്യത്തെ ഏതൊരു പ്രദേശത്തു നിന്നും വ്യത്യസ്തമായി, കേന്ദ്രഭരണകൂടം സ്വീകരിക്കുന്ന നിലപാടുകൾക്ക് വ്യത്യസ്തമായി, പിന്നോക്ക വിഭാഗങ്ങൾക്ക് ക്ഷേത്രങ്ങളിൽ ശാന്തിക്കാരാകുന്നതിന് നിയമപരമായ അവകാശം നൽകി. അതൊരു ചരിത്ര സംഭവമാണ്. പിന്നോക്ക സമുദായക്കാർക്കും ദളിത് വിഭാഗത്തിനും ബ്രാഹ്മണ്യത്തിന്റെ മാത്രം കുത്തകയായിരുന്ന ക്ഷേത്രാചാരങ്ങൾ മാറുകയാണ്. ആചാരങ്ങൾക്കുനസൃതമായി തന്നെ ക്ഷേത്രങ്ങൾ പ്രവർത്തിക്കണം. പൂജാ നടപടി ക്രമങ്ങളെല്ലാം അതിന്റെ സാധാരണരീതിക്കനുസരിച്ചായിരിക്കണം. അതിലൊന്നും മാറ്റംവരുത്താതെ കേരളത്തിൽ ഈ പരിഷ്ക്കരണം നടപ്പിലാക്കി. ദേവസ്വം ബോർഡ് നിയമനങ്ങളിൽ മുന്നോക്ക വിഭാഗങ്ങളിലെ പിന്നോക്ക വിഭാഗക്കാർക്ക് പരിഗണന നൽകുന്ന നിലപാട് ഗവൺമെന്റ് എടുത്തു. ഇതെല്ലാം വർഗപരമായ സമീപനത്തിൽ നിന്നുകൊണ്ടല്ലാ, ഗവൺമെന്റിന്റെ നിലപാടുകളാണ്. കേന്ദ്ര ഭരണകൂടം ഇപ്പോൾ ചില പുതിയ രീതികൾ അവലംബിക്കുന്നുണ്ട്. ചില പ്രദർശനങ്ങൾ അവർ ജനങ്ങളുടെ മുന്നിൽ കൊണ്ടുവരുന്നുണ്ട്. 2019 ആദ്യമോ, ചിലപ്പോൾ 2018 അവസാനമോ പാർലമെന്റിലേക്ക് തെരഞ്ഞെടുപ്പ് നടക്കുവാനുള്ള സാധ്യതയുണ്ട്. ആ തെരഞ്ഞെടുപ്പിനെ ലക്ഷ്യം വച്ച് ചില പൊടിക്കൈകൾ പ്രയോഗിക്കാൻ അവർ ശ്രമിച്ചെന്നു വന്നേക്കാം. പക്ഷെ വർഗീ




യ നിലപാടുകൾക്ക് വിധേയമായ സമീപനങ്ങളിൽ നിന്നും അവർ മാറുന്നില്ല. ഈ സാഹചര്യത്തിൽ നിന്നും ഇന്ത്യൻ തൊഴിലാളി വർഗത്തിന് മോചനം നേടാൻ രാഷ്ട്രീയമായ സമീപനം സ്വീകരിക്കേണ്ട സന്ദർഭം കൂടിയാണിത്. ട്രേഡ് യൂണിയന്റെ ഭാഗമായി പ്രവർത്തിക്കുന്ന എല്ലാ സംഘടനകളും അതിലെ അംഗങ്ങളെ, അവരുടെ നിലനിൽപ്പിനെ ബാധിക്കുന്ന കേന്ദ്രനയത്തെ തിരിച്ചറിഞ്ഞ് ആ നയങ്ങളിൽ നിന്നും സമൂഹത്തിന് മോചനം വേണം. സാമ്പത്തിക നയങ്ങളിൽ ഇവിടെ മുൻ ഗവൺമെന്റ്, മുൻ യു.പി.എ ഗവൺമെന്റ് സ്വീകരിച്ച സമീപനം, അതിന് നേതൃത്വം കൊടുത്ത രാഷ്ട്രീയ പാർട്ടി ദീർഘകാലമായി സ്വീകരിച്ച സാമ്പത്തിക നയ സമീപനം, അത്തരം നിലപാടുകളിൽ നിന്നുകൊണ്ട് രാജ്യത്തെ തൊഴിലാളി വർഗത്തിന് സംരക്ഷണം കിട്ടുമോ, ജനങ്ങൾക്ക് സംരക്ഷം കിട്ടുമോ, വർഗീയ നിലപാടുകളിൽ നിന്നും സാമ്പത്തിക നയങ്ങളുടെ കെടുതിയിൽ നിന്നും നാം ട്രേഡ് യൂണിയൻ സംഘടനകൾ, സർവീസ് സംഘടനകൾ സാമ്പത്തിക നയങ്ങൾക്കെതിരായി ദീർഘകാലമായി പോരാടുന്നവരാണ്. 1991 മുതൽ ഇന്ത്യയിൽ നടപ്പിലാക്കിയ സാമ്രാജ്യ താത്പര്യങ്ങൾക്കനുസൃതമായ സാമ്പത്തിക പരിഷ്കാരങ്ങൾ, ആഗോള നയങ്ങൾ, ഇതിനെ എതിർത്തുവരുന്നവരാണ് നമ്മൾ. നിരവധി പോരാട്ടങ്ങളിലേർപ്പെട്ടവരാണ് നാം. ആ പോരാട്ടങ്ങൾക്ക് ഫലം കാണുക തന്നെ വേണം. അതിനു സഹായകരമായ നിലപാടുകൾ സ്വീകരിക്കണം. കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നയങ്ങളെ പൊളിച്ചെഴുതേണ്ടതുണ്ട്. ആ നയങ്ങൾ അവർ സ്വാഭാവികമായും അവർ പൊളിച്ചെഴുതാൻ തയ്യാറാകുമോ. തയ്യാറായിട്ടില്ലെങ്കിൽ എന്താ വഴി. അധികാരത്തിൽ നിന്നും പുറന്തള്ളുക തന്നെ. വേറെ വഴിയൊന്നുമില്ല. ആ ഒരു ലക്ഷ്യം കൈവരിക്കാൻ ഇടതുപക്ഷ ഗവൺമെന്റ് സ്വീകരിച്ചുവരുന്ന ബദൽ നയങ്ങൾ, തൊഴിൽ ചെയ്യുന്നവരിലും ജനങ്ങളിലും ഉയർത്തിക്കൊണ്ടുവന്ന് കൂടുതൽ കൂടുതൽ ജനവിഭാഗങ്ങളെ ഈ ചേരിയിൽ അണിനിരത്തുന്നതിനുള്ള സമീപനം നാം സ്വീകരിക്കേണ്ടതുണ്ട്. സിവിൽ സർവീസ് കാര്യക്ഷമവും അഴിമതിവിമുക്തവുമാക്കുക എന്നത് ഇതിന്റെ ഭാഗമായി ഉയർത്തിപ്പിടിക്കുന്ന ലക്ഷ്യമാണ്. എല്ലാ ജീവനക്കാരുടേയും ഇടപെടൽ ഈ ലക്ഷ്യം കൈവരിക്കുന്നതിനുണ്ടാകണം. പി.എസ്.സിയുടെ പ്രവർത്തനത്തിൽ വന്ന മാറ്റം സേവനങ്ങൾ മെച്ചപ്പെടുത്താൻ കഴിയുമെന്നതിന്റെ തെളിവാണ്. കൂടുതൽ മികവ് പ്രകടിപ്പിക്കാൻ നമ്മുടെ യൂണിയൻ അംഗങ്ങളായ എല്ലാ സഖാക്കൾക്കും കഴിയും എന്നു തന്നെയാണ് പ്രതീക്ഷിക്കുന്നത്. സർവീസിൽ നിന്നും വിരമിക്കുന്ന ജയകുമാർ, വി.എ.ശിവൻ, റ്റി.ജെ.ജോസ്, വി.എൻ.സോമരാജ്, എസ്.അജയകുമാർ എന്നീ സഖാക്കൾക്ക് ഒരിക്കൽ കൂടി എല്ലാവിധ ആശംസകളും അർപ്പിക്കുന്നു. ഈ സർവീസ് മേഖലയിൽ അവർ കൈവരിച്ച, അവർക്കുണ്ടായ അനുഭവങ്ങൾ, ഭാവി ജീവിതത്തിൽ ശരിയായ നിലപാട് സ്വീകരിക്കാൻ അവർക്ക് കഴിയും എന്ന വിശ്വാസം പ്രകടിപ്പിച്ചുകൊണ്ട് അവരുടെ ഭാവി ജീവിതത്തിന് ഒരിക്കൽ കൂടി എല്ലാ ആശംസകളും നേർന്ന് ഈ യാത്രയയപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്തതായി അറിയിക്കുന്നു. അഭിവാദനങ്ങൾ.



കെ. പ്രശാന്ത്കുമാർ

*(2018 ജൂലൈ 13-ന് പി.എസ്.സി.യു.ഇ.ന്റെ 45-ാം സംസ്ഥാന സമ്മേളനത്തിൽ നടന്ന യാത്രയയപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് നടത്തിയ പ്രസംഗം)*




**കിസാൻ-മസ്ദൂർ സംഘർഷ് റാലി-എഫ്.എസ്.ഇ.ടി.ഒ.**

**സമകാലികം**

# മസ്ദൂർ – കിസാൻ സംഘർഷ് റാലി

2018 സെപ്തംബർ 5-ന് കേന്ദ്രത്തിലെ ബി.ജെ.പി. സർക്കാരിന്റെ തൊഴിലാളി-കർഷക ദ്രോഹ നടപടികൾ തിരുത്തണമെന്ന ആവശ്യവുമായി കിസാൻ സഭയും സി.ഐ.ടി.യു വും കർഷകതൊഴിലാളി യൂണിയനും സംയുക്തമായി സംഘടിപ്പിച്ച മസ്ദൂർ-കിസാൻ സംഘർഷ് റാലി രാജ്യം കണ്ട വലിയ കർഷക-തൊഴിലാളി മുന്നേറ്റമായിരുന്നു. "ഒന്നുകിൽ നയം മാറ്റുക അല്ലെങ്കിൽ സർക്കാർ മാറ്റം " എന്ന മുദ്രാവാക്യവുമായി കർഷകരും തൊഴിലാളികളും ജീവനക്കാരും അണിചേർന്ന പാർലമെന്റ് മാർച്ചിൽ മൂന്നരലക്ഷത്തിലധികം പേർ പങ്കെടുത്തു. പാർലമെന്റ് സ്ട്രീറ്റിലെ പൊതുയോഗ വേദി മുതൽ കൊണാട്ട് പ്ലേസുവരെ നീളുന്ന രണ്ട് കിലോമീറ്റർ ദൂരത്തിന് ഉൾക്കൊള്ളാവുന്നതിലും അധികമായിരന്നു ജനപ്രവാഹം. ദിവസങ്ങൾക്ക് മുമ്പ് എത്തിച്ചേർന്ന കർഷകരും തൊഴിലാളികളും രാംലീല മൈതാനിയിൽ സ്ഥാപിച്ച ക്യാമ്പുകളിലായിരുന്നു താമസിച്ചത്. ദിവസങ്ങളായി ഡൽഹിയിൽ തിമിർത്ത് പെയ്യുന്ന മഴയ്ക്ക് റാലിയുടെ ആവേശം ഒട്ടും ചോർത്താൻ കഴിഞ്ഞില്ല.

വിലക്കയറ്റം തടയുക, പൊതുവിതരണ സമ്പ്രദായം

**നോട്ടു നിരോധനം അനൗപചാരിക മേഖലയെ തകർത്തെറിഞ്ഞു. ഗ്രാമീണ, കാർഷിക, ചെറുകിട ഉൽപാദനമേഖലകളിൽ ലക്ഷക്കണക്കിനാളുകൾക്ക് തൊഴിൽ നഷ്ടമുണ്ടായി. നിർമ്മാണം, നിർമ്മിതോൽപ്പന്ന മേഖലകളും ചലനമറ്റു. സേനവമേഖലകളിലും തകർച്ച അനുഭവപ്പെട്ടു. രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ രണ്ടുശതമാനം ഇടിവാണ് നോട്ട് നിരോധനം വരുത്തിയത്**

സാർവ്വത്രികമാക്കുക, തൊഴിൽ ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുക, എല്ലാ വിഭാഗം തൊഴിലാളികൾക്കും 18000/-രൂപ കുറഞ്ഞ വേതനമായി പ്രഖ്യാപിക്കുക, സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള ആദായ നിരക്കിൽ കാർഷിക വിളകൾ സംരക്ഷിക്കുക, കർഷക തൊഴിലാളികൾക്ക് വേണ്ടി സമഗ്രമായ നിയമം നടപ്പിലാക്കുക, നവഉദാരവൽക്കരണ നയങ്ങൾ പിൻവലിക്കുക, എല്ലാ ഗ്രാമീണ മേഖലയിലും തൊഴിലുറപ്പ് നിയമം നടപ്പിലാക്കുക, നഗരങ്ങളിലും തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കാൻ നിയമ ഭേദഗതി കൊണ്ടുവരിക, നിർബന്ധപൂർവ്വം ഭൂമി ഏറ്റെടുക്കുന്നത് അവസാനിപ്പിക്കുക, പ്രകൃതി ദുരന്തങ്ങളിലെ ഇരകൾക്ക് ആശ്വാസവും പുനരധിവാസവും ഉറപ്പാക്കുക, സാർവ്വത്രിക സാമൂഹ്യസുരക്ഷ ഉറപ്പാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് മാർച്ച് നടത്തിയത്.

പാർലമെന്റ് മാർച്ചിൽ കർഷകർ-തൊഴിലാളികൾ എന്നിവർക്ക് പുറമെ ബാങ്കിംഗ്-ഇൻഷ്വറൻസ്, ട്രാൻസ്പോർട്ട്, കേന്ദ്ര-സംസ്ഥാന ജീവനക്കാരും പങ്കെടുത്തു. കർഷക, കർഷക തൊഴിലാളി, തൊഴിലാളി ഐക്യത്തിന്റെ കരുത്തുറ്റ ശൃംഖല രാജ്യവ്യാപകമായി രൂപപ്പെടുത്തിയ സമരമെന്ന നിലയിൽ ഈ മഹാറാലിയ്ക്ക് ചരിത്രത്തിൽ വലിയ സ്ഥാനമാണുള്ളത്. കേരളത്തിൽ നിന്നും പതിനായിരത്തിലേറെ പേർ പാർലമെന്റ് മാർച്ചിൽ പങ്കാളികളായി.

## പാളിപ്പോയ നോട്ടു നിരോധനം

2016 നവംബർ 08 ന് കേന്ദ്രത്തിലെ ബി.ജെ.പി. സർക്കാർ അസാധുവാക്കിയ നോട്ടിന്റെ 99.35 ശതമാനം നോട്ടുകളും ബാങ്കുകളിൽ തിരച്ചെത്തിയതായി റിസർവ് ബാങ്കിന്റെ 2017-18 ലെ വാർഷിക റിപ്പോർട്ട് വ്യക്തമാക്കുന്നു. 1547000 കോടി രൂപ മൂല്യം വരുന്ന നോട്ടുകളാണ് അസാധുവാക്കിയത്. 1531873 കോടി രൂപയുടെ നോട്ടുകളും തിരിച്ചെത്തി. 9927 കോടി രൂപമാത്രമാണ് തിരിച്ച് വരാനുള്ളത്. പുതിയ കറൻസി അച്ചടിയ്ക്കുന്നതിനായി 12000 കോടി രൂപയിലേറെ ചെലവഴിച്ചു.

കള്ളപ്പണം നിയന്ത്രിക്കുക, കള്ളനോട്ടുകൾ പിടികൂടുക, അഴിമതി തടയുക, ഭീകരപ്രവർത്തനത്തിന്റെ സാമ്പത്തിക ഉറവിടങ്ങൾ പൂട്ടുക എന്നീ അവകാശ




വാദങ്ങൾ ഉന്നയിച്ചുകൊണ്ടാണ് കേന്ദ്ര സർക്കാർ 500, 1000 രൂപ നോട്ടുകൾ ഒറ്റയടിയ്ക്ക് അസാധുവാക്കിയത്.

കള്ളപ്പണമായി പ്രചാരത്തിലുണ്ടായിരുന്ന അഞ്ച് ലക്ഷം കോടി രൂപയുടെ നോട്ടുകളെങ്കിലും മടങ്ങിവരില്ലെന്നും, ഇത് രാജ്യത്തിന് വൻ നേട്ടമാകുമെന്നാണ് കേന്ദ്ര സർക്കാരും ബി.ജെ.പി. യും പ്രചരിപ്പിച്ചത്.

ഏതൊരുവിധ മുന്നൊരുക്കവുമില്ലാത്ത നോട്ട് നിരോധനത്തെത്തുടർന്ന് ജനങ്ങൾ അനുഭവിച്ച ദുരിതം മാത്രമാണ് ബാക്കി. നോട്ട് മാറുന്നതിനു വേണ്ടിയുള്ള ജനങ്ങളുടെ ഓട്ടവും പരക്കം പാച്ചിലും ദുരിതപൂർണ്ണമായിരുന്നു. ലക്ഷക്കണക്കിന് രൂപ ബാങ്കിൽ നിക്ഷേപമുണ്ടായിട്ടും ആഴ്ചയിൽ ബാങ്കിൽ നിന്നും പിനവലിക്കാനുള്ള അനുവാദം 24000/- രൂപയായി പരിമിതപ്പെടുത്തി. ബാങ്കിൽ നിന്ന് പണം പിൻവലിക്കാൻ എത്തിയവർക്ക് വിരലിൽ മഷി അടയാളപ്പെടുത്തി. 105 പേർ കുഴഞ്ഞുവീണു മരിച്ചു. നോട്ടു നിരോധനം അനൗപചാരിക മേഖലയെ തകർത്തെറിഞ്ഞു. ഗ്രാമീണ, കാർഷിക, ചെറുകിട ഉൽപാദനമേഖലകളിൽ ലക്ഷക്കണക്കിനാളുകൾക്ക് തൊഴിൽ നഷ്ടമുണ്ടായി.



നിർമ്മാണം, നിർമ്മിതോൽപ്പന്ന മേഖലകളും ചലന മറ്റു. സേനവമേഖലകളിലും തകർച്ച അനുഭവപ്പെട്ടു. രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ രണ്ടുശതമാനം ഇടിവാണ് നോട്ട് നിരോധനം വരുത്തിയത്. ജി.ഡി.പി. വളർച്ചയിൽ ഒരു ശതമാനം കുറവുണ്ടാകുമ്പോൾ ദേശീയ വരുമാനത്തിൽ 1.5 ലക്ഷം കോടി രൂപയുടെ നഷ്ടവും ഒരു ലക്ഷം തൊഴിൽ നഷ്ടവുമാണുണ്ടാകുന്നത്.

## ടു പ്ലസ് ടു

2018 സെപ്തംബർ 6–ന് ഡൽഹിയിൽ നടന്ന അമേരിക്കയുടെയും ഇന്ത്യയുടെയും വിദേശ പ്രതിരോധ മന്ത്രിമാർ തമ്മിലുള്ള ആദ്യ ടു പ്ലസ് ടു ചർച്ച നടന്നു. ചർച്ചയെ തുടർന്ന് അമേരിക്കയുടെ സമ്പൂർണ്ണ സൈനിക ആശയവിനിമയ സുരക്ഷ കരാറിൽ (COMCASA) കേന്ദ്ര സർക്കാർ ഒപ്പുവച്ചു. (Communications Captabiity and Security Agreement). ഈ കരാർ അനുസരിച്ച് അമേരിക്ക നൽകുന്ന ആയുധ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നുണ്ടോയെന്ന് അമേരിക്ക നിരീക്ഷിക്കും. സ്വാഭാവികമായും ഇന്ത്യൻ സൈനിക കേന്ദ്രങ്ങൾ അമേരിക്കൻ സൈനിക വിഭാഗത്തിന് പരിശോധനയ്ക്കായി തുറന്ന് കൊടുക്കേണ്ടിയുംവരും. ടു പ്ലസ് ടു യോഗം ഇനി എല്ലാ വർഷവും നടക്കും.

കേന്ദ്രത്തിൽ നരേന്ദ്രമോഡിയുടെ നേതൃത്വത്തിലുള്ള ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നതോടെയാണ് അമേരിക്കയുമായി സൈനിക സഖ്യം സ്ഥാപിക്കുന്നതിനുള്ള നീക്കങ്ങൾ ശകതമാക്കിയത്. 2015–ൽ പ്രസിഡന്റ് ബാരക് ഒബാമ ഇന്ത്യ സന്ദർശിച്ചപ്പോഴാണ് ഇന്ത്യൻ മഹാസമുദ്ര മേഖലയ്ക്കും, ഏഷ്യ–പസഫിക് മേഖലയ്ക്കുമായുള്ള സംയുക്ത കാഴ്ചപ്പാട് കരാറിൽ ഇന്ത്യ ഒപ്പുവച്ചത്. ഇതിനെ തുടർന്ന് 2016 ൽ അമേരിക്കയുടെ പ്രധാന പ്രതിരോധ പങ്കാളിയായി ഇന്ത്യ അംഗീകരിക്കപ്പെട്ടു. തുടർന്ന് അതേ വർഷം തന്നെ സൈനിക സൗകര്യങ്ങൾ പരസ്പരം കൈമാറുന്ന ലെമോവ കരാറിലും ഒപ്പുവച്ചു. ഈ കരാർ പ്രകാരം അമേരിക്കൻ നാവിക കപ്പലുകൾക്കും, യുദ്ധവിമാനങ്ങൾക്കും ഇന്ത്യൻ നാവിക–വ്യോമ താവളങ്ങളിൽ ഇന്ധനം നിറയ്ക്കുന്നതിനും, അറ്റകുറ്റപ്പണികൾ നടത്തുന്നതിനും അനുവാദം ലഭ്യമായി.

ലോകത്തിലെ പ്രധാന സാമ്പത്തിക ശക്തിയായി ഉയർന്നു വരുന്ന ചൈനയെ വളയുക എന്ന തന്ത്രമാണ് അമേരിക്ക അടങ്ങുന്ന നാറ്റോ സഖ്യ രാഷ്ട്രങ്ങൾ ലക്ഷ്യമിടുന്നത്. അതിനായി ദക്ഷിണേഷ്യൻ രാജ്യങ്ങളിൽ ശക്തിയുള്ള ഇന്ത്യയുമായി സൈനിക കരാറുകളടക്കം ഒപ്പുവയ്ക്കുന്നതിന് അമേരിക്ക ഇന്ത്യയെ സമ്മർദ്ദത്തിലാക്കുകയാണ്. ഇറാനുമായുള്ള ആണവകരാറിൽ നിന്നും പിന്മാറിയ അമേരിക്ക ഇറാനെതിരെ ഉപരോധങ്ങൾ ഏർപ്പെടുത്തുന്നതിന് ശ്രമമാരംഭിച്ചിട്ടുണ്ട്. അതിനെ തുടർന്ന് ഇറാനിൽ നിന്നും ഇന്ത്യ എണ്ണ വാങ്ങുന്നത് അവസാനിപ്പിക്കാനുള്ള ശ്രമം കേന്ദ്ര സർക്കാർ ആരംഭിച്ചിട്ടുണ്ട്. ●

ബി.പ്രദീപ്

# ലെനിന്റെ നാട്ടിലെ ലോകകപ്പ്

ജൂലൈ 14 ന് മോസ്കോയിലെ ലുഷ്നീസ്ക്കീ സ്റ്റേഡിയത്തിൽ നടന്ന ഫൈനൽ മത്സരത്തിൽ രണ്ടിനെതിരെ നാലു ഗോളുകൾക്ക് ക്രോയേഷ്യയെ പരാജയപ്പെടുത്തി ഫ്രാൻസ് പുതിയ ലോക ജേതാക്കളായതോടുകൂടി ഒരു മാസത്തോളം ലോകത്തെ മുഴുവൻ ബാധിച്ചിരുന്ന ഫുഡ്ബാൾ പനിക്ക് ഒരു ശമനമുണ്ടായി. മോസ്കോ ഉൾപ്പെടെ റഷ്യയിലെ 11 നഗരങ്ങളിലായി സംഘടിപ്പിച്ച ഈ ഫുഡ്ബോൾ മേള ഇന്ന് വരെ നടന്നിട്ടുള്ള ലോക കപ്പുകളിൽ ഏറ്റവും മികച്ചത് എന്ന് ഫിഫ (ലോക ഫുഡ്ബാൾ സംഘടന) തന്നെ വിയിരുത്തി. ഫിഫയേയും അതിന്റെ കച്ചവട താല്പര്യങ്ങളേയും കാലങ്ങളായി നിയന്ത്രിക്കുന്ന പാശ്ചാത്യ ലോബിക്ക് അത്ര പ്രിയമുള്ള പദമല്ല റഷ്യ. 2018 ലോകകപ്പിനുള്ള ആധിധേയത്വം ലഭിച്ചതുമുതൽ അതിൽ അഴിമതി ആരോപിച്ചും രാഷ്ട്രീയമായും അല്ലാതെയുമുള്ള കാരണങ്ങൾ ഉയർത്തിക്കാട്ടി യും ഇവർ ശകുനം മുടക്കികളായി തുടർന്നു. ഇതിനിടയിൽ നിന്നുകൊണ്ടാണ് റഷ്യക്കാർക്ക് കുറ്റമറ്റ രീതിയിൽ ഈ ലോകകപ്പ് സംഘടിപ്പിക്കാൻ കഴിഞ്ഞത്. നീണ്ടുനിൽക്കുന്ന ക്ലബ്ബ് സീസൺ കളിച്ചു തളർന്ന കളിക്കാർ തുടർന്ന് രാജ്യത്തിനുവേണ്ടിയിറങ്ങുമ്പോൾ വീര്യം കുറഞ്ഞുപോകുന്ന അവസ്ഥ കഴിഞ്ഞ ലോകകപ്പുകളിൽ കണ്ടതാണ്. എന്നാൽ ഈ ലോക കപ്പിലെ കളികൾ മികച്ച നിലവാരമുള്ളതായിരുന്നു എന്നതും റഷ്യൻ ലോക കപ്പിന്റെ മാറ്റ് കൂട്ടി.

ലോകത്ത് എവിടെയും ഉള്ളതിനോട് കിടപിടിക്കത്തക്ക ആരവവും ആഘോഷവുമായി ആയിരുന്നു ലോകകപ്പിനെ നമ്മുടെ നാടും വരവേറ്റത്. ഇന്ത്യ ലോകകപ്പിൽ കളിക്കന്നോ ഇല്ലയോ എന്നത് നമുക്ക് പ്രശ്നമല്ല. അർജന്റീന, ബ്രസീൽ എന്നീ രണ്ടു പക്ഷത്തായി കേരളം വേർതിരിഞ്ഞു. ബ്രസീലിന് ലോകം മുഴുവൻ ആരാധകരുണ്ട് എന്നത് വസ്തുതയാണ്. എന്നാൽ അർജന്റീനക്ക് ആ രാജ്യത്തിന് പുറത്ത് കേരളത്തിലല്ലാതെ ഇത്രയധികം ആരാധകരുണ്ടോ എന്ന് അറിയില്ല. മലയാളികൾ ലോകകപ്പ് കണാൻ തുടങ്ങിയത് 1986 മുതലാണ്. മെക്സിക്കോയിൽ വച്ച് നടന്ന ആ ലോക കപ്പ് മാറഡോണ എന്ന അർജന്റീനക്കാരൻ തന്റെ ഇടം കാലിൽതന്നെ ഒതുക്കിയി






രുന്നു. അന്നു തുടങ്ങിയതാണ് മലയാളികൾക്കു അർജന്റീന എന്ന ടീമിനോടുള്ള മമത. ഇപ്പോൾ ലയണൽ മെസ്സിയിലും ഒരു മറഡോണയെ മലയാളികൾ കാണുന്നുണ്ടാകാം. പക്ഷേ ഈ രണ്ടു തെക്കെ അമേരിക്കൻ ടീമുകളും ഈ ലോകകപ്പിൽ മലയാളികളെ ശരിക്കും തോൽപിച്ചു കളഞ്ഞു. അതിന്റെ നിരാശയും ദു:ഖവും ഇന്നും തീരാത്തവരുണ്ട്. കസാനിൽ വെച്ചു നടന്ന പ്രീ ക്വാർട്ടറിൽ അർജന്റീനക്കെതിരെ എംബാബെ എന്ന പുത്തൻ താരവും അതേ ഗ്രൗണ്ടിൽ ക്വാർട്ടറിൽ ബ്രസീലിനെതിരെ ബെൽജിയത്തിന്റെ ഡി ബ്രയിനെയും പായിച്ച വെടിയുണ്ടകൾ യഥാർത്ഥത്തിൽ വന്നു തറച്ചത് ഇങ്ങ് കേരളത്തിലെ ഫുട്ബാൾ പ്രേമികളുടെ നെഞ്ചിലാണ്. ലോകകപ്പ് തുടങ്ങുന്നതിനു മുൻപ് വാങ്ങികൂട്ടിയ മഞ്ഞയും നീലവരയനുമായ കുപ്പായങ്ങൾ ക്വാർട്ടർ കഴിഞ്ഞതോടുകൂടി പെട്ടിക്കുള്ളിൽ വെക്കേണ്ടിവന്നു. ഇതിനേക്കാൾ കഷ്ടമായിരുന്നു മലയാളികളുടെ മറ്റൊരു പ്രിയ ടീമായ ജർമ്മനിയുടെ ഗതി. അവർക്കു ഗ്രൂപ്പ് ഘട്ടത്തിൽ തന്നെ റഷ്യയിൽ നിന്ന് വണ്ടികയറേണ്ടിവന്നു.

2003 നുശേഷം തെക്കേഅമേരിക്കൻ ടീമുകൾക്ക് ലോകകപ്പിൽ വേണ്ടത്ര ശോഭിക്കാൻ കഴിഞ്ഞിട്ടില്ല. 2014–ൽ ബ്രസീലിൽ വെച്ച് ലോക കപ്പ് നടന്നപ്പോൾ തെക്കേ അമേരിക്കൻ ടീമുകളുടെ പ്രകടനം വിസ്മരിക്കുന്നില്ല. എങ്കിലും ലോക ഫുട്ബാളിലെ അധിപത്യം പതുക്കെ യൂറോപ്യന്മാരുടെ കൈകളിലേക്കു ചായുന്നതാണ് കാണാൻ കഴിയുന്നത്. ഈ ലോക കപ്പിലാകട്ടേ സെമിമുതൽ യൂറോപ്യൻ ടീമുകൾ മാത്രമായി.

ലോകകപ്പുകളുടെ ചരിത്രം പരിശോധിച്ചാൽ പങ്കെടുക്കുന്നതിൽ ഏറ്റവും മികച്ച ടീം കപ്പുമായി അല്ല തിരികെ പോകുന്നത് എന്ന് കാണാം. 1954–ൽ പുസ്കസ്സിന്റെ ഹംഗറി, 1974–ൽ ക്രൈഫിന്റെ ഹോളണ്ട്, 1982–ൽ സീക്കോയുടെ ബ്രസീൽ, 1998–ൽ റൊണാൾഡോ (ക്രിസ്റ്റ്യാനോ റൊണാൾഡോ അല്ല) യുടെ ബ്രസീൽ ഈ ടീമുകളൊന്നും ചാമ്പ്യൻമാർ ആയില്ല എന്നത് വിശ്വസിക്കാനാകില്ല. ഈ പാരമ്പര്യത്തിന് ഇക്കുറിയും മാറ്റമുണ്ടായില്ല. റഷ്യയിൽ കണ്ടതിൽ ഏറ്റവും മികച്ച ടീം ബെൽജിയമായിരുന്നു. ഹസ്സാർഡ് ഡി ബ്രുയിനെ, ലുക്കാക്കു എന്നിവർ ഉൾപ്പെട്ട അവരുടെ ആക്രമണ നിര ഏതൊരു പ്രതിരോധത്തിനും വെല്ലുവിളി ഉയർത്താൻ പോന്നതായിരുന്നു. എങ്കിലും സെമിയിൽ കപ്പ് നേടിയ ഫ്രാൻസിനോട് ഒരു ഗോളിന് ആവർക്ക് അടിയറവ് പറയേണ്ടിവന്നത് തന്ത്രങ്ങളിലുണ്ടായ പാളിച്ചമൂലമായിരുന്നു. ഒടുവിൽ അവർക്ക് മൂന്നാം സ്ഥാനം കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. ഈ ലോകകപ്പിൽ കണ്ട ഏറ്റവും നല്ല കളി ഫ്രാൻസും അർജന്റീയനയും തമ്മിൽ നടന്ന പ്രീ ക്വാർട്ടർ ആയിരുന്നു. ഫ്രാൻസിനുവേണ്ടി പാവേദും അർജന്റീനയ്ക്കായി ഡീ മരീയയും നേടിയ അതിമനോഹരങ്ങളായതു ഉൾപ്പെടെ 7 ഗോളുകൾ പിറന്ന മത്സരമായിരുന്നു. അത്. എംബാപ്പെ എന്ന കൗമാരക്കാരനെ തളക്കാനുള്ള വേഗത അർജന്റീനയുടെ പ്രതിരോധകാർക്ക് ഇല്ലാതെ പോയതാണ് അവരുടെ പരാജയ കാരണം.

2022–ലെ ലോക കപ്പിന് വേദിയാകുന്നത് ഖത്തർ എന്ന ഗൾഫ് രാജ്യമാണ്. റഷ്യയിൽ കാലിടറിയ സൂപ്പർ താരങ്ങൾക്കു കണക്ക് തീർക്കാനായി 4 വർഷത്തെ കാത്തിരിപ്പുണ്ട്. നമ്മൾ മലയാളികൾക്ക് അർജന്റീനയുടെയും ബ്രസീലിന്റെയും ഫ്ളക്സ് ബോർഡുമായി കാത്തിരിക്കാം. ഖത്തറായതുകൊണ്ട് ഉറക്കമൊഴിയേണ്ടിവരില്ല എന്ന ഒരു ആശ്വാസമുണ്ട്. ●

കെ.സെബാസ്റ്റ്യൻ

# പാലസ്തീൻ– രൂക്ഷമാകുന്നു

**നിരവധി ആളുകളുടെ ജീവഹാനിയും യുദ്ധങ്ങളും, അഭയാർത്ഥികളെയും സൃഷ്ടിച്ച അറബ്–ഇസ്രായേൽ സംഘർഷത്തിന്റെ അടിസ്ഥാനം ബാൽഫർ പ്രഖ്യാപനമാണ്. ഒന്നാം ലോകമസഹായുദ്ധത്തിന് ശേഷം 1922–ൽ ബ്രിട്ടീഷ് മാൻഡേറ്ററി ഭരണം സ്ഥാപിച്ചതോടെ ബ്രിട്ടീഷ് സർക്കാരിന്റെ സഹായത്തോടെ ജൂതർ അറബികളുടെ ഭൂമി പിടിച്ചെടുത്തും, വിലയ്ക്കുവാങ്ങിയും കോളനികൾ സ്ഥാപിച്ചു**

2017 ഡിസംബർ 6–ന് ജറുസലേമിനെ ഇസ്രായേലിന്റെ തലസ്ഥാനമായി അംഗീകരിക്കുന്ന പ്രഖ്യാപനം അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് നടത്തിയതോടെയാണ് പാലസ്തീൻ പ്രശ്നത്തിന് പുതിയ വഴിത്തിരിവ് വന്നത്. എന്നാൽ ജറുസലേമിനെ ഇസ്രായേൽ തലസ്ഥാനമായി ഏകപക്ഷീയമായി പ്രഖ്യാപിച്ച അമേരിക്കൻ നടപടിയെ ഐക്യരാഷ്ട്രസഭ ഡിസംബറിൽ തന്നെ തള്ളികളഞ്ഞെങ്കിലും യു.എൻ. തീരുമാനവും ആഗോളതലത്തിലെ പ്രതിഷേധങ്ങളും അവഗണിച്ചുകൊണ്ട് അമേരിക്കൻ എംബസി ജറുസലേമിൽ തുറന്നത് പാലസ്തീനിൽ സ്ഥിതിഗതികൾ രൂക്ഷമാക്കി. ഇതിനിടെ ഈസ്താംബൂളിൽ ചേർന്ന മുസ്ലീം രാജ്യങ്ങളുടെ ഉച്ചകോടി പാലസ്തീൻ രാഷ്ട്രത്തേയും അതിന്റെ തലസ്ഥാനമായി കിഴക്കൻ ജറൂസലേമിനെയും അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടു. 2014–ന് ശേഷമുള്ള രൂക്ഷമായ ആക്രമണങ്ങളാണ് പിന്നീടുണ്ടായത്.

2018 ജൂലൈ 19ന് തീവ്രവലതുപക്ഷ കക്ഷിയായ ലിക്കുഡ് പാർട്ടിയുടെ നേതാവായ ബെഞ്ചമിൻ നെതന്യൂഹുവിന്റെ നേതൃത്വത്തിലുള്ള സർക്കാർ 55 നെതിരെ 62 വോട്ടിന് ജൂതരാഷ്ട്ര നിയമം പാസ്സാക്കി. ജൂതജനതയുടെ ചരിത്രപരമായ മാതൃഭൂമിയാണ് ഇസ്രായേൽ എന്നും ദേശീയ സ്വയം നിർണ്ണയാവകാശത്തിന് ജൂതന്മാർക്ക് അവകാശമുണ്ടെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. അവിഭക്ത ജറുസലേമിനെ ഇസ്രായേലിന്റെ തലസ്ഥാനമായും ഹിബ്രുവിനെ ദേശീയ ഭാഷയായും പ്രഖ്യാപിക്കുകയും ചെയ്യുന്ന ബിൽ അറബിയെ ഔദ്യോഗിക ഭാഷാ പട്ടികയിൽ നിന്നും തരംതാഴ്ത്തുകയും ചെയ്തു.

1896–ൽ പത്രപ്രവർത്തകനായ തിയോഡോർ ഹെർഷൻ ജൂതരാഷ്ട്രം എന്ന പുസ്തകം എഴുതി. തുടർന്ന് 1898–ൽ സ്വീറ്റ്സർലൻഡിലെ ബാസലിൽ ജൂത്മത സമ്മേളനം (ലോക സയണിസ്റ്റ് കോൺഗ്രസ്) വിളിച്ചു കൂട്ടുകയും ലോകത്തിന്റെ പലഭാഗത്തും ഛിന്നഭിന്നമായി കഴിയുന്ന ജൂതന്മാർക്ക് ഒരു രാജ്യം വേണമെന്ന പ്രമേയം പാസ്സാക്കി. ഇതേ തുടർന്ന് യൂറോപ്പിൽനിന്ന് പാലസ്തീനിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് ജൂതന്മാർ കുടിയേറി. ഒന്നാം ലോകമഹായുദ്ധ കാലത്ത് ജൂതന്മാരുടെ സാമ്പത്തിക സഹായം ലഭിക്കുന്നതിനായി ബ്രിട്ടീഷ് വിദേശകാര്യ സെക്രട്ടറി ആർതർ ബാൽഫറിന്റെ ബാൽഫർ പ്രഖ്യാപനപ്രകാരം (പാലസ്തീനിൽ ജൂതരാഷ്ട്രം എന്ന പ്രഖ്യാപനം) പാലസ്തീനികൾക്ക് അവരുടെ സ്വന്തം രാജ്യം നഷ്ടപ്പെട്ടു.

നിരവധി ആളുകളുടെ ജീവഹാനിയും യുദ്ധങ്ങളും, അഭയാർത്ഥികളെയും സൃഷ്ടിച്ച അറബ്–ഇസ്രായേൽ സംഘർഷത്തിന്റെ അടിസ്ഥാനം ബാൽഫർ പ്രഖ്യാപനമാണ്. ഒന്നാം ലോകമസഹായുദ്ധത്തിന് ശേഷം 1922–ൽ ബ്രിട്ടീഷ് മാൻഡേറ്ററി ഭരണം സ്ഥാപിച്ചതോടെ ബ്രിട്ടീഷ് സർക്കാരിന്റെ സഹായത്തോടെ ജൂതർ അറബികളുടെ ഭൂമി പിടിച്ചെടുത്തും, വിലയ്ക്കുവാങ്ങിയും കോളനികൾ സ്ഥാപിച്ചു. 1918–ൽ 56000 ആയിരുന്ന ജൂത ജനസംഖ്യം 1948–ൽ 6 ലക്ഷത്തിലേറെയായി വർദ്ധിച്ചു. 1947 നവംബർ 29–ന് ന്യൂയോർക്കിൽ ചേർന്ന ഐക്യരാഷ്ട്ര സഭ പൊതുയോഗം എടുത്ത തീരുമാനപ്രകാരം പാലസ്തീൻ പ്രദേശത്തെ ഇസ്രായേൽ പാലസ്തീൻ എന്നീ രണ്ട് സ്വതന്ത്ര രാഷ്ട്രമായി വിഭജിക്കപ്പെട്ടു. എന്നാൽ ക്രിസത്യാനികളെയും, ജൂതന്മാരുടെയും, മുസ്ലീങ്ങളുടെയും പുണ്യനഗരമായിരുന്ന ജറുസലമിനെ ഒഴിച്ചു നിർത്തി. ജ



റുസലേമിൽ ആർക്കും അധികാരം നൽകാതെ ഐക്യരാഷ്ട്ര സഭ അന്താരാഷ്ട്ര പദവി നൽകി.

1948-ലെ അറബ് ഇസ്രായേൽ യുദ്ധത്തെതുടർന്ന് ജറുസലേം നഗരം രണ്ടായി വിഭജിക്കപ്പെട്ടു. കിഴക്കൻ ജറുസലേം ജോർദ്ദാനും, പടിഞ്ഞാറൻ ജറുസലേം ഇസ്രായേലും പിടിച്ചെടുത്തു. 1967-ലെ ആറു ദിനയുദ്ധത്തിൽ ഇസ്രായേൽ ജോർദ്ദാനിൽ നിന്നും കിഴക്കൻ ജറുസലേം പിടിച്ചെടുക്കപ്പെട്ടു. ആറു ദിന യുദ്ധം പശ്ചിമേഷ്യൻ രാഷ്ട്രീയ ഭൂപടത്തിന് വലിയ മാറ്റങ്ങളാണ് വരുത്തിയത്. 1980-ൽ കിഴക്കൻ ജറുസലേമിനെ കൂട്ടിച്ചേർത്ത് ഇസ്രായേൽ തങ്ങളുടെ തലസ്ഥാനമായി ജറുസലേമിനെ പ്രഖ്യാപിച്ചെങ്കിലും ഐക്യരാഷ്ട്ര രക്ഷാസമിതി അതിനെ രാജ്യാന്തര നിയമലംഘനമാണെന്ന് കാരണത്താൽ തള്ളിക്കളഞ്ഞു.

പാലസ്തീൻ പ്രദേശം ബൈബിൾ അടക്കമുള്ള അതിപുരാതനമായ ചരിത്രരേഖകളിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. 8000 വർഷത്തെ ചരിത്രം ഉറങ്ങിക്കിടക്കുന്ന മധ്യപൂർവ്വദേശത്തിന്റെ കേന്ദ്രസ്ഥാനമാണ് പാലസ്തീനിലെ ജറുസലേം. ക്രിസ്തുവിന് മുമ്പ് ഈ പ്രദേശം റോമാ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു. പിന്നീട് നിരവധി ഭരണകൂടങ്ങളുടെ അധികാരപരിധിയിൽ വന്ന ജറുസലേം പ്രദേശം നാലു നൂറ്റാണ്ടോളം ഓട്ടോമാൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു. ഇസ്രായേൽ രാഷ്ട്രം രൂപീകരിച്ചതുമുതൽ ജൂതന്മാരും അറബികളും തമ്മിൽ ഏറ്റുമുട്ടലിലാണ്. ലോക രാഷ്ട്രീയത്തിലെ ഏറ്റവും സങ്കീർണ്ണമായ പ്രശ്നങ്ങളിലൊന്നായ പാലസ്തീൻ പ്രശ്നം പരിഹരിക്കുന്നതിനായി 1993 ആഗസ്റ്റിൽ ഇസ്രായേലും പാലസ്തീൻ ലിബറേഷൻ ഓർഗനൈസേഷനും (PLO) തമ്മിൽ ഓസ്ലോ കരാറിൽ ഒപ്പുവച്ചു. കരാർ പ്രകാരം പാലസ്തീൻ അതോറിറ്റി എന്ന സ്വയം ഭരണസംവിധാനം വെസ്റ്റ് ബാങ്കിലും ഗാസാമുനമ്പിലും സ്ഥാപിക്കുന്നതിന് പാലസ്തീന് അനുമതി നൽകി. 1993-ലെ ഓസ്ലോ കരാർ പ്രകാരം അഞ്ച് വർഷത്തിനുള്ളിൽ കിഴക്കൻ ജറുസലേം തലസ്ഥാനമായി സ്വതന്ത്ര പാലസ്തീൻ രാഷ്ട്രം രൂപീകരിക്കേണ്ടതായിരുന്നു. എന്നാൽ കരാർ ഒപ്പിട്ട് മഷി ഉണങ്ങുന്നതിന് മുമ്പ് തന്നെ ഇസ്രായേൽ ഗാസായിലേക്ക് മിസൈൽ ആക്രമണം നടത്തി. പാലസ്തീൻ വിമോചനത്തിനായി ആജീവനാന്തം പ്രയത്നിച്ച് നിത്യ പ്രചോദനമായിരുന്ന യാസർ അരഫാത്ത്, സമാധാനത്തിനായി നിലകൊണ്ട അദ്ദേഹത്തിനെ കൊലപ്പെടുത്താൻ നിരവധി ആക്രമണങ്ങൾ ഇസ്രായേൽ നടത്തിയിട്ടുണ്ട്. യാസർ അരാഫത്തിന്റെ മരണത്തോടെ പാലസ്തീൻ പ്രശ്നം രൂക്ഷമാകുകയാണുണ്ടായത്.

1948-ൽ ഇസ്രായേൽ രൂപീകരിച്ച ശേഷം ഇന്ത്യാ ഇസ്രായേലുമായി കടുത്ത അകൽച്ചയാണ് പാലിച്ചിരിക്കുന്നത് ഇന്ത്യയുടെ പ്രഥമപ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ഒരിക്കലും ഇസ്രായേലിനെ അംഗീകരിച്ചിട്ടിരുന്നില്ല എന്നാൽ കോൺഗ്രസ് പ്രധാനമന്ത്രിയായിരുന്ന പി.വി.നരസിംഹറാവുവിന്റെ കാലംമുതൽ പാലസ്തീൻ നിലപാടിയിൽ മാറ്റം വരുത്തി തുടങ്ങി. വാജ്പേയി പ്രധാനമന്ത്രിയായപ്പോൾ ഇസ്രായേലുമായി നയതന്ത്ര ബന്ധവും വ്യാപാരബന്ധവും ആരംഭിച്ചു. 2014-ൽ നരേന്ദ്രമോഡി സർക്കാർ അധികാരത്തിൽ വന്നതോടെ ഇസ്രായേൽ ബന്ധം തന്ത്രപ്രധാനമായ സഖ്യത്തിലേക്ക് വളർന്നത്. പ്രധാനമന്ത്രി നരേന്ദ്രമോഡി ഇസ്രായേൽ സന്ദർശിക്കുകയും ഇസ്രായേൽ ബന്ധം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്തു. ഇസ്രായേലിന്റെ മനുഷ്യാവകാശലംഘനങ്ങളെ അപലപിക്കുന്ന ആറ് യു.എൻ. പ്രമേയങ്ങളുടെ വോട്ടെടുപ്പിൽ നിന്ന് ഇന്ത്യ തന്ത്രപരമായി വിട്ടുനിന്നു. ലോകത്തിൽ ഇപ്പോഴും തുടരുന്ന സ്വാതന്ത്ര്യ സമരമാണ് പാലസ്തീൻ ജനതയുടെ സമരം. സ്വന്തം മണ്ണിൽ അഭയാർത്ഥിയാക്കപ്പെട്ട ജനത ഇപ്പോഴും പോരാട്ടത്തിന്റെ പാതയിലണ്. ●

കഥ

സൂനകുമാർ.എസ്.എൽ.

# വീണ്ടും....

പകൽ പതിനൊന്നു മണിക്കാണ് അരവിന്ദൻ വല്ല ച്ചിറയിൽ ബസ്സിറങ്ങിയത്. പൊടിപറത്തിക്കൊണ്ട് ബസ്സകന്നപ്പോൾ അയാൾ റോഡുമുറിച്ച് കടന്ന് സ്കൂളിലേക്ക് നടന്നു. വല്ലച്ചിറ ഗവൺമെന്റ് ഹയർ സെക്കന്റഡറി സ്കൂൾ അയാൾ പ്രതീക്ഷച്ചതിലേറെ മാറിയിരുന്നു. പന്ത്രണ്ട് കലിലോമീറ്റർ ചുറ്റളവിനുള്ളി ലുള്ള ഏക ഹയർ സെക്കന്ററി സ്കൂളാണ്. വിശാല മായ സ്കൂൾ വളപ്പിൽ പുതിയൊരു ബഹുനിലക്കെ ട്ടിടം ഉയർന്നിരിക്കുന്നു. ചുറ്റുമതിൽ, ബാസ്കറ്റ് ബോൾ കോർട്ട്..... എല്ലാം പുതിയതാണ്.

ഇന്റർവെൽ ആയിരുന്നതുകൊണ്ട് ഗ്രൗണ്ട് നിറയെ കുട്ടികളായിരുന്നു. ഇടതുതോളിൽ നിന്ന് വലം തോളി ലേക്ക് സഞ്ചി മാറ്റിയിട്ട് തലങ്ങും വിലങ്ങും പായുന്ന കുട്ടികൾക്കിടയിലൂടെ നടക്കുമ്പോൾ അയാളുടെ നോട്ടം സ്കൂൾ മുറ്റത്തിന് അഭിമുഖമായി നിൽക്കുന്ന ഓഡി റ്റോറിയത്തിലേക്ക് ചെന്നുവീണു.

ആ വേദിയിലാണ് ഗീതു നൃത്തം വച്ചത്........

ഓർമ്മകൾക്ക് കടിഞ്ഞാണിട്ട് അയാൾ ഓഫീസ് റൂമി ലേക്ക് ചെന്നുകയറി. പ്രിൻസിപ്പാൾ ഒരു സ്ത്രീയാ യിരുന്നു. നര പടർന്നു കയറിയ അവരുടെ മുടിയിൽ നിന്ന് കാച്ചെണ്ണയുടെ ഗന്ധം പരക്കുന്നുണ്ടായിരുന്നു. അരവിന്ദൻ നമസ്തേ പറഞ്ഞു സ്വയം പരിചയപ്പെ ടുത്തി. പിന്നെ സഞ്ചിയിൽ നിന്ന് അപ്പോയിന്റ്മെന്റ് ഓർഡറെടുത്ത് അവരുടെ കയ്യിലേക്ക് വച്ചുകൊടുത്തു. പ്രിൻസിപ്പാൾ വിടർന്നു ചിരിച്ചു. അന്നേരം രണ്ടു വർഷം മുന്നേ മരിച്ചുപോയ അമ്മയെ അരവിന്ദന് ഓർമ്മ വന്നു.

“അരവിന്ദൻ അപ്പോ ക്ലാസ്സിലേക്കല്ലേ......?”

ഓഫീസിലും സ്റ്റാഫ് റൂമിലും ഉണ്ടായിരുന്നവരെ യെല്ലാം ലഘുവായി ഒന്നു പരിചയപ്പെട്ടു കഴിഞ്ഞ പ്പോൾ പ്രിൻസിപ്പാൾ ചോദിച്ചു. അയാൾക്ക് വിസ്സമ്മ തമുണ്ടായിരുന്നില്ല. എത്രയോ വർഷത്തെ സ്വപ്ന മാണ് ഈ ദിനം.......

വരാന്തയിലേക്കിറങ്ങി പ്രിൻസിപ്പാൾ അയാൾക്ക് പോകേണ്ട ക്ലാസ്മുറി കാണിച്ചുകൊടുത്തു. ഉയരം കുറഞ്ഞ ഒരു അലമാരയ്ക്കു മുകളിൽ സഞ്ചി വച്ച് അരവിന്ദനിറങ്ങി ക്ലാസ് റൂം ലക്ഷ്യമാക്കി നടന്നു. ഗ്രൗണ്ടിലേക്കിറങ്ങുമ്പോൾ വീണ്ടും ഒഴിഞ്ഞുകിട ക്കുന്ന സ്റ്റേജിലേക്കു അറിയാതെ നോട്ടം ചെന്നുവീ ണുപോയി.

ആ സ്റ്റേജിലാണ് ഗീതു അപമാനിതയായി നിന്ന ത്.....

പേര് അരവിന്ദൻ.പി.



ക്ലാസ്സ്: 10 ബി.

പിൻബഞ്ചിൽ ഇടത്തുനിന്ന് നാലാമതായിരുന്നു ഇരി പ്പിടം. ഓണാവധി കഴിഞ്ഞ് സ്കൂൾ തുറന്നപ്പോഴാണ് സുമംഗല എന്ന് പേരുള്ള പുതിയ ടീച്ചർ സ്കൂളിലേക്ക് മാറ്റമായി വന്നത്. ഒപ്പം എട്ടാം ക്ലാസിലേക്ക് അവ രുടെ മകൾ ഗീതുവും. ടീച്ചറുടെ ഭർത്താവ് മരിച്ചു പോയതായി ആരോപറഞ്ഞുകേട്ടു. പഠിക്കുകയും, പാടുകയും, നൃത്തം ചെയ്യുകയും ചെയ്യുന്ന ഒരു മിടുക്കിയായിരുന്നു ടീച്ചറുടെ മകൾ.. അവൾ വരു ന്നതും പോകുന്നതും പാടുന്നതും പ്രസംഗിക്കുന്നതു മെല്ലാം ആരാധനയോടെ നോക്കി നിന്നപള്ളിക്കൂടം.




പഠിക്കാൻ മോശമെങ്കിലും പുസ്കങ്ങൾ വായിക്കുന്ന പിൻബെഞ്ചുകാരനെ ആദ്യം മുതലേ സുമംഗല ടീച്ചർ ശ്രദ്ധിച്ചുതുടങ്ങി.

വായനശാലയിലേക്ക് റോഡിലൂടെ പോകാമായിരുന്നിട്ടും ഒരു ഞായറാഴ്ച ക്ഷേത്രക്കുളത്തിനുചാരെ കൂടിയുള്ള നാട്ടുവഴി തെരഞ്ഞെടുത്തു. ടീച്ചറുടെ വാടക വീടിന് പിന്നിലൂടെയാണ് ആ വഴി. ചിലപ്പോൾ ഗീതുവിനെ കാണാൻ കഴിഞ്ഞേക്കും.. സംശയത്തിന് വക നൽകാത്തവിധം വേലിക്കുള്ളിലേക്ക് തഞ്ചത്തിൽ നോക്കി നോക്കി നടക്കവേ പെട്ടെന്ന് ഗീതു വളപ്പുകടന്ന് വഴിയിലേയ്ക്കിറങ്ങി. അവൾക്കുപിന്നാലെ വന്ന ടീച്ചർ അവനെ കണ്ടു..

"അരവിന്ദൻ ലൈബ്രറിയിലേക്കാണോ ?"

"അതെ ടീച്ചർ"

"ഇതുവഴി വന്നത് നന്നായി. ഇവളും ലൈബ്രറിയിലേക്ക് പോവ്വാണ്...... ആദ്യാ..... നീ ഒന്ന് സഹായിക്ക്...."

തലകുലുക്കി സമ്മതിച്ചു. മുന്നിൽ നടത്തി പിന്നിൽ നടക്കുമ്പോൾ ഇലകളെല്ലാം പൂക്കളാകുകയും പൂക്കളെല്ലാം ശലഭങ്ങളാവുകയും ചെയ്തു. രണ്ടാളും ഒന്നും മിണ്ടിയില്ല.

വായനശാലയിൽ മെമ്പർഷിപ്പ് എടുപ്പിച്ച് രണ്ട് പുസ്തകങ്ങൾ തെരഞ്ഞെടുത്ത് കയ്യിൽ കൊടുത്തപ്പോൾ ഗീതു ഒന്നു ചിരിച്ചു. തിരികെ നടക്കുമ്പോൾ എന്തൊക്കെയോ സംസാരിച്ചു. ചോദ്യങ്ങൾ ഗീതുവിന്റെയായിരുന്നു. ഉത്തരങ്ങൾ തന്റെയും. അങ്ങോട്ടെന്തെങ്കിലും ചോദിയ്ക്കാൻ ധൈര്യം വന്നില്ല.

"അമ്മ പറയാറുണ്ട് നിങ്ങളൊരുപാട് വായിക്കുമെന്ന്.... ഇങ്ങനെ വായിച്ചാൽ വല്ലതും കിട്ടോ....?"

വീടെത്താറായപ്പോൾ ഗീതു ചോദിച്ചു.

മറുപടിയായി ഒന്നും പറഞ്ഞില്ല. പാവാട തെല്ലുയർത്തി പായൽ പടർന്ന പടവുകൾ കയറി അവൾ മറഞ്ഞു.

അന്നാദ്യമായി ഗൃഹപാഠങ്ങൾ ചെയ്തു തീർത്തു. പാതിരാ കഴിയുവോളം പഠിച്ചു. ഉപയോഗിക്കാതെ വച്ചിരുന്ന നോട്ടുബുക്കുകളിലൊന്നിൽ ദിനാന്ത്യക്കുറിപ്പുകൾ എഴുതിത്തുടങ്ങി. ഉറങ്ങാൻ കിടക്കുമ്പോൾ ദൂരെ എവിടെയോ കോഴികൂകുന്നത് കേട്ടു.

ഒരുമിച്ചുള്ള വായനാശാലായാത്രകൾ പതിവായി. പോകെപ്പോകെ പറയാൻ വിശേഷങ്ങൾ ഏറിവന്നു. വായിച്ച പുസ്തകങ്ങൾ, കണ്ട സിനിമകൾ, അതിർത്തിയിൽ നിന്ന് ഒരു മരപ്പെട്ടിക്കുള്ളിലെത്തിയ പിന്നിപ്പൊളിഞ്ഞ അച്ഛൻ.... അങ്ങനെ എല്ലാം.

ഒരു ദിവസം ഏതോ ധൈര്യത്തിന് തന്റെ ദിനാന്ത്യക്കുറിപ്പുകൾ അവൾക്കു കൊടുത്തു. ആ രാത്രി ഉറ

ങ്ങിയില്ല. ഗീതുമാത്രമാണ് കുറിപ്പുകളിൽ നിറയെ....... എന്താകും പ്രതികരണം.

അവളത് ടീച്ചറെ കാട്ടില്ലെന്നുറപ്പായിരുന്നു. എങ്കിലും രാത്രിമുഴുവൻ ഒരു ഭയം ഉള്ളിൽ തിരയടിച്ചുകിടന്നു.

പിറ്റേന്ന് തിരികെ കിട്ടിയ നോട്ട് ബുക്കിന്റെ അവസാന പേജിൽ ഒരു കുറിപ്പുണ്ടായിരുന്നു.

"അമ്മ ഇതൊക്കെ അറിഞ്ഞാൽ കൊല്ലും..... എനിക്ക് പേടിയാണ്."

അറിയാൻ ആഗ്രഹിച്ചതെല്ലാം ആ വരികളിൽ നിന്ന് വായിച്ചെടുത്തു. പിന്നെ യാത്രകൾക്ക് മധുരം കൂടി. ക്ലാസ്സിൽ പേപ്പർ കിട്ടും മുന്നേ എല്ലാവരുടെയും മാർക്ക് താനറിഞ്ഞു. പുസ്തകങ്ങൾ വേഗം വായിച്ചു തീർത്തു. പിന്നെ വായിച്ചുതീരാത്ത പുസ്തകങ്ങളും കൊണ്ടുപോയി മാറ്റിയെടുക്കാൻ തുടങ്ങി ഒരുമിച്ചു നടക്കുവാൻ വേണ്ടി....

ഒരു നട്ടുച്ചയ്ക്ക് ഗ്രൗണ്ടിലെ തണൽമരചുവട്ടിൽ ഒറ്റയ്ക്കിരിക്കുമ്പോൾ ശരത് വന്നു. ഹെഡ്മാസ്റ്ററുടെ മകൻ.......

"ഇന്ന് വായനശാലേ പോവ്വോ....?"

"ചിലപ്പോൾ......."

"ഗീതുവരില്ലേ ഒപ്പം....."

"അറിയില്ല..... ചിലപ്പോ വരും...."

മനപ്പൂർവ്വം സ്വരൂപിച്ച നിസ്സംഗതയോടെയായിരുന്നു അവനു കൊടുത്ത മറുപടികൾ എല്ലാം. ചുറ്റും ആരുമില്ലെന്നുറപ്പുവരുത്തി ശരത് കുറച്ചുകൂടി അടുത്തേക്ക് നീങ്ങിയിരുന്നു.

"ഒരു സാധനം തന്നാൽ നീയത് ഗീതുവിന് കൊടുക്കോ....."

"എന്തുസാധനം...."

"ആരോടും പറയരുത്... ഒരു കത്താണ്..... അവൾക്കെന്നെ ഇഷ്ടമാണ്.... കാണുമ്പോഴൊക്കെ ചിരിക്കും...."

പോക്കറ്റിൽ നിന്ന് നാലായി മടക്കി ഒട്ടിച്ച ഒരു കടലാസ് അവനെടുത്തു നീട്ടി. അതു കയ്യിൽ വാങ്ങി എഴുന്നേറ്റു. പിന്നെ ഒരോട്ടമായിരുന്നു. നിസ്സഹായനായി നോക്കി നില്ക്കാൻ മാത്രമേ ശരത്തിനു കഴിഞ്ഞുള്ളു.

ഹെഡ്മാസ്റ്റർ കത്തൊന്ന് വായിച്ച് മുഖം തന്റെ നേരെ ഉയർത്തി.

"ഇത് നിനക്കെവിടെന്നു കിട്ടി....?"

"എന്റേല് തന്നു.... അവൾക്കു കൊടുക്കാൻ...."

"ഉം..... പൊയ്ക്കോ...."

തിങ്കളാഴ്ചത്തെ അസംബ്ലിയുടെ അവസാനം ശരത് പ്ലാറ്റ്ഫോമിലേക്ക് വിളിച്ചു നിർത്തപ്പെട്ടു.

എല്ലാവരും കേൾക്കെ പെൺകുട്ടിയുടെ പേര് ഒഴിവാക്കി ഹെഡ്മാസ്റ്റർ സ്വന്തം മകന്റെ പ്രേമലേഖനം ഉറക്കെ വായിച്ചു. അവസാന വരിയും വായിച്ചു അയാൾ ചൂരൽ കൈയ്യിലെടുത്തു. അസംബ്ലി പിരിയുമ്പോൾ വറ്റിപ്പോയ നിലവിളിയുമായി ശരത് പ്ലാറ്റ്ഫോമിൽ വീണുകിടന്നു.

വല്ലച്ചിറ ഹൈസ്കൂളിൽ വച്ചായിരുന്നു അക്കൊല്ലത്തെ സബ് ജില്ലാ കലോത്സവം. ഗീതു നാലോ അഞ്ചോ ഇനങ്ങളിൽ മത്സരിക്കുന്നുണ്ടായിരുന്നു. നൃത്ത മത്സരങ്ങൾ നടന്ന ദിസം എറെ വൈകിയിട്ടും വീട്ടിൽ പോകാതെ നിന്നു, കൂട്ടുകാരിയുടെ നൃത്തം കാണാൻ.

രാത്രി പതിനൊന്നര......

ഗീതുവിന് മോഹിനിയാട്ടം കൂടി ശേഷിച്ചിരുന്നു. അവളുടെ ഊഴമെത്തുമ്പൊഴേക്കും തിരികെ വരാമെന്നു കരുതി വെറുതെ ഓഡിറ്റോറിയത്തിന് പിന്നിലേക്ക് നടന്നു. വിജനമായിരുന്നു അവിടം. നല്ല നിലാവ്. അല്പം ദൂരെ മാറി വലിയൊരു കരിംഭൂതം പോലെ നിൽക്കുന്ന പ്ലാവിന്റെ ചുവട്ടിലെ വേരുകളിൽ ചെന്നിരുന്ന് എന്തെക്കൊയോ ആലോചിച്ചു. തണുത്ത കൈവിരലുകൾ പിന്നിൽ നിന്ന് കണ്ണുപൊത്തിയപ്പോൾ ഞെട്ടിപ്പോയി.

ഗീതു.....

"അമ്മ മേക്കപ്പ് റൂമിൽ കിടന്ന് കൂർക്കം വലിച്ചുറങ്ങുന്നു...." അവൾ പറഞ്ഞു.

"നീ ഇങ്ങോട്ട് വന്നത് ആരേലും കണ്ടാൽ...."

"ആരും കണ്ടില്ല...... ഞാനിപ്പോ അങ്ങ് പോകില്ലേ....."

ഗീതു തൊട്ടടുത്തായി ഒരു വേരിലിരുന്നു. പിന്നെ തന്റെ ദേഹത്തേയ്ക്ക് ചാരി. ഏതോ ധൈര്യത്തിന് അവളുടെ നെറ്റിയിൽ ഒരുമ്മ കൊടുത്തു.

മുഖത്ത് കണ്ണുപൊട്ടുന്ന വെളിച്ചം വീണത് അപ്പോളാണ്. ഞെട്ടിയെണീറ്റു പകച്ചു നോക്കുമ്പോൾ "അതാ.... അതാ...." എന്ന് വിരൽ ചൂണ്ടി നിൽക്കുന്ന ശരത്, ഹെഡ്മാസ്റ്റർ, ടീച്ചർ, പിന്നെയുമാരൊക്കെയോ....

ടീച്ചർ ഒരു ഭ്രാന്തിയെപ്പോലെ പാഞ്ഞുവന്ന് ഗീതു അണിഞ്ഞിരുന്ന മുത്തുമാലകൾ വലിച്ചു പൊട്ടിച്ചു. കൈയ്യും ബാഗും കൊണ്ട് അവളെ തലങ്ങും വിലങ്ങും തല്ലി. തന്നെ ഹെഡ്മാസ്റ്റർ ഷർട്ടിൽ തൂക്കി വലിച്ചിഴയ്ക്കുകയായിരുന്നു. ആ രാത്രി ആകെ നശിച്ചുപോയി.. മോഹിനിയാട്ടത്തിൽ ഗീതു പങ്കെടുത്തില്ല.

തിങ്കളാഴ്ചത്തെ അസംബ്ലി വീണ്ടും നിലവിളിയിൽ കുതിർന്നു. ശരത്.ജി. യ്ക്കു പകരം പി.അരവിന്ദൻ...... ഗീതു മുഖം കുനിച്ച് സ്റ്റേജിൽ നിന്നു. അവളെ അടിച്ചില്ല. പകൽ മുഴുവൻ അവൾ കുനിഞ്ഞ ശിരസ്സോടെ ക്ലാസ്സിൽ തന്നെയിരുന്നു.......

എല്ലാം എന്നേയ്ക്കുമായി നഷ്ടപ്പെട്ടു പോയെന്ന് തോന്നി..... ഉള്ളിൽ നിറയെ കയ്പ്പുമായി പാതിരാത്രിയെപ്പോഴോ കട്ടിലിൽ ചെന്നു വീണു. പുലർച്ചെ പകുതിയുറക്കത്തിൽ കിടക്കവേ പുറത്താരോ അമ്മയോട് വിളിച്ചു പറയുന്നത് കേട്ടു.

"ഇവിടത്തെ കൊച്ചിനിന്നു സ്കൂളിൽ പോകണ്ടല്ലോ..... സുമംഗല ടീച്ചറുടെ മോള് തൂങ്ങി മരിച്ചു."

ഇരുപതു വർഷങ്ങൾ മലവെള്ളം പോലെ മുന്നിലൂടെ ഒലിച്ചുപോയിരിക്കുന്നു. പലായനത്തിനും പ്രവാസത്തിനും ശേഷം വീണ്ടും അതേ സ്കൂളിൽ, ഗീതു അവസാനം നൃത്തം വച്ച രംഗമണ്ഡപത്തിനു മുന്നിൽ......

"അരവിന്ദനല്ലേ........?"

അരവിന്ദൻ ഒച്ചകേട്ട ഭാഗത്തേക്ക് നോക്കി.....

അസ്ഥിപഞ്ചരം പോലുള്ള ഈ സ്ത്രീയെ എവിടെയാണ് കണ്ടുമറന്നത്....

"എന്നെ മനസ്സിലായില്ലേ.....?"

അവരവിന്ദൻ മിഴിച്ചു നോക്കി

"ഞാൻ നിന്റെ ടീച്ചറാടാ..... സുമംഗല...... ഇപ്പൊ ഇവിടെ എച്ച്.എം...."

അരവിന്ദൻ കൽപ്രതിമപോലെ നിന്നു...

ടീച്ചറുടെ കണ്ണുകൾ നിറഞ്ഞു വന്നു....... ●

**വിദൂഷകൻ**

# ഉളള വെളിയേ.....

കെ.ബി.പ്രഫുല്ലകുമാർ ഒരു മുൻ പ്രാന്തവിഷവ്യാപക് ആണ്. നേരിട്ടുള്ള വിഷവ്യാപനം നിർത്തി ഇപ്പോൾ അദ്ദേഹം ഫെയ്സ്ബുക്കിൽ വിഷം വിതറുന്നതിൽ പരിശീലനവും പ്രാവീണ്യവും ആർജ്ജിച്ചു വരുന്നു. സ്വന്തം പ്രൊഫൈലിലൂടെ മാത്രമല്ല വിഷവ്യാപനം. വേറെ ആരെങ്കിലും വല്ലതും പോസ്റ്റ് ചെയ്താൽ അതിനുതാഴെയും എന്തെങ്കിലും വിഷം കൊണ്ടിടും. കഴിയുന്നത്ര വിഷം കണ്ടിടങ്ങളിലെല്ലാം കൊണ്ട് വിതറിയിടുക എടുക്കുന്നവർ എടുത്തോട്ടെ, കഴിക്കുന്നവർ കഴിച്ചോട്ടെ. അതാണ് പുള്ളിയുടെ രീതി.

സ്വന്തം പ്രൊഫൈലിലോ മറ്റാരുടെയെങ്കിലും ടൈംലൈനിലോ ഇങ്ങനെ കൊണ്ടിടുന്ന വഷളത്തരം ആരെങ്കിലും ഏറ്റുപിടിച്ച് പൊങ്കാലയിട്ടാൽ ഉടനെ മറ്റൊരു മണ്ടത്തരം എഴുന്നള്ളിക്കും. ആദ്യം പറഞ്ഞ കാര്യം സമർത്ഥിക്കൂ സഹോദരാ എന്നാരെങ്കിലും വെല്ലുവിളിയുമായി വന്നാൽ പുതിയൊരു മണ്ടത്തരം എഴുന്നള്ളിക്കുകയോ ഓടി രക്ഷപ്പെടുകയോ ചെയ്യും. പ്രഫുല്ലകുമാറിന്റെ മാത്രമല്ല, പൊതുവിൽ അദ്ദേഹത്തിന്റെ ഗുരുക്കൻമാരും ശിഷ്യൻമാരും ഒക്കെ ഈ സ്വഭാവക്കാരാണ്.

അതിഭയങ്കരരായ രാജ്യസ്നേഹികളാണ് പ്രഫുല്ലകുമാറിന്റെ കൂട്ടർ. തലചായ്ക്കാൻ ഇടമില്ലാതെ തെരുവിലുറങ്ങുന്നവരെ കുറുവടിയുമായി ചെന്ന് തലയ്ക്കടിച്ച് ഉണർത്തി "രാഷ്ട്ര മാതാ കീജയ്" എന്ന് വിളിപ്പിക്കലാണ് ഇവരുടെ പ്രധാന ഹോബി. എന്തെങ്കിലും കാരണവശാൽ വിളിക്കാൻ സാധിക്കാതെ നിൽക്കുന്നവരെ അപ്പോൾ തന്നെ രാജ്യദ്രോഹികളായി പ്രഖ്യാപിച്ച് തല്ലിക്കൊന്ന് കളയും.

രാജ്യസ്നേഹത്തിന്റെ മൊത്തക്കച്ചവടക്കാരായ ഇവർ നേരിടുന്ന കൊടുംചോദ്യം സ്വാതന്ത്ര്യ സമര കാലത്ത് എന്തായിരുന്നു നിങ്ങൾക്ക് പരിപാടി എന്നതാണ്. നിങ്ങളുടെ ഏതെങ്കിലും നേതാവ് സ്വാതന്ത്ര്യ സമരത്തിൽ ഇടപെട്ട് വല്ലതും ചെയ്തിട്ടുണ്ടോ എന്നാരെങ്കിലും ചോദിച്ചാൽ പെട്ടു! സത്യത്തിൽ പഴയ കാര്യങ്ങളൊന്നും ചികഞ്ഞ് വെളിയിലിടേണ്ട കാര്യമില്ല. പക്ഷേ തങ്ങൾ മാത്രം രാജ്യസ്നേഹികളും ബാക്കിയെല്ലാവരും രാജ്യദ്രോഹികളും എന്ന് തള്ളുമ്പോൾ മറ്റുള്ളവർ ഗതികെട്ട് ചോദിച്ച് പോകുന്നതാണ്.

ഇതിനുമറുപടിയായി ഒരു ശരാശരി പ്രഫുല്ലകുമാരൻ ആദ്യം 'സ്വാതന്ത്ര്യസമരത്തിൽ നിങ്ങൾക്ക് എന്തായിരുന്നു പങ്ക്' എന്ന് മറുചോദ്യം ചോദിക്കും. അറിയപ്പെട്ടവരും അറിയപ്പെടാത്തവരുമായ രക്തസാക്ഷികൾ, ധീരദേശാഭിമാനികൾ, സമാനതകളില്ലാത്ത ഒരു സമര ചരിത്രം-അതിനെയൊക്കെ ചോദ്യം ചെയ്യുന്ന പുത്തൻ രാജ്യസ്നേഹികളുടെ ഈ സംശയത്തിന് മറുപടികൊടുക്കുന്നതു തന്നെ ചരിത്രത്തെ അവഹേളിക്കലാകയാൽ 'ഞങ്ങളുടെ പങ്കൊക്കെ ചരിത്ര പുസ്തകങ്ങളിലുണ്ട്. ഒന്നെടുത്ത് വായിക്ക്' എന്നാണ് മിക്കവരും മറുപടിയിടുക. അന്നേരമാണ് വിഷവ്യാപകൻമാരുടെ കിണ്ണം കാച്ചിയ ഡയലോഗ് വരുന്നത്. "പുസ്തകം ഒക്കെ നിങ്ങൾ എഴുതിച്ചതല്ലേ ? അതിലുള്ളതൊന്നും യഥാർത്ഥ ചരിത്രമല്ല".

വിഷവ്യാപകൻമാരുടെ ഇത്തരം മറുപടികളിൽ ശിഖരങ്ങളിൽ അഭ്യസിപ്പിച്ചു വിടുന്നതാണ്. ഉത്തരം ഇല്ലെങ്കിൽ കൊഞ്ഞനം കുത്തുക, വീണ്ടും ഉത്തരമില്ലെങ്കിൽ വീണ്ടും കൊഞ്ഞനം കുത്തുക ഒരു നിവൃത്തിയുമില്ലെങ്കിൽ കണ്ടം വഴി ഓടുക. ഇതാണ് ഒരു സംവാദത്തിൽ സ്വീകരിക്കേണ്ട പൂഴിക്കടകൻ എന്ന് ശിഖരങ്ങളിൽ പഠിപ്പിച്ചു പോരുന്നതാണ്.

കെ.ബി.പ്രഫുല്ലകുമാർ തന്റെ സംഘക്കാരെപോലെ തന്നെ ഈ സ്വഭാവം അലങ്കാരമായി കൊണ്ടു നടക്കുന്നയാളാണ്. മുണ്ടെടുത്തുടുക്കുവാൻ ടൈമില്ലാതെ ഇങ്ങനെ കണ്ടങ്ങൾ തോറും ഓടേണ്ടിവരും എന്നുള്ളതുകൊണ്ടാണ് രാജ്യം ഭരിക്കുന്ന പ്രയാണമന്ത്രിജി പോലും പത്രക്കാരെ കാണാത്തതും, റേഡിയോ വാടകയ്ക്കെടുത്ത് ഇരുട്ടുമുറിയിലിരുന്ന് ഒറ്റയ്ക്ക് പ്രസംഗിക്കുന്നതും എന്നും പ്രഫുല്ലകുമാറിനറിയാം.

കഴിഞ്ഞദിവസം സ്കൂൾ വിട്ട് വീട്ടിലെത്തിയ ഉടനെ



പ്രഫുല്ലകുമാറിന്റെ അഞ്ചാം ക്ലാസ്സുകാരനായ മകൻ അയാളോട് ചോദിച്ചു. “അച്ഛാ, സ്വാതന്ത്ര്യസമരത്തിൽ അച്ഛന്റെ പാർട്ടിക്കാരുടെ പങ്കെന്താ?”

പ്രഫുല്ലകുമാർ വായിച്ചുകൊണ്ടിരുന്ന ഗണഗീത സ്വാരസ്യം രണ്ടാം വാല്യം പിടിവിട്ട് താഴെ വീണു. കുഞ്ഞു നോക്കിനിൽക്കേ തുറന്നു കിടന്ന അടുക്കള വാതിൽ വഴി ആ ദേശസ്നേഹി പുറത്തേക്ക് ചാടി കണ്ടം വഴി ഓടി.

*******************************

കേരളത്തിൽ നാലിനം ഗോപുത്രൻമാർ ആണ് ഉള്ളത്. കാക്കിനിക്കർ വെളിയിൽ ധരിക്കുന്നവർ, അത് ഉള്ളിലിട്ട് പുറമേ ഖദർ ധരിക്കുന്നവർ, കാക്കിയാണ് ഉള്ളിലിട്ടിരിക്കുന്നതെങ്കിലും പുറമേ കളർ ഇടുന്ന നിഷ്പക്ഷ നാട്യക്കാർ, കാക്കി നിക്കർ രണ്ടെണ്ണം വീതം ഉള്ളിലിട്ടിട്ട് പുറമേ ചുവപ്പുടുത്തവർ. കാക്കി നിക്കർ പുറമേ തന്നെ ഇട്ടിരിക്കുന്നവരുടെ എണ്ണം തുലോം കുറവാണ്. പക്ഷേ ഈ തുച്ഛൻമാർ പിന്തുടരുന്ന പ്രതിമാനവികതയ്ക്കും വിദ്വേഷരാഷ്ട്രീയത്തിനും ആധാരമായ തിണ്ണമിടുക്ക് മറ്റു മൂന്ന് വിഭാഗക്കാർ ഒളിഞ്ഞും തെളിഞ്ഞും ഒപ്പമുണ്ടെന്ന വിശ്വാസവും ചെയ്ത് കൊടുക്കുന്ന സേവനവും മൂലം പകർന്നു കിട്ടിയതാണ്.

ആദ്യ വിഭാഗക്കാർ, അതായത് പുറമേ തന്നെ കാക്കി അണിഞ്ഞവർ ചെയ്യുന്ന ദ്രോഹം ഒട്ടൊക്കെ നേർക്കുനേരെയുള്ളതാണ്. മുൻകൂട്ടിക്കാണാനും തിരിച്ചറിയാനും സാധിക്കും. മുമ്മൂന്ന് മാസം കൂടുമ്പോൾ ആരെയെങ്കിലും വടിവാളിന് വെട്ടിക്കൊല്ലുക, എന്നെങ്കിലും പകരം വെട്ടു കിട്ടിയാൽ രാഷ്ട്രപതി ഭരണം ആവശ്യപ്പെടുക-ഇത്രയുമാണ് ദേശീയ നേതൃത്വം അവരെ ഏൽപ്പിച്ചിരിക്കുന്ന പ്രധാന ജോലി.

കാക്കിഉള്ളിലിട്ട് പുറമെ ഖദർ ഇട്ടവർ ചെയ്യുന്ന ദ്രോഹം തിരിച്ചറിയുമ്പോഴേക്കും വൈകിയിരിക്കും. ഖദർ ഉപേക്ഷിച്ച് അത്രയും നാൾ ഉപ്പും ചോറും കൊടുത്ത പ്രസ്ഥാനത്തെയും വിശ്വാസമർപ്പിച്ച അണികളെയും, പലവട്ടം തെരഞ്ഞെടുത്ത് വിട്ട ജനങ്ങളെയും നോക്കി പല്ലിളിച്ച് കാട്ടിയിട്ട് നേരെ കാവിപാളയത്തിലേക്ക് എടുത്തചാടാൻ നിൽക്കുന്നവരാണ് നിലവിലെ ഖദർ പാർട്ടി നോതാക്കളിൽ പലരും.

ഏറ്റവും ഒടുവിലായി പ്രളയകാലത്തെ ഒരു സംഭവം നോക്കാം. ഹെലികോപ്റ്ററിൽ സവാരി ചെയ്ത് പ്രളയമേഖലകൾ നോക്കിക്കണ്ട് അന്നന്ന് ഫെയ്സ്ബുക്കിൽ ഡാമുകൾ തുറക്കുന്നത് സംബന്ധിച്ച മുന്നറിയിപ്പുകൾ നൽകിയിരുന്ന ഖദർ ധാരി, മഴയൊന്നടങ്ങിയപ്പോൾ പറയുന്നു മുന്നറിയിപ്പില്ലാതെ ഡാം തുറന്നതുകൊണ്ടാണ് വെള്ളം ഉയർന്നതെന്ന്. കാവിക്കൂടാരത്തിലുണ്ടാക്കിയ തിരക്കഥയിലെ പഞ്ച് ഡയലോഗ് ആണ് പുള്ളി പത്രസമ്മേളനം വിളിച്ചുകൂട്ടി വിളിച്ചു കൂവിയത്. ഈ ക്രൂരകൃത്യത്തിന് കാക്കി ഉള്ളിലിട്ട ഈ ഖദർധാരിയെത്തന്നെ നിയോഗിച്ചതെന്തെന്നാൽ അദ്ദേഹം ഇപ്പോൾ ഇരിക്കുന്ന കസേരയുടെ മഹത്വം കൊണ്ട് അദ്ദേഹത്തിന് കിട്ടുന്ന കവറേജ് ദിവസം ചാനൽ ചർച്ചയിൽ വന്നിരുന്ന് മണ്ടത്തരം എഴുന്നള്ളിച്ച് പൊങ്കാല വാങ്ങി ഇറങ്ങിപ്പോകുന്ന ദുരന്തകാവികൾക്ക് കിട്ടുകയില്ല.

പ്രളയത്തിലാഴ്ന്നുപോയ കേരളത്തിന് എല്ലില്ലാത്ത നാവു കൊണ്ട് ഇദ്ദേഹം കൊടുത്ത പ്രഹരത്തിന്റെ ഇംപാക്ട് തീരെച്ചെറുതല്ല. ലോകമാകെ ഈ ദുരിതം കണ്ട് കണ്ണുനിറയുകയും കയ്യയച്ച് സഹായിക്കണമെന്ന് ആലോചിക്കുകയും ചെയ്ത ആർദ്രഹൃദയരുണ്ട്. അവരുടെ ചെവിയിലേക്കാണ് ദുരിതത്തിൽപ്പെട്ട ജനതയ്ക്കൊപ്പം നിൽക്കാനും അവരെ കരകയറ്റാനും കൂട്ടു ചുമതലയുള്ള ഒരു സ്ഥാനത്തിരിക്കുന്ന ഇദ്ദേഹത്തിന്റെ പ്രസ്താവന ചെന്നുവീഴുന്നത്. കേവലം ഒരു രാഷ്ട്രീയക്കാരൻ വല്ലതും വിളിച്ചുപറയുമ്പോൾ അത് രാഷ്ട്രീയ വൈരം കൊണ്ടാണെന്ന തിരിച്ചറിവ് ഏവർക്കും ഉണ്ടാകും. പക്ഷേ ഉത്തരവാദപ്പെട്ട ഭരണഘടനാ സ്ഥാനത്തിരിക്കുന്ന ഇദ്ദേഹം പറയുമ്പോൾ അത് ആധികാരികമായേക്കുമെന്ന് ഇദ്ദേഹം ഉള്ളിലി


ട്ടിരിക്കുന്ന കാക്കിയെപ്പറ്റി മുന്നറിവില്ലാത്ത പാവങ്ങൾ കരുതിപ്പോകും. നീണ്ടുവരേണ്ടിയിരുന്നതായ എത്രയോ സഹായഹസ്തങ്ങളെ അത് മരവിപ്പിച്ചിട്ടുണ്ടാകും. ദുരന്തംകൈകാര്യം ചെയ്യുന്നതിൽ സർവ്വാത്മനാ വ്യാപൃതമായിരുന്ന സർക്കാരിന്റെ ഊർജ്ജത്തിലൊരംശം ഇദ്ദേഹത്തിന്റെ കഴുതപ്പേച്ച് പ്രതിരോധിക്കാൻ കൂടി വിനിയോഗിക്കേണ്ടി വന്നതും മറ്റൊരു നഷ്ടം.

ഇനിമൂന്നാമത്തെ വിഭാഗം, കാവി ഉള്ളിൽ ധരിച്ച നിഷ്പക്ഷർ. യഥാർത്ഥത്തിൽ ഇവർ കറകളഞ്ഞ ഗോപുത്രൻമാരാണ്. പക്ഷേ അത് വെളിപ്പെടുത്താൻ ഭയമാണ്. കാരണം ഗോഭക്തർ മിനിട്ടിന് മിനിട്ടിന് വിളിച്ചു കൂവുന്ന മണ്ടത്തരങ്ങളുടെ പേരിൽ പരിഹാസ്യരാവുകയും , പ്രസ്തുത മണ്ടത്തരങ്ങൾ ഇവരുടെ കൂടി അഭിപ്രായമാണെന്ന് കരുതി ജനം കളിയാക്കുകയും ചെയ്യും. നാട് കേരളമാണല്ലോ. രാജ്യമാകെ നടമാടുന്ന വംശഹത്യകൾ ജനദ്രോഹങ്ങൾ ഫെഡറൽ സംവിധാനം നേരിടുന്ന ഭീഷണികൾ എന്നിവയിലൊന്നും ഇവർക്ക് അഭിപ്രായമില്ല. ഇടതുപക്ഷം ഭരിക്കുന്ന എവിടെയെങ്കിലും പഞ്ചായത്ത് വിളക്ക് കത്തിയില്ലെങ്കിൽ ഉടനടി അട്ടഹസിച്ച് ചാടിവീഴും. ചാട്ടത്തിനിടയിൽ അറിയാതെ കാക്കി കൗപീനം വെളിപ്പെടുമ്പോൾ നാട്ടുകാർ കൈയ്യോടെ പിടികൂടും. അന്നേരം ഒരു ഡയലോഗ് ഉണ്ട്. "വിമർശിക്കുന്നവരെയെല്ലാം ഗോഭക്തരാക്കുന്ന നിങ്ങളുടെ പരിപാടി എന്നോട് വേണ്ട. ഞാൻ നിഷ്പക്ഷനാണ്. തെറ്റ് എവിടെ കണ്ടാലും ബിമർഷിക്കും".

കേൾക്കുന്നവർക്ക് തോന്നും ഇവനാണ് ആൺകുട്ടി......ഇവനാണ് തങ്കപ്പൻ !

ലേശം ഒരു കൗതുകം തോന്നി പുള്ളിക്കാരന്റെ വിമർശന ഹിസ്റ്ററി ഒന്നു പരിശോധിക്കണം. കഴിഞ്ഞ നാലര വർഷമായി കേന്ദ്രം ഈ നാടിന് ശവപ്പെട്ടി പണിഞ്ഞുകൊണ്ടിരിക്കുന്നത് പുള്ളി ഇതേവരെ അറിഞ്ഞിട്ടില്ല. പ്രളയത്തിലാണ്ടുപോയ നാടിന് വച്ചുനീട്ടിയ റേഷനരിക്കും മണ്ണെണ്ണക്കും കൊള്ള വില ഈടാക്കിയതും അറിഞ്ഞിട്ടില്ല. ഫ്രിഡ്ജിൽ ബീഫ് ഉണ്ടെന്നാരോപിച്ച് ഗൃഹനാഥനെ വലിച്ചിറക്കിമുറ്റത്തിട്ടു തച്ചുകൊന്നത് കണ്ടിട്ടില്ല. ആകെ കണ്ടത് ഇരുപത്തെണ്ണായിരത്തിന്റെ ഒരു കണ്ണടയാണ്. നിഷ്പക്ഷന്റെ തനി നിറം തിരിച്ചറിയാൻ കൂടുതൽ പരതേണ്ടതില്ല.

നാലാമത്തെ വിഭാഗം കൊടും വിഷമാണ്. കാക്കി രഹസ്യമായി ഉള്ളിലിട്ട് പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കൊപ്പം നടക്കുന്നവർ. ഉള്ളിൽ ജാതി ബോധവും സവർണ്ണ മനോഭാവവും ഗോഭക്തിയും ഒക്കെയുണ്ട്. പക്ഷെ പുരോഗമന പക്ഷം ചേർന്ന് നിന്ന് സ്വന്തം കാര്യം സാധിച്ച് ഭദ്രമായി മുന്നോട്ട് പോകുന്നു. കാവിപ്പാർട്ടിയുടെ പ്രത്യയശാസ്ത്രത്തെ പുരോഗമന പ്രസ്ഥാനങ്ങൾ നഖശിഖാന്തം എതിർക്കുന്നത് കാണുമ്പോൾ ഇവർക്ക് വല്ലാതെ മുറിവേൽക്കും. ഇത്തരക്കാരിൽ ആണ് കാവിപ്പാളയക്കാരുടെ കണ്ണ്. പുതിയ ഒരുത്തന് രാഖികെട്ടുന്നതിലല്ല പുരോഗന പക്ഷത്ത് ചാരിനിന്ന ഒരുത്തന് രാഖി കെട്ടിക്കുന്നതിലാണ് അവർക്ക് കൗതുകം. പൂർവ്വാശ്രമത്തിലെത്തിക്കുക എന്നതാണ് ഈ പരിപാടിയുടെ വിളിപ്പേര്. കാവിപ്പാളയത്തിൽ ചെന്നുകയറിയാലുടൻ ഇത്തരക്കാർ ഗോമൂത്രത്തിന്റെ ഔഷധഗുണം, ലഡാക്കിൽ കണ്ട തലയിൽ ശൂലം ഉള്ള മൂർഖൻ, ആകാശത്ത് പ്രത്യക്ഷപ്പെട്ട ജംബുലിംഗം തുടങ്ങിയ പടങ്ങൾ




ഫേയ്സ്ബുക്കിൽ ഷെയർ ചെയ്ത് ഇത്രയും കാലം ശാസ്ത്രത്തിലും യുക്തിയിലും വിശ്വസിച്ചതായി അഭിനയിച്ചതിന് പ്രായശ്ചിത്തം ചെയ്യും. അതുകാണുമ്പോൾ യഥാർത്ഥ മാനവികതാ വാദികളും പുരോഗമന ചിന്താഗതിക്കാരും ഉള്ളിൽചിരിച്ച് നിശബ്ദരാകും. കാരണം ഇവരെയൊക്കെപ്പറ്റി എന്തു പറയാനാണ് ! എന്തെങ്കിലും പറഞ്ഞിട്ട് എന്ത് കാര്യമാണ് !! ●



പുനലൂർ വിജയൻ

# സംയോജിത കൃഷിയും കാർഷിക വളർച്ചയും

എൽ.ഡി.എഫ് ഗവൺമെന്റ് വിഭാവനം ചെയ്യുന്ന സംയോജിത കൃഷി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് കാർഷിക വിളകൾക്കൊപ്പം മൃഗപരിപാലനവും അനുബന്ധ പ്രവർത്തനങ്ങളുമൊക്കെ ഉൾപ്പെടുത്തി കർഷകർക്ക് പരാമവധി ആദായം ലഭ്യമാക്കുന്ന കൃഷി സമ്പ്രദായം എന്നാണ്. ഇതുമൂലം ഓരോ ചെറിയ തുണ്ടു ഭൂമിയെയും പരമാവധി ഉപയോഗപ്പെടുത്തുവാനും പ്രധാന വിളകൾക്കൊപ്പം ഇടവിളകൾ കാർഷിക വനവൽക്കരണം, കാലി വളർത്തൽ, മൃഗപരിപാലനം, തേനീച്ച വളർത്തൽ തുടങ്ങിവയയൊക്കെ ഉൾപ്പെടുത്തി കർഷകർക്ക് പരാമാവധി ലാഭം ഉറപ്പാക്കുകയെന്നതാണ്. സംയോജിത കൃഷി രീതി മൂലമുള്ള മറ്റൊരു നേട്ടം ഇത് ജൈവ പുനർചംക്രമണത്തിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു എന്നതാണ്. രാസവളങ്ങളുടെ ഉപഭോഗം പരാമവധി കുറയ്ക്കുവാനും കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാനും അതുവഴി ലാഭമുണ്ടാക്കുവാനും കഴിയും. വിവിധ തരം ഭക്ഷ്യവസ്തുക്കൾ ലഭ്യമാകുമെന്നതിലുപരി ഒരു കൃഷി മാത്രം ചെയ്താലുണ്ടാകുന്ന നഷ്ടം ഒഴിവാക്കാനും കഴിയുന്നു എന്നതാണ്.

തൊഴിലാളി വർഗ്ഗ പ്രസ്ഥാനങ്ങളെയും തൊഴിലാളി വർഗ്ഗ പ്രത്യയശാസ്ത്രത്തെയും ലോക സമൂഹം രക്ഷയ്ക്കായി കാണുന്ന കാലമാണ് ഇന്ന്. ഈ കാഴ്ച്ചപ്പാട് കണ്ടുകൊണ്ടാണ് നവ കേരള മുദ്രാവാക്യവുമായി സി.പി.ഐ. (എം) ജനമധ്യത്തിലേക്ക് ഇറങ്ങിയിരിക്കുന്നത്. ഈ ഘട്ടത്തിൽ ജനകീയ ജൈവപച്ചക്കറി എന്ന ആശയം കേവലം പച്ചക്കറി രംഗത്തുമാത്രമല്ല മൃഗസംരക്ഷണം, മത്സ്യക്കൃഷി തുടങ്ങിയ രംഗങ്ങളിലും ഇതിനുവലിയ പുരോഗതിയും മാറ്റവും ഉണ്ടാക്കാൻ കഴിയും എന്നതിൽ സംശയമില്ല. ജൈവകൃഷിയുടെ വ്യാപനം കാര്യക്ഷമമാക്കുയും ഒപ്പം വിഷം കലരാത്ത മത്സ്യവും കൃത്രിമമില്ലാത്ത ഇറച്ചിയും മുട്ടയുമൊക്കെ ഉത്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ഉപയോഗിക്കുകയും ചെയ്യുക എന്നത് മാലിന്യവും വിഷവും കൃത്രിമത്വവും കലർന്ന ഭക്ഷണവും കഴിച്ച് നിത്യരോഗികളായി ഹതാശരായിരിക്കുന്ന മലയാളികളെ സംബന്ധിച്ചിടത്തോളം ഏറെ പ്രത്യാശ നൽകുന്നതാണ്.

2014 ഒക്ടോബര നവംബർ മാസങ്ങളിൽ സി.പി.എം. നടത്തിയ സംസ്ഥാന തല ശിൽപശാലകളാണ് സുരക്ഷിത പച്ചക്കറിക്കും പച്ചക്കറിയുടെ ലഭ്യതയ്ക്കും അടിസ്ഥാന ശിലപാകിയത്. 2015 വിഷുവിനെത്തുടർന്ന് 289 ജൈവ വിപണികൾ പാർട്ടി മുൻകൈകെയടുത്ത് തുറക്കാനായി. പ്രാദേശിക ഘടകങ്ങൾ നല്ല വണ്ണം സഹകരിച്ചതോടെ 2015 ഓണക്കാലത്ത് 1025 വിപണികൾ തുറക്കാൻ കഴിഞ്ഞു. 2783 ഏക്കറിൽ കൃഷി തുടങ്ങി. 1500 ടൺ പച്ചക്കറി ഉത്പാദിപ്പിക്കാനും കഴിഞ്ഞു. വിഷുവിന് വിഷരഹിത പച്ചക്കറി എന്ന സന്ദേശം പ്രചരിപ്പിക്കാൻ 2015 നവംബർ 26, 27 തീയതികളിൽ ഇ.എം.എസ്. അക്കാഡമിയിൽ ശിൽപ്പശാല സംഘടിപ്പിച്ചിരുന്നു. അന്നത്തെ യു.ഡി.എഫ് ഗവൺമെന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

ഇത്തരം പദ്ധതികളിമായി മുന്നോട്ടുപോകുതിനെ എതിർത്തെങ്കിലും ഡോ. തോമസ് ഐസക്കിന്റെ ഇട പെടലിന്റെ അടിസ്ഥാനത്തിൽ ഗവണമെന്റ് വഴങ്ങു കയും പ്രോജക്ട് ഭേദഗതിക്ക് സർക്കാർ അനുമതി നൽകുകയും ചെയ്തു. 2017 ജൂലൈ മാസം 18–ന് എറണാകുളം ജില്ലയില പള്ളിക്കാൽ സർവ്വീസ സഹ കരണ ബാങ്കിൽ നടന്ന സംയോജിത കൃഷിയെക്കുറി ച്ചുള്ള സംസ്ഥാന തല ശിൽപ്പശാല ഏറെ ആവേശ കരമായിരുന്നു. കർഷകരുടെയും പൊതുജനങ്ങളു ടെയും വമ്പിച്ച സഹകരണമാണ് അതിലുണ്ടായത് എന്ന് ഏറെ പ്രതീക്ഷ നൽകുന്നു.

2016 മെയ് മാസത്തിൽ എൽ.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്നതോടെ സഹകരണ പ്രസ്ഥാന ങ്ങൾ, കുടുംബശ്രീ തൊഴിലുറപ്പ് തൊഴിലാളികൾ, കാർഷിക ക്ഷേമ വകുപ്പ് തുടങ്ങിയവയെ സംയോജി പ്പിച്ചുകൊണ്ടുള്ള നടപടികൾക്ക് പിന്തുണയേറി. അങ്ങനെ 2016 ഓണക്കാലത്ത് 1008 ജൈവപച്ചക്കറി സ്റ്റാളുകളും 2017–ലെ വിഷുക്കാലത്ത് 916 സ്റ്റാളുകളും സി.പി.ഐ. (എം) നേതൃത്വത്തിൽ തുടങ്ങുയുണ്ടായി. ഇന്ന് കൃഷിക്കാരുടെ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് 101 സ്ഥിരം വിപണികളും, വേണ്ട സാങ്കേതിക സഹാ യവും കൃഷിക്കാവശ്യമായ ഉൽപ്പാദനോപാധികൾ നൽകുന്നതിന് 47 ആഗോള ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു.

2017 വിഷുക്കാലത്ത്, വിഷരഹിത പച്ചക്കറി വീട്ടിൽ നിന്നുള്ള പാഴ്ജലവു മാലിന്യങ്ങളുമുപയോഗിച്ച് വീട്ടു വളപ്പിൽ പച്ചക്കറിത്തോട്ടം എന്ന ആശയം നടപ്പിലാ ക്കാൻ സി.പി.ഐ. (എം) നു കഴിഞ്ഞു. പാർട്ടി നേതൃ ത്വത്തിൽ വ്യാപകമായ പ്രചാരണ പരിപാടികളും ഇതി നായി സംഘടിപ്പിച്ചിരുന്നു.

ധനകാര്യവകുപ്പു മന്ത്രി സ. ടി.എം തോമസ് ഐസക് ഇക്കാര്യത്തിൽ നടപ്പിയ ഇടപെടലുകൾ ശരിക്കും ഫലംകണ്ടു. വിഷരഹിത പച്ചക്കറിയോട് ജനങ്ങൾക്കുണ്ടായ അവബോധവും താൽപ്പര്യവും സുരക്ഷിത പച്ചക്കറി എന്ന ജനങ്ങളുടെ അഭിലാ ഷവും ഇതിനുസഹായമായി. ●

**കവിത**


**കെ.കൊമ്മാട്ട്**




# നീ......

വർഗ്ഗവൈരിതൻ
പത്മവ്യൂഹത്തിലേക്കൊരു-
തേരു തെളിച്ചു
വന്നവൻ..... നീ......
വളരുമാവിഷവൃക്ഷ
വൃന്ദത്തിൻ വേരറുത്തീടുവാ-
നൊരിടിവാളു പോൽ
വന്നവൻ...... നീ.......
പുത്തനാമിനിയുമൊരായിരം
ചക്രവാളങ്ങളശ്വവേഗത്തിൽ
കീഴടക്കുവാൻ
വന്നവൻ..... നീ....
നന്മതൻ ചിരാതുകൾ
വാമനക്കൂട്ടങ്ങളൂതിക്കെടു-
ത്തുമ്പോൾ
കാവലാളാകുവാൻ
വന്നവൻ.... നീ..... ●

രവികിരൺ



# അഭിമന്യു

വിശപ്പിന്റെ വിളിയിലും പതറാതെ നിന്നവൻ...
പട്ടിണി പരിവട്ടം പഠനത്താൽ ജയിച്ചവൻ
ഒട്ടിയ വയറിലും ചെങ്കൊടി പിടിച്ചവൻ
സതീർത്ഥ്യരെയെല്ലാം സഖാക്കളായി തീർത്തവൻ
അവൻ അഭിമന്യു..........
ഇരുട്ടിന്റെ മറയിലും വിളിപ്പുറത്തുണ്ടവൻ
തിരിച്ചൊന്നും നേടാതെ താങ്ങായി നിന്നവൻ
ഒത്തിരിപ്പേർക്കു താങ്ങായി നിന്നവൻ
വർഗ്ഗീയ ശക്തികൾ തനിക്കായ് തീർത്തൊരു
ചക്രവ്യൂഹത്തിലും പതറാതെ നിന്നവൻ
വ്യൂഹം ഭേദിച്ചു ചൊങ്കൊടി പറപ്പിച്ചു
ചങ്കിൽ തുളച്ചൊരു കത്തിയാൽ തീർന്നവൻ
ചെങ്കൊടി പുതച്ചങ്ങു മെല്ലെയുറങ്ങുമ്പോൾ...
ഒരു നോക്കു കണ്ടവരെല്ലാം നൽകിയ
കണ്ണുനീർ കാണാതെ കത്തിയമർന്നൊരു
ധീര സഖാവായവൻ..... ലാൽസലാം കേട്ടവൻ....
അവൻ അഭിമന്യു.....
ധീര സഖാവേ ലാൽ സലാം.....
കോലം തെറ്റിയ കാലം മായ്ക്കാത്ത ലാൽ സലാം. ●

കഥ

ശ്രീജ.പി.

# മഴവിൽ സ്വപ്നം

അകാരണമായിരിക്കാം, അച്ഛൻ കാണണമെന്ന് വാശിപിടിക്കുന്നുവെന്ന് പറഞ്ഞ് അമ്മയുടെ ഫോൺ വന്നതുമുതൽ വീടെത്താനുള്ള തിടുക്കമായിരുന്നു. ഇരുപതുവർഷങ്ങൾ നടന്നു തീർത്ത വഴി. ചിരപരിചിതത്വത്തോടെ എത്തിനോക്കുന്ന ചെടിത്തലപ്പുകൾ, പൂക്കൾ..... നന്നേ പകലുള്ള കാഴ്ചകൾ കുറവായിരുന്നു. മുക്കവലയിൽ ബസിറങ്ങിയാൽ ഇരുട്ടിനെമുറിച്ചുകൊണ്ട് ഒരു ടോർപ്പ് വെളിച്ചം തേടിയെത്തിയിരുന്നു.

ആഭേ സൂക്ഷിച്ചിറങ്ങണേ......

എല്ലാ ദിവസവും അച്ഛൻ കാത്തുനില്ക്കുമായിരുന്നു.

നന്ദൻവരുംവരെ നമുക്കിവിടെ നില്ക്കാം......

നന്ദേട്ടൻ വരുമായിരുന്നെങ്കിൽ അച്ഛനീരാത്രിയിൽ ബുദ്ധിമുട്ടേണ്ടായിരുന്നല്ലോ..... ആകെ മഴ നനഞ്ഞ് ഇരുട്ടുമൂടിയിരിക്കുന്നു.

സാരമില്ല മോളേ..... എന്റെയോരാശ്വാസത്തിന്

അതായിരുന്നു അച്ഛൻ, രണ്ടാളെയും ഒരേ പോലെ സൂക്ഷിക്കണം....

ആഭ വരുന്ന വഴിയാണോ..... ചിന്തയിൽ നന്നുണർത്തിയ ചോദ്യം....

ഓഫീസിൽ നിന്ന് നേരെ ഇങ്ങോട്ടുപോരുന്നു ചന്ദ്രേട്ടാ..... അമ്മ വിളിച്ചിരുന്നു. അച്ഛന് അത്യാവശ്യമായി കാണണമെന്ന് പറഞ്ഞുവത്രെ. നന്ദേട്ടനും മക്കൾക്കും വരാനൊത്തില്ല.... ഉണ്ണിക്ക് പരീക്ഷ......

അച്ഛനെ ഇന്നലെക്കൂടി ഞാൻ കണ്ടിരുന്നു..... ചന്ദ്രേട്ടൻ പഞ്ഞതു കേൾക്കെ അറിയാതെ ആശ്വസിച്ചു.

തുമ്പപ്പൂത്തൊടിയും മഷിത്തണ്ടിൻ തോട്ടവും പാലമരച്ചുവടും കടന്നുപോകുമ്പോൾ അച്ഛൻ പറയാറുണ്ടായിരുന്നതോർത്തു.

ആഭേ ഇങ്ങനെ യാത്രചെയ്ത് കഷ്ടപ്പെടേണ്ട നന്ദനും കുട്ടികളുമായി ഓഫീസിനടുത്ത് താമസിച്ചോളൂ ഇവിടെ അമ്മയും ഞാനും ഉണ്ടല്ലോ.....

താമസിക്കാമായിരുന്നു പക്ഷെ ഉണ്ണീം, പൊടിക്കുട്ടനും ഏറ്റവും സുരക്ഷിതമായിരിക്കുന്നിടത്ത് നിർത്തുവാൻ ആഗ്രഹിച്ചു. അച്ഛനേയും അമ്മയേയും പിരിയുവാൻ നന്ദേട്ടനും എനിക്കും പ്രയാസമായിരുന്നു. തൊടിയിലെപ്പോഴും അച്ഛനൊപ്പമായിരുന്നു ഉണ്ണിയും പൊടിക്കുട്ടനും. അച്ഛനും അമ്മയും ഇല്ലാതെ ഒരു ദിവസംപോലും കഴിയാനൊക്കുമായിരുന്നില്ല. പറയാനാവാത്ത ഒറ്റപ്പെടൽ, ഭീതി ഒക്കെ അനുഭവിക്കും പോലെ. തൊടിയിലെ ചുണ്ടക്ക, ഇടവമഴയ്ക്കുപൊടിയുന്ന കുമിൾ..... നാട്ടുരുചികളെ ഞാനറിഞ്ഞത് അമ്മയിൽ നിന്നായിരുന്നു.

ഉണ്ണിക്ക് ബുദ്ധിക്ക് ബ്രഹ്മി, പൊടിക്കുട്ടന് ജലദോഷത്തിന് തുളസി, പനിക്കൂർക്ക......

ആഭേ നിനക്കുവേണ്ടിയാണച്ഛൻ കറ്റാർ വാഴ നട്ടുപിടിപ്പിച്ചിരിക്കുന്നത്. വല്ലപ്പോഴും അതൊന്ന് തലയിൽ തേച്ചോളൂ...... കളിയായോ, കാര്യമായോ നന്ദേട്ടൻ പറയുമായിരുന്നു.

ദൂരെനിന്നേ കാണാമായിരുന്നു മുറ്റത്ത് അമ്മ കാത്ത് നില്ക്കുന്നത്. വീട്ടുവളപ്പിലെ ചെമ്പകവും പവിഴമല്ലിയുമൊക്കെ വല്ലാതെ വളർന്നു നില്ക്കുന്നുണ്ടായിരുന്നു. അച്ഛന്റെ ശ്രദ്ധ കുറഞ്ഞുവോ എന്നൊരുൽക്കണ്ഠ അപ്പോഴേ തോന്നി.

അച്ഛന് എന്തെന്നില്ലാത്തൊരാധി പോലെ....... എപ്പോഴും നിങ്ങളെ രണ്ടാളേം, കുട്ടികളേം കുറിച്ചുള്ള ചിന്തയും പറച്ചിലുകളും മാത്രം....

ഉണ്ണിക്കുറങ്ങണമെങ്കിൽ എന്റെ ചാരുകസേരയിൽ കിടക്കണം.

എന്റെ ലേഹ്യം കഴിക്കാൻ പൊടിക്കുട്ടന് കൊതി കാണും.. നന്ദനവിടെ വായിക്കാനിടം കാണുമോ....

ആഭ എല്ലാംകൂടി ഒറ്റയ്ക്കുചെയ്ത് പ്രയാസപ്പെടുന്നുണ്ടാവും. നീ കൂടെപ്പോകണം... എന്നുവേണ്ട അച്ഛൻ ഇങ്ങനെയോരോന്ന് പറഞ്ഞുകൊണ്ടിരിക്കും. എന്നെ എങ്ങും സമാധാനമായി ഇരുത്തില്ല. അതാ മേളേ നീ അത്യാവശ്യമായി വരണമെന്ന് പറഞ്ഞത്.

ഇരുപത് വർഷങ്ങൾ ഒപ്പമുണ്ടായിരുന്നു. ഉണ്ണിക്ക് മെഡിസിന് കിട്ടിയപ്പോൾ അച്ഛൻ തന്നെയാണ് നിർബന്ധിച്ചത്. മോളേ കുട്ടികളുടെ പഠനം ശ്രദ്ധിക്കണം. നീയും നന്ദനും അവരുടെയൊപ്പമുണ്ടാവണം.



നന്ദേട്ടൻ വിവാഹം കഴിച്ചുകൊണ്ടുവന്ന നാൾ മുതൽ സ്നേഹത്തിന്റെ തണൽമാത്രമായിരുന്ന വീട്. പണം, സ്ത്രീധനം എന്നിങ്ങനെയുള്ള വാക്കുകൾ ഞങ്ങൾക്കിടയിൽ ഒരിക്കലും കടന്നുവന്നിട്ടേയില്ല. എന്തെല്ലാം തന്നാലും മതിവരാത്ത മനസ്സായിരുന്നു അച്ഛന്. ഒരു മുളകുബജിയിലോ, ചന്ദന നിറമുള്ള കോട്ടൻ സാരിയിലോ അവസാനിക്കുന്ന പിണക്കങ്ങളേ അമ്മയ്ക്കും ഉണ്ടായിരുന്നുള്ളു.

ദീർഘചിന്തകളോടെ ചാരുകസേരയിൽ അച്ഛൻ ഇരിക്കുന്നുണ്ടായിരുന്നു. ആരെയോ പ്രതീക്ഷിച്ചിരിക്കും പോലെ. വായിച്ചുമടക്കിയ രാമായണം അരികിലെ മേശമേലിരിപ്പുണ്ടായിരുന്നു. അച്ഛന്റെയരികിൽ ചെന്നുനിന്നു.... ആ ആഭയെത്തിയോ.... ഇരിക്കൂ മോളേ..... നന്ദനും കുട്ടികളും എപ്പോഴെത്തും, ഉണ്ണിക്ക് പരീക്ഷ തുടങ്ങിയല്ലേ......?

ചോദ്യങ്ങൾക്ക് മറുപടിപറയാൻ തുടങ്ങും മുമ്പേ അച്ഛൻ തുടർന്നു.

നന്ദനും മോളും കുട്ടികളുമില്ലാതെ ഇവിടെ പ്രയാസമായിരിക്കുന്നു ആഭേ...

നന്ദനോട് അവിടൊയൊരുവീട് തരപ്പെടുത്താൻ ആലോചിക്കണമെന്ന് മോള് പറയണം. ഈ വീട് വിറ്റിട്ടാണെങ്കിലും നിങ്ങൾക്കൊപ്പം കഴിയാൻ തീരുമാനിച്ചു.....

ഈ വീട് വിൽക്കുകയോ........?

ഓരോ നിമിഷവും മടങ്ങിയെത്തുമെന്ന് വീടിനോട് പറഞ്ഞുകൊണ്ടിരിക്കുന്നൊരാളുണ്ട്... നന്ദേട്ടന് അതൊന്നും സഹിക്കാനാവില്ലച്ഛാ......

ആദ്യമായി അച്ഛനോട് പറഞ്ഞ അഭിപ്രായമായിരുന്നു അത്.

അച്ഛൻ വിഷമിക്കേണ്ട..... ഈ വീട് വിൽക്കാതെ നമുക്ക് അവിടെയൊരു വീട് വാങ്ങാം..... അച്ഛനുമമ്മയും ഞങ്ങൾക്കൊപ്പം ഉണ്ടായാൽ മാത്രം മതി.

അത്രയും വലിയ തുക......

ഞങ്ങളുടെ പത്തിരുപതു വർഷത്തെ സമ്പാദ്യം ഞങ്ങൾ സൂക്ഷിച്ചിട്ടുണ്ട്. അച്ഛൻ ഞങ്ങളോട് അധികമൊന്നും ആവശ്യപ്പെട്ടിരുന്നില്ലല്ലോ. അതൊക്കെയൊരിക്കൽ അച്ഛനെയേൽപ്പിക്കാൻ ഞങ്ങൾ സൂക്ഷിക്കുന്നുണ്ടായിരുന്നു.

എൺപതിനപ്പുറം കടന്ന അച്ഛന്റെ കണ്ണുകൾ ആശ്വാസം കൊണ്ട് നിറയുന്നത് ഞാൻ കണ്ടു. ഉമ്മറത്തേക്ക് ചാഞ്ഞുനിന്ന പവിഴമല്ലിയിൽ നിന്നും മഴത്തുള്ളികളെ ചിതറിച്ച് ഒരു തണുത്ത കാറ്റ് ആ വഴി കടന്നുപോയി......

ആഭയ്ക്ക് രാവിലെ പോകേണ്ടതല്ലേ.. ഭക്ഷണം കഴിച്ച് നേരത്തെ കിടക്കണം... അമ്മ ഓർമ്മപ്പെടുത്തി.

പുലർച്ചെ ഉമ്മറത്തെന്തോ തട്ടുകയും മുട്ടുകയും ചെയ്യുന്ന ശബ്ദം കേട്ടാണ് ഞാനുണർന്നത്. അമ്മയെയും കൂട്ടി ഉമ്മറത്തെത്തിയപ്പോൾ അച്ഛൻ കസേരയിൽ നിന്നുകൊണ്ട് ഭിത്തിയിൽ തൂക്കിയിട്ടിരുന്നൊരു ഫ്രെയിം ചെയ്ത പഴയ ഫോട്ടോ ഇളക്കിയെടുക്കുകയായിരുന്നു. മുത്തശ്ശനും മുത്തശ്ശിക്കുമൊപ്പം ചെറുപ്പത്തിൽ അച്ഛനും സഹോദരങ്ങളും നിൽക്കുന്നൊരു കുടുംബഫോട്ടോ ആയിരുന്നു അത്.

എന്തിനാണച്ഛാ ഇപ്പോ ഇതെടുക്കുന്നത്....?

ഇത് കൂടെയുണ്ടെങ്കിൽ എവിടെയായിരുന്നാലും ഇവിടെയാണെന്നുതന്നെ തോന്നുമായിരിക്കും മോളേ.... പോകുമ്പോൾ നമുക്ക് ഇതുകൂടിയെടുക്കണം.........

അമ്മയും ഞാനും പരസ്പരം നോക്കി നിന്നു. പക്ഷെ അവ്യക്തമായി മാത്രമേ എനിക്ക് അമ്മയെ കാണാനായുള്ളു. ഒരു പക്ഷെ അമ്മയ്ക്ക് എന്നെയും അങ്ങനെതന്നെയേ കാണാൻ കഴിഞ്ഞിട്ടുണ്ടാവൂ...

●

*(2017-എൻ.എ. ജാഫർ സാഹിത്യമത്സരം-*
*ഒന്നാംസമ്മാനം നേടിയ കഥ)*

കവിത

കെ.വി.സുനുകുമാർ



# നോ

**നോ.**
വെച്ചു നീട്ടിയ കടലാസിൽ
അത്രയുമെഴുതുമ്പോൾ
കൈവിട്ടു പോയ
ഒരു ജീവന്റെ നിലവിളി
നീ കേട്ടിരുന്നുവോ?

മാറിൽ ചേർന്നു കിടന്ന
കുരുന്നു ജീവനൊന്ന്
പിടഞ്ഞതായി
നീ അറിഞ്ഞിരുന്നുവോ?

ഊന്നുവടിയിൽ പിടിവിട്ട
ഒരവശ വൃദ്ധന്റെ
വിറച്ച കൈയ്യുകൾ
ഒടുവിൽ നിന്നെ തൊട്ടു പോയത്
നീ കണ്ടിരുന്നുവോ?

**നോ.**
വെച്ചു നീട്ടിയ കടലാസിൽ
അത്രയുമെഴുതിയപ്പോൾ
നീ
ഊതികെടുത്തിയത്
നിന്റെ കണ്ണിലെ
വിളക്കു തന്നെയാണ്.
നീ
കൊട്ടിയടച്ചത്
നിന്റെഹൃദയത്തിന്റ
വാതിലുകൾ തന്നെയാണ്.
നീ
പിഴുതെടുത്തത്
ജീവിതം നട്ടുപിടിപ്പിച്ച
ഗുണപാഠങ്ങൾ തന്നെയാണ്.

**നോ.**
വെച്ചു നീട്ടിയ കടലാസിൽ
അത്രയുമെഴുതിയ നീ
ഏത് ദൈവത്തിന്റെ
പൂജാമുറിയിലാണ്
രക്ഷ നേടുന്നത്.
ഏത് തീർത്ഥങ്ങളിലാണ്
ശുദ്ധി തേടുന്നത്.

തണലിലിരുന്ന്
വേനലിനെ തോൽപ്പിക്കുമ്പോൾ
നീയറിയണം
മരമാണ് മഹാസത്യമെന്ന്...
മരമടർന്ന്
നിലംപതിക്കുമ്പോൾ
തണലും വിയർക്കുമെന്ന്....
അന്ന്
നീയെഴുതിയ വാക്കുകൾ
നിനക്കു മുന്നിൽ
തിളച്ചു നിൽക്കുമെന്ന്.... ●




**പി.എസ്.സി. എംപ്ലോയീസ് യൂണിയൻ 45-ാം സംസ്ഥാന സമ്മേളനം വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി.രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു**




**ട്രേഡ് യൂണിയൻ സമ്മേളനം- എൻ രതീന്ദ്രൻ**




**പി.എസ്.സി. എംപ്ലോയീസ് യൂണിയൻ 45-ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചുള്ള യാത്രയയപ്പ് സമ്മേളനം തൊഴിൽ വകുപ്പ് മന്ത്രി ടി.പി.രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു**




**പി.എസ്.സി. എംപ്ലോയീസ് യൂണിയൻ 45-ാം സംസ്ഥാന സമ്മേളനം- ട്രേഡ് യൂണിയൻ സമ്മേളനം ദേശാഭിമാനി ചീഫ് എഡിറ്റർ പി രാജീവ് ഉദ്ഘാടനം ചെയ്യുന്നു**

Printed &Published by M Shajahan, General Secretary, Kerala PSC Employees Union
Printed at Bhagath, Pattom. Ph. 4017097, bhagathpattom@yahoo.com